


# മസ്ദൂർ ഭാരതി

MAZDOORBHARATHI MONTHLY
തൊഴിലാളി വാർത്താ മാസിക

ഭാരതീയ മസ്ദൂർ സംഘം കേരളപ്രദേശ് മുഖപത്രം

Volume: 40 | 2023 FEBRUARY | Issue 2

മസ്ദൂർഭാരതി
കല്ലായ് റോഡ്, കോഴിക്കോട് – 673002
ഫോൺ : 0495 2305040
e-mail : mazdoorbharathi@gmail.com

**മുഖപ്രസംഗം** അമൃതകാല ബജറ്റ് 4

**വിനാശകാല ബജറ്റ്** 9
സി.ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ

ഇ. എസ്. ഐ പദ്ധതി ഒരാമുഖം.....12
ടി.വിജയൻ

ഭാരത റിപ്പബ്ലിക്കിന്റെ ഏഴരപ്പതിറ്റാണ്ട്.....15
കെ.വി.രാജേന്ദ്രൻ

ഭാരതീയ സ്ത്രീശക്തിയുടെ വരുംനാളുകൾ.....22
ഡോ.പ്രമീളാദേവി.ജെ

ശാസ്ത്രീയമായ പൊതുഗതാഗത നയം രൂപീകരിക്കണം.....24
ബി.ശിവജി സുദർശൻ

വാർത്തകൾ .....26 – 50

നിരീക്ഷണങ്ങൾ വിശകലനങ്ങൾ — ദുരവസ്ഥയുടെ പുനർവായന ........കല്ലറ അജയൻ 20

## മസ്ദൂർ ഭാരതി

**ഉപദേശക സമിതി**

അഡ്വ.സി.കെ.സജി നാരായണൻ
കെ.ഗംഗാധരൻ
പി.ഗോപാലൻകുട്ടി മാസ്റ്റർ
വി.രാധാകൃഷ്ണൻ
ഡോ.എം.വി.നടേശൻ
ഡോ.കെ.ആർ.രാധാകൃഷ്ണപിള്ള
കല്ലറ അജയൻ
എം.എസ്. ശ്യാംകുമാർ
കെ.വി.രാജേന്ദ്രൻ

മാനേജർ : ഇ.ദിവാകരൻ

**പത്രാധിപസമിതി**

എഡിറ്റർ : കെ.കെ.വിജയകുമാർ
അസി. എഡിറ്റർ : ടി.എം.നാരായണൻ
സബ് എഡിറ്റർ : കെ.പി.അഖിലേഷ്

സി.ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ
ജി.കെ.അജിത്ത്
കെ.മഹേഷ്
എം.പി.രാജീവൻ

അദ്ധ്വാനം ആരാധനയാണ്

മസ്ദൂർ ഭാരതി
MAZDOORBHARATHI MONTHLY
തൊഴിലാളി വാർത്താ മാസിക

പുസ്തകം: 40 | 2023 ഫെബ്രുവരി | ലക്കം 2

# അമൃതകാല ബജറ്റ്

സ്വാതന്ത്ര്യത്തിന്റെ ശതാബ്ദിയാഘോഷിക്കേണ്ട 2047 വരെയുള്ള ലക്ഷ്യം മനസ്സിൽവെച്ചുകൊണ്ടാണ് കേന്ദ്രസർക്കാർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇനിയുള്ള ഇരുപത്തിയഞ്ചുവർഷം രാജ്യത്തിന്റെ അമൃതകാലമാണെന്നാണ് പ്രധാനമന്ത്രി നരേന്ദ്രമോദി വിശേഷിപ്പിച്ചിട്ടുള്ളത്. ജി-20 ന്റെ അധ്യക്ഷസ്ഥാനം ഏറ്റെടുത്തിട്ടുള്ള ഇന്ത്യയിലേക്ക് ലോകത്തിന്റെ കൂടുതൽ ശ്രദ്ധവന്നുകൊണ്ടിരിക്കുന്ന ഒരു കാലംകൂടിയാണിത്. അമൃതകാലത്തിലേക്കുള്ള ചൂണ്ടുപലകയായാണ് കേന്ദ്രധനകാര്യമന്ത്രി നിർമ്മലാ സീതാരാമൻ 2023-24 സാമ്പത്തികവർഷത്തിലെ ബജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. സപ്തഋഷി എന്ന പേരിൽ ഏഴു അടിസ്ഥാന തത്വങ്ങൾ മുന്നിൽ വെച്ചുകൊണ്ടാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. സമഗ്രവികസനം, അന്ത്യോദയ, അടിസ്ഥാന മേഖലയുടെ വളർച്ച, കർമശേഷി, ഹരിത വളർച്ച, യുവശക്തി, ധനകാര്യം എന്നീ മേഖലകൾക്കാണ് ബജറ്റ് മുൻഗണന നല്കുന്നത്.

ഭാരതത്തെ ലോകത്തിന്റെ ഉല്പാദന കേന്ദ്രമാക്കി മാറ്റാനും സാങ്കേതികവളർച്ചയുടെ സാദ്ധ്യതകൾ പൂർണ്ണമായി ഉപയോഗിച്ച് സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്താനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമുള്ള തന്ത്രങ്ങളടങ്ങിയതാണ് കേന്ദ്രബജറ്റ്. അടിസ്ഥാന സൗകര്യവികസനത്തിന് വലിയ പ്രാധാന്യമാണ് ബജറ്റ് നല്കുന്നത്. അതേസമയം നികുതികൾ വർധിപ്പിക്കുന്നതിനുപകരം സങ്കീർണ്ണതകൾ ഒഴിവാക്കി നികുതി സമാഹരണം ലളിതവും കാര്യക്ഷമവുമാക്കാനാണ് ബജറ്റ് ഊന്നൽ നൽകിയിരിക്കുന്നത്. 33 ശതമാനം വർദ്ധന വരുത്തിക്കൊണ്ട് 10 ലക്ഷം കോടിരൂപയാണ് കേന്ദ്രസർക്കാർ അടുത്തവർഷവും മൂലധനനിക്ഷേപം നടത്താനുദ്ദേശിക്കുന്നത്. അതേസമയം ധനക്കമ്മി 6.4 ശതമാനത്തിൽനിന്ന് 5.9 ശതമാനമായി കുറക്കാനും ബജറ്റ് ലക്ഷ്യമിടുന്നുണ്ട്. ഗതാഗത സംവിധാനങ്ങൾ വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനം തുടരുന്നതിന്റെ ഭാഗമായി 50 വിമാനത്താവളങ്ങളാണ് പുതുതായി നിർമ്മിക്കാൻ ലക്ഷ്യമിടുന്നത്. ആഗോള നിക്ഷേപകരെ ആകർഷിക്കുന്നതിന് സർക്കാർ മുൻഗണന നല്കുന്നുണ്ട്. പ്രകൃതിസൗഹൃദ വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. 2070-നകം കാർബൺ പുറംതള്ളൽ നിശ്ശേഷം ഇല്ലാതാക്കുന്നതിന്റെ ഭാഗമായി ഹൈഡ്രജൻ ട്രെയിനുകൾ അടക്കമുള്ള പദ്ധതികൾക്കായി 35,000 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. കാർഷികാവശ്യങ്ങൾക്ക് സൗരോർജ്ജം ഉപയോഗിക്കുന്ന പദ്ധതിക്ക് 1996 കോടിരൂപയാണ് നീക്കിവെച്ചിട്ടുള്ളത്. കാറ്റാടി വൈദ്യുതിക്കുവേണ്ടി 1214 കോടി രൂപയും നീക്കിവെച്ചിട്ടുണ്ട്. രാസവളങ്ങളുടെ ഉപയോഗം കുറക്കുന്നതിനുവേണ്ടി മാലിന്യത്തിൽ നിന്നടക്കം ജൈവവളങ്ങൾ ഉല്പാദിപ്പിക്കുന്നതിനുവേണ്ടി 10,000 കോടിരൂപ നീക്കിവെച്ചിട്ടുണ്ട്.

കൃഷിയുമായി ബന്ധപ്പെട്ട സ്റ്റാർട്ട്-അപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിന് സാമ്പത്തികസഹായം ലഭ്യമാക്കും. ബാങ്കുകൾവഴി അടുത്തവർഷം 20 ലക്ഷം കോടിരൂപ കാർഷികവായ്പ ലക്ഷ്യമാക്കും. മത്സ്യസമ്പദ്‌യോജനക്കുകീഴിൽ മത്സ്യത്തൊഴിലാളികളുടെ ക്ഷേമ ത്തിനുവേണ്ടി 6000 കോടി രൂപയുടെ പദ്ധതി നടപ്പാക്കും. ഐക്യരാഷ്ട്രസഭ ഈ വർഷം ചെറുധാന്യവർഷമായി പ്രഖ്യാപിച്ച സാഹചര്യം കണക്കിലെടുത്ത് ചെറുധാന്യങ്ങളുടെ ഉല്പാദനത്തെ പ്രോത്സാഹിപ്പിക്കും. ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് ഈടില്ലാതെ നല്കിവരുന്ന വായ്പക്കുവേണ്ടി 2 ലക്ഷം കോടിരൂപ അധികമായി ലഭിക്കും. 65 ശതമാനം വർധനയോടെ റെയിൽവെയുടെ സമഗ്രവികസനത്തിനുവേണ്ടി 2.4 ലക്ഷം

കോടി രൂപയാണ് നീക്കിവെച്ചിട്ടുള്ളത്. വന്ദേ ഭാരത് തീവണ്ടികൾ നിർമ്മിക്കുന്നതിന് മൂന്ന് ഫാക്ടറികൾകൂടി സ്ഥാപിക്കും. 1250 റെയിൽവേസ്റ്റേഷനുകൾ നവീകരിക്കും. ചരക്ക് ഇടനാഴികളുടെ നിർമ്മാണവും അടുത്തവർഷം ആരംഭിക്കും.

പ്രധാനമന്ത്രി ആവാസ് യോജനക്ക് 66 ശതമാനം വർധനയോടെ 79,000 കോടി രൂപയാണ് നീക്കിവെച്ചിരിക്കുന്നത്. ഗരീബ് കല്യാൺ അന്ന യോജന വഴി സൗജന്യമായി ഭക്ഷ്യധാന്യങ്ങൾ നല്കുന്നത് ഒരുവർഷംകൂടി തുടരുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പട്ടികവർഗ്ഗമേഖലയിലെ വികസനത്തിന് കാര്യമായ ഊന്നൽ ബജറ്റ് നല്കിയിട്ടുണ്ട്. 748 ഏകലവ്യവിദ്യാലയങ്ങൾ സ്ഥാപിക്കാനും അതിലേയ്ക്കായി 38,800 അധ്യാപകരെ നിയമിക്കാനുമുള്ള പദ്ധതിയും അരിവാൾ രോഗം നിർമ്മാർജ്ജനംചെയ്യാനുള്ള പദ്ധതിയും പ്രത്യേക പ്രശംസ നേടുന്നു.

നിർമിത ബുദ്ധിയുമായി ബന്ധപ്പെട്ട അപ്ലിക്കേഷനുകൾ വികസിപ്പിക്കാനും ഗവേഷണം പ്രോത്സാഹിപ്പിക്കാനുമായി മൂന്ന് മികവിന്റെ കേന്ദ്രങ്ങളൊരുക്കാനുള്ള തീരുമാനം കാലത്തിന്റെ മാറ്റം സർക്കാർ ഉൾക്കൊള്ളുന്നു എന്നു വ്യക്തമാക്കുന്നു. വിവരസാങ്കേതിക മേഖലയ്ക്കും മറ്റുമായി 1180 കോടി രൂപയാണ് നീക്കിവെച്ചിട്ടുള്ളത്. രാജ്യത്ത ഡിജിറ്റലൈസേഷൻ പ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നതിന് ഇതെല്ലാം ഉപകരിക്കും. 47 ലക്ഷം യുവാക്കൾക്ക് മൂന്നുവർഷം സ്റ്റൈപന്റ് സഹിതം ട്രെയിനിംഗ് നൽകുമെന്ന പ്രഖ്യാപനവും പ്രോത്സാഹനജനകമാണ്. 2014-നുശേഷം ആരംഭിച്ച 157 മെഡിക്കൽ കോളേജുകളോട് ചേർന്ന് നഴ്സിംഗ് കോളേജുകൾ ആരംഭിക്കാൻ നിശ്ചയിച്ചിട്ടുണ്ട്.

ആദായനികുതിയിൽ 2020-21-ൽ കൊണ്ടുവന്ന പുതിയ പദ്ധതി കൂടുതൽ പേർ ഓപ്റ്റു ചെയ്തില്ല എന്നതുകൊണ്ട് അതിലേക്ക് ആളുകളെ ആകർഷിക്കാൻവേണ്ടിയുള്ള തീരുമാനങ്ങളാണ് ബജറ്റിലുള്ള മാറ്റം. ആദായനികുതിയിൽ റിബേറ്റ് അനുവദിക്കുന്നതിന്റെ പരിധി 5 ലക്ഷത്തിൽ നിന്ന് 7 ലക്ഷമാക്കി ഉയർത്തിയിട്ടുണ്ട്. ഇത് പുതിയ പദ്ധതി സ്വീകരിക്കുന്നവർക്ക് മാത്രമാണ് ബാധകം. ശമ്പളവിഭാഗക്കാർക്കുള്ള സ്റ്റാൻഡേർഡ് ഡിസക്ഷൻ 50,000 രൂപ പുതിയ സ്കീമിലുള്ളവർക്കും ബാധകമാക്കിയിട്ടുണ്ട്. നിക്ഷേപങ്ങൾക്കും മറ്റുമുള്ള കിഴിവുകൾ അനുവദിക്കുന്ന പഴയ സ്കീം ഓപ്റ്റുചെയ്യുന്നവർക്ക് റിബേറ്റിനുള്ള പരിധി 5 ലക്ഷം രൂപതന്നെയായി തുടരും. പുതിയ നികുതി നിരക്കുകളും പുതിയ സ്കീമിലുള്ളവർക്കേ ബാധകമാകൂ. ഓരോ വർഷവും പഴയ സ്കീം ഓപ്റ്റ് ചെയ്യാത്തപക്ഷം പുതിയ സ്കീം മാത്രമായിരിക്കും ബാധകമാകുക. നികുതി ഒഴിവ് രണ്ടരലക്ഷത്തിൽനിന്ന് മൂന്ന്‌ലക്ഷം മാത്രമാക്കിയാണ് ഉയർത്തിയിട്ടുള്ളത്. ഇതിനുമുകളിൽ വരുമാനമുള്ളവരെല്ലാം നികുതി റിട്ടേൺ സമർപ്പിക്കണം. ജനങ്ങൾക്കും ആദായനികുതിവകുപ്പിനും പണിയുണ്ടാക്കാൻ മാത്രം ഉപകരിക്കുന്ന ഈ നിബന്ധന ഒഴിവാക്കാൻ എന്താണ് തടസ്ഥമെന്നു മനസ്സിലാകുന്നില്ല.

കോംപൗണ്ടഡ് റബ്ബറിന് ഇറക്കുമതിച്ചുങ്കം 10 ശതമാനത്തിൽനിന്ന് 25 ശതമാനമാക്കിയത് കേരളത്തിലെ കർഷകർക്കാണ് വലിയ ആശ്വാസം നല്കുക. കരകൗശല മേഖലയിലെ തൊഴിലാളികൾക്കായി വിശ്വകർമ്മ കൗശൽ സമ്മാൻ എന്ന പേരിൽ പ്രത്യേക പദ്ധതി രൂപീകരിച്ചിട്ടുള്ളത് ഇതേവരെ അവഗണിക്കപ്പെട്ട ഒരു വിഭാഗത്തിന് പ്രോത്സാഹനം നല്കും. വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക മിഷൻ രൂപീകരിക്കുന്നതിനുള്ള തീരുമാനം കേരളത്തിന് കൂടുതൽ ഗുണം ലഭിക്കുന്ന പദ്ധതിയാണ്. അടിസ്ഥാന സൗകര്യവികസനത്തിന് സംസ്ഥാനങ്ങൾക്ക് 50 വർഷത്തേയ്ക്കായി നല്കുന്ന പലിശ രഹിത വായ്പ പദ്ധതി ഒരു വർഷംകൂടി തുടരാനും തീരുമാനിച്ചിട്ടുണ്ട്.

തൊഴിലില്ലായ്മ കുറഞ്ഞിട്ടുണ്ടെന്നാണ് സർക്കാർ കണക്കുകൾ പറയുന്നത്. വിവിധ മേഖലകളിലെ നിക്ഷേപത്തിന്റെ ഫലമായി കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകുമെന്നാണ് ധനമന്ത്രി പ്രതീക്ഷിക്കുന്നത്. അംഗൻവാടി ജീവനക്കാരുടെയും ആശാപ്രവർത്തകരുടെയും വേതനം വർദ്ധിപ്പിക്കണമെന്ന് ബി.എം.എസ്. ആവശ്യപ്പെട്ടിരുന്നതാണ്. എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് പെൻഷൻ 1000 രൂപ മിനിമം ആയി നിശ്ചയിച്ചത് 2014-ൽ ആണ്. ആയത് വർദ്ധിപ്പിക്കണമെന്ന് പാർലിമെന്ററി കമ്മിറ്റിതന്നെ ശുപാർശ ചെയ്തിട്ടുള്ളതാണ്. പ്രസ്തുത വിഷയങ്ങളിൽ അനുകൂല തീരുമാനം ബജറ്റിലുണ്ടാകുമെന്ന് പ്രതീക്ഷിച്ചിരുന്നതാണ്. ബജറ്റിലൂടെയല്ലെങ്കിലും ഈ കാര്യങ്ങളിൽ സർക്കാർ പ്രഖ്യാപനം ഉടൻ ഉണ്ടാകേണ്ടിയിരിക്കുന്നു. ദേശീയതലത്തിൽ മിനിമം വേതനം വർദ്ധിപ്പിക്കാനാവശ്യമായ നടപടിയും ഉണ്ടാകേണ്ടിയിരിക്കുന്നു. സാമൂഹ്യസുരക്ഷാ പെൻഷനുകൾക്ക് നല്കിവരുന്ന കേന്ദ്രവിഹിതവും കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതുണ്ട്.

■

# കേന്ദ്രബജറ്റ് ജനകേന്ദ്രിതം – ബി. എം. എസ്.



**കേ**ന്ദ്രധനമന്ത്രി നിർമ്മല സീതാരാമൻ അവതരിപ്പിച്ച കേന്ദ്ര ബജറ്റിനെ ഭാരതീയ മസ്ദൂർസംഘം സ്വാഗതം ചെയ്തു.

കഴിഞ്ഞ കുറച്ചുവർഷങ്ങളായി കേന്ദ്ര സർക്കാർ മുന്നോട്ടുവെയ്ക്കുന്ന ആത്മനിർഭർഭാരത് എന്ന ലക്ഷ്യത്തിലേക്ക് ഒരുപടി കൂടി കടക്കുന്നതിനുള്ള ശ്രമമാണ് ബജറ്റിൽ കാണുന്നത്. ബജറ്റ് ജനകേന്ദ്രിതമാണ്. ഏറ്റവും കൂടുതൽ ജനങ്ങൾ പ്രവർത്തിക്കുന്ന മേഖലയായ കൃഷിക്ക് ബജറ്റ് ഊന്നൽ നൽകുന്നു. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് ആശ്വാസം നൽകുന്ന പ്രഖ്യാപനങ്ങൾ ബജറ്റിലുണ്ട്. ചെറുകിട-സൂക്ഷ്മ വ്യവസായങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാകുന്നതിന് രണ്ടുലക്ഷംകോടി രൂപ നീക്കിവെച്ചിട്ടുണ്ട്. പ്രധാനമന്ത്രി മത്സ്യസമ്പത്ത് യോജന പ്രകാരം മത്സ്യബന്ധനമേഖലയ്ക്ക് പ്രത്യേകം പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. നൈപുണ്യ പരിശീലനത്തിന് പ്രാധാന്യം നല്കിയിട്ടുള്ളത് യുവജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ നല്കും.

ആദായനികുതി നിരക്കിന് റിബേറ്റ് നൽകുന്നതിനുള്ള പരിധി 5 ലക്ഷത്തിൽനിന്ന് 7 ലക്ഷമാക്കി ഉയർത്തിയത് ശമ്പളവരുമാനക്കാർക്ക് ആശ്വാസം നല്കും. മുതിർന്ന പൗരന്മാർക്കുള്ള നിക്ഷേപ പരിധി 15 ലക്ഷത്തിൽനിന്ന് 30 ലക്ഷമാക്കി ഉയർത്തിയതും സ്വാഗതാർഹമാണ്.

അടിസ്ഥാന സൗകര്യവികസനത്തിന് ഇത്തവണത്തെ ബജറ്റും ഊന്നൽ നൽകുന്നുണ്ട്. സമ്പദ്‌വ്യവസ്ഥ ശക്തിപ്പെടുത്തുന്നതിന് ഈ സമീപനം ഉതകും. പ്രതിരോധം, ഗതാഗതം, റെയിൽവേ, കമ്മ്യൂണിക്കേഷൻ എന്നീ മേഖലകളിൽ വൻതോതിലുള്ള മൂലധന നിക്ഷേപമാണ് ബജറ്റിലുള്ളത്.

തൊഴിലാളി, കർഷകൻ, സൂക്ഷ്മ-ചെറുകിട വ്യവസായങ്ങൾ എന്നിവയാണ് വികസനത്തിന്റെ നെടുംതൂണുകളെന്ന് ബി.എം.എസ്. ചൂണ്ടിക്കാണിച്ചിരുന്നു. ബജറ്റിൽ പ്രസ്തുത മൂന്നു മേഖലയ്ക്കും പ്രാധാന്യം നൽകിയിട്ടുണ്ട്. മാൻഹോളുകളും മറ്റും ശുചീകരിക്കുന്നതിന് തൊഴിലാളികളെ ഉപയോഗിക്കുന്നത് അവസാനിപ്പിക്കണമെന്ന ബി.എം.എസ്സ്. നിർദ്ദേശവും അംഗീകരിച്ചിരിക്കുന്നു.

ഇ.പി.എഫ്. മിനിമം പെൻഷൻ 1000 രൂപയിൽനിന്ന് വർദ്ധിപ്പിക്കണമെന്ന ആവശ്യം അംഗീകരിക്കാത്തത് ബി.എം.എസ്സിനെ അസ്വസ്ഥമാക്കുന്നുണ്ട്. അവരെ ആയുഷ്മാൻ ഭാരതിൽ ഉൾപ്പെടുത്തുവാനും തയ്യാറാകാത്തതിൽ നിരാശയുണ്ട്. ആശ, അംഗൻവാടി പ്രവർത്തകരേയും ബജറ്റ് അവഗണിച്ചിരിക്കുകയാണ് എന്ന് ബി.എം.എസ്. അഖിലേന്ത്യാ ജനറൽ സെക്രട്ടറി രവീന്ദ്ര ഹിംതെ വ്യക്തമാക്കി.

## സപ്തർഷികൾ ....
### (ഏഴു മുൻഗണനകൾ)

* എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വികസനം
* അടിസ്ഥാന മേഖലയുടെ വികസനം
* വികസനം അടിത്തട്ട് വരെ (അന്ത്യോദയ)
* കർമ്മശേഷിയുടെ വിനിയോഗം
* ഹരിത വളർച്ച
* യുവജന ശാക്തീകരണം
* സാമ്പത്തിക മേഖല

* ജിഡിപി 6.9% വളരും
* കാർഷിക മേഖല 3.5% വളരും
* വ്യവസായം 4.3% വളരും
* സേവനമേഖല 9.3% വളരും
* കയറ്റുമതി 12.5% വളരും

## വില കുറയുന്നവ

**ടിവി, മൊബൈൽ ഫോൺ, ഇലക്ട്രിക് വാഹനങ്ങൾ, ഇലക്ട്രിക് കിച്ചൻ ചിമ്മിനി, ക്യാമറ ലെൻസ്, ലിഥിയം അയൺ ബാറ്ററി, സ്മാർട്ട് വാച്ച്, മെഥനോൾ, കംപ്രസ്ഡ് ബയോഗ്യാസ്, നിർമാണ മേഖലയിലെ അസംസ്കൃത വസ്തുക്കൾ**

## വില കൂടുന്നവ

**സ്വർണ്ണം, വെള്ളി, ഡയമണ്ട്, വസ്ത്രങ്ങൾ, സിഗരറ്റ്, കുട, ഇറക്കുമതി റബർ, ഇറക്കുമതി സൈക്കിൾ, ഇറക്കുമതി കളിപ്പാട്ടങ്ങൾ.**

## സുപ്രധാന പ്രഖ്യാപനങ്ങൾ

*7 ലക്ഷം രൂപവരെയുള്ള വരു മാനത്തിന് ആദായനികുതി ഒഴിവാക്കി.

* പിഎം ആവാസ് യോജനയ്ക്ക് 79,000 കോടി

* ഹരിതോർജ്ജ പദ്ധതികൾക്കായി 19,700 കോടി

* നഗരവികസനത്തിന് പ്രതിവർഷം 10,000 കോടി

* 740 പുതിയ ഏകലവ്യ സ്കൂളുകൾ

* 38,800 ഏകലവ്യ വിദ്യാലയ അധ്യാപകരെ നിയമിക്കും

* പുതിയ 157 നഴ്സിങ് കോളേജുകൾ

* ഹോർട്ടികൾച്ചർ പാക്കേജ് 2200 കോടി രൂപ

* പ്രതിരോധ മന്ത്രാലയത്തിന് 5.94 കോടി

* റെയിൽവേ വികസനത്തിന് 2.41 ലക്ഷം കോടി രൂപ

* ഗതാഗത മന്ത്രാലയത്തിന് 2.70 ലക്ഷം കോടി

* പട്ടിക വർഗവിഭാഗത്തിന് 15,000 കോടി

* മത്സ്യമേഖലയ്ക്ക് 6000 കോടി

* 5ജി വികസനത്തിന് 100 ലാബുകൾ

* ഒരുകോടി കർഷകരെ പ്രകൃതി കൃഷിയിലേക്കു മാറ്റും

* കാർഷിക വായ്പയ്ക്ക് 20 ലക്ഷം കോടി രൂപ

* ഭക്ഷ്യ സുരക്ഷയ്ക്ക് 2.06 ലക്ഷം കോടി രൂപ

* 47 ലക്ഷം യുവാക്കൾക്ക് തൊഴിൽ പരിശീലനത്തിന് സ്റ്റൈപ്പൻഡ്.

* 50 വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം

* 50 പുതിയ വിമാനത്തവാളങ്ങൾ

* കോമ്പൗണ്ടഡ് റബറിന്റെ ഇറക്കുമതി ത്തീരുവ 10 ൽ നിന്ന് 25 ശതമാനമാക്കിഉയർത്തി.

# ഭാരതം – ഏറ്റവും വളർച്ചയുള്ള സമ്പദ്‌വ്യവസ്ഥ

**കോ**വിഡ് മഹാമാരിയടക്കമുള്ള പ്രതിസന്ധികളെ മറികടന്ന് ഭാരതം ലോകത്തിലെ ഏറ്റവും വളർച്ചയുള്ള സമ്പദ്‌വ്യവസ്ഥയായി തുടരുകയാണെന്ന് 2002-23-ലെ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സർവ്വെ വ്യക്തമാക്കുന്നു. രാജ്യം അടുത്ത സാമ്പത്തികവർഷം 6 മുതൽ 6.8 ശതമാനംവരെ ആഭ്യന്തര ഉല്പാദന വളർച്ച നേടുമെന്ന് സർവ്വെ അവകാശപ്പെട്ടു. വാങ്ങൽ ശേഷിയിൽ ഇന്ത്യ മൂന്നാമത്തെ സാമ്പത്തികശക്തിയും വിനിമയ നിരക്കിൽ അഞ്ചാമത്തെ ശക്തിയുമായി മാറിയിട്ടുണ്ട്. ലോകബാങ്കിന്റെ ഏറ്റവും പുതിയ വിലയിരുത്തൽപ്രകാരം ഇന്ത്യയുടെ വളർച്ച 6.9 ശതമാനമായിട്ടാണ് കണക്കാക്കിയിട്ടുള്ളത്.

കോവിഡ് മഹാമാരിയെത്തുടർന്നുണ്ടായ പ്രതിസന്ധി പരിഹരിക്കാൻ കേന്ദ്രസർക്കാർ നടത്തിയ വൻതോതിലുള്ള മൂലധനനിക്ഷേപം സാമ്പത്തിക വളർച്ചയ്ക്ക് കരുത്തു നല്കി. പ്രധാനമന്ത്രി ഗതി ശക്തിയോജന വഴി വിമാനത്താവളങ്ങൾ, തുറമുഖം, റെയിൽ, റോഡ്, ജലഗതാഗതം എന്നീ മേഖലകൾ വൻപുരോഗതി നേടി. നടപ്പു സാമ്പത്തികവർഷം സർക്കാരിന്റെ മൂലധനച്ചിലവ് 63.4 ശതമാനം വർധിച്ച് 7.5 ലക്ഷം കോടി രൂപയിലെത്തി.

റഷ്യ-യുക്രൈൻ യുദ്ധം കാരണം ലോകമെങ്ങും വിതരണശൃംഖലയിലുണ്ടായ തടസ്ഥങ്ങൾ ഇന്ത്യയിലും പണപ്പെരുപ്പം വർദ്ധിക്കാൻ കാരണമായിട്ടുണ്ട്. നടപ്പു സാമ്പത്തികവർഷം 6.8 ശതമാനം പണപ്പെരുപ്പമാണ് റിസർവ്വ് ബാങ്ക് പ്രതീക്ഷിക്കുന്നത്. ഇതു നാലുശതമാനത്തിൽ താഴെയാക്കി നിർത്താൻ കഴിയണമെന്നാണ് ലക്ഷ്യം. ഈ വർഷം പണപ്പെരുപ്പം 7.1 ശതമാനമായിരിക്കുമെന്നും അടുത്ത വർഷം 5 ശതമാനമായി കുറയുമെന്നുമാണ് ലോകബാങ്കിന്റെ കണക്ക്.




രാജ്യത്തെ കാർഷികമേഖല കഴിഞ്ഞ 6 വർഷം 4.6 ശതമാമനം വളർച്ച കൈവരിച്ചു എന്നത് ആശ്വാസകരമാണ്. അതുമൂലമാണ് 80 കോടി ജനങ്ങൾക്ക് കഴിഞ്ഞ 28 മാസമായി സൗജന്യ ഭക്ഷ്യധാന്യം നല്കാൻ കഴിഞ്ഞത്. ഇതും ആഗോളസാമ്പത്തിക സ്ഥാപനങ്ങളുടെ പ്രശംസ നേടിയിട്ടുള്ള കാര്യമാണ്. കാർഷികമേഖലയുടെ കയറ്റുമതി കഴിഞ്ഞവർഷം 4.1 ലക്ഷംകോടി രൂപയിലെത്തിയിട്ടുണ്ട്. കോവിഡിനെതിരായ പ്രതിരോധവാക്സിൻ സാർവ്വത്രികമായി സൗജന്യമായി നടപ്പാക്കാൻ കഴിഞ്ഞത് മഹാമാരിയിൽനിന്ന് ജനങ്ങളെ മുക്തമാക്കാൻ പര്യാപ്തമായി. അതുമൂലം തൊഴിൽമേഖലകൾ സജീവമാകുകയും ചെയ്തു. കോവിഡ് പ്രതിസന്ധികൾക്കിടയിലും സാഹചര്യത്തിനൊത്തുയരാൻ മരുന്നു നിർമ്മാണ മേഖല തയ്യാറായതുമൂലം രാജ്യം മരുന്നുല്പാദനത്തിലും കയറ്റുമതിയിലും വൻവളർച്ച നേടുകയും ചെയ്തു. 2021-22-ൽ 24 ശതമാനം വളർച്ചയാണ് മേഖല കൈവരിച്ചത്.

സാമൂഹ്യക്ഷേമ മേഖലയിലും വൻതോതിലുള്ള നേട്ടം രാജ്യം കൈവരിച്ചിട്ടുണ്ട്. പ്രധാനമന്ത്രി ആവാസ് യോജന വഴി ഗ്രാമീണ മേഖലയിൽ 2.1 കോടി വീടുകൾ ഇതിനകം നിർമിച്ചുകഴിഞ്ഞു. 2.7 കോടി വീടുകൾക്കുള്ള തുക അനുവദിച്ചിട്ടുണ്ട്. പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജന, സുരക്ഷാ ബീമാ യോജന എന്നിവയ്ക്കു കീഴിൽ 44.6 കോടി ആളുകൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകാൻ കഴിഞ്ഞു. ജൽ-ജീവൻ മിഷൻ മുഖേന ഇതിനകം 11 കോടി വീടുകളിൽ പൈപ്പു കണക്ഷൻ നല്കാൻ കഴിഞ്ഞു. സ്വച്ഛ്ഭാരത് മിഷനു കീഴിൽ 11.7 കോടി ശൗചാലയങ്ങൾ നിർമ്മിച്ചു നല്കി. ഒരു കുടുംബത്തിന് വർഷത്തിൽ 5 ലക്ഷം രൂപയുടെ ചികിത്സാസൗകര്യം ലഭിക്കുന്ന തരത്തിൽ കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ആയുഷ്മാൻ ഭാരത് ആരോഗ്യ സുരക്ഷാ യോജന ലോകത്തിലെ ഏറ്റവും വലിയ ജന ആരോഗ്യ പദ്ധതിയാണ്. 10 കോടി ദരിദ്രജനങ്ങൾ ഉൾപ്പെടെ 31 കോടി ആളുകളെ പദ്ധതിക്കു കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ആരോഗ്യസ്ഥാപനങ്ങളുടെ ആധുനികവൽക്കരണത്തിന് സർക്കാർ കഴിഞ്ഞ രണ്ടുവർഷമായി വൻതോതിലുള്ള ഫണ്ട് ചിലവഴിച്ചിട്ടുണ്ട്.

## കേരള ബജറ്റ് 2023 – 24

# വിനാശകാല ബജറ്റ്



**സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ**
**ബിഎംഎസ് സംസ്ഥാന പ്രസിഡന്റ്**

**പ**ണ്ടുകാലത്ത് കേരളത്തിലെ ഗ്രാമങ്ങളിൽ ആയുധങ്ങളും തീവെട്ടിയുമായി ഇരുട്ടിന്റെ മറവിൽ ഇരച്ചുകയറി വീടുകൾ കൊള്ളയടിക്കുന്ന പതിവിൽനിന്നാണ് തീവെട്ടിക്കൊള്ള എന്ന പദം ഉത്ഭവിച്ചത്. ഏതാണ്ട് ഇതിനു സമാനമാണ് കേരളത്തിലെ ധനമന്ത്രി കെ.എൻ. ബാലഗോപാൽ ഫെബ്രുവരി 3-ാം തീയതി നിയമസഭയിൽ അവതരിപ്പിച്ച 2023-24-ലെ ബജറ്റ് എന്നുപറയേണ്ടിവരുന്നു.

ധനകാര്യവകുപ്പിന്റെ പിടിപ്പുകേടും, കെടുകാര്യസ്ഥതയും ഉത്തരവാദിത്തമില്ലായ്മയും ബാലിശമായ രാഷ്ട്രീയ നയസമീപനങ്ങളും കേരളത്തിന്റെ ധനസ്ഥിതി അത്യന്തം ഗുരുതരാവസ്ഥയിൽ എത്തിച്ചുകഴിഞ്ഞു. ചെന്നുപെട്ടിരിക്കുന്ന പതനത്തിന്റെ ആഴം വ്യക്തമാക്കുന്നതാണ് ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന പെട്രോളിന്റേയും ഡീസലിന്റേയും ലിറ്ററിന്മേൽ രണ്ടുരൂപയുടെ സെസ്സ്. പെട്രോൾ ഡീസൽ വില വർദ്ധിക്കുന്നതോടെ സർവ്വതിനും വില വർധിക്കും എന്നത് ഏതു സാധാരണക്കാരനും അറിവുള്ള ധനതത്വശാസ്ത്രമാണ്.

2016 മേയിൽ ഇടതുപക്ഷം അധികാരത്തിൽ വരുമ്പോൾ കഴിഞ്ഞ 60 വർഷത്തെ കടമായി ഉണ്ടായിരുന്നത് 1,57,370 കോടിരൂപയായിരുന്നു. 2021 മേയിൽ പിണറായി വിജയന്റെ ഒന്നാം മന്ത്രിസഭ അവസാനിക്കുമ്പോൾ കടബാധ്യത 3,01,642 കോടിരൂപയായി ഉയർന്ന് എക്കാലത്തെയും സർവ്വകാല റിക്കാർഡിലെത്തി. അഞ്ചുവർഷംകൊണ്ടു മാത്രം കടബാധ്യത ഉയർന്നത് 1,44,272 കോടിരൂപയാണ്. 2023 ആയപ്പോഴേയ്ക്കും കടബാധ്യത 4 ലക്ഷം കോടിയിലെത്തിയിരിക്കുന്നു എന്ന ഞെട്ടിക്കുന്ന കണക്കാണ് പുറത്തുവന്നിരിക്കുന്നത്. യുഡിഎഫ് കാലത്തുണ്ടായിരുന്ന കേരളത്തിലെ ആളോഹരി കടം 32,000 രൂപ എന്നത് ഇന്ന് 95000 രൂപയായി ഉയർന്നുകഴിഞ്ഞു. ഈ സാഹചര്യത്തിലും സർക്കാരും ഇടതുപക്ഷനേതാക്കന്മാരും മുറവിളി കൂട്ടുന്നത് കൂടുതൽ കടത്തിനുവേണ്ടിയാണ്.

### സംസ്ഥാനബജറ്റ് നിരാശാജനകം

ബജറ്റിനു മുമ്പുതന്നെ ബസ്സ് ചാർജ്, വെള്ളക്കരം, വൈദ്യുതി ചാർജ്, വാഹന നികുതി, പിഴസംഖ്യ തുടങ്ങി സർവ്വതിനും നിരക്ക് വർദ്ധിപ്പിച്ചിരുന്നു. ഇതിനു പുറമയാണ് ഒരു തത്വദീക്ഷയുമില്ലാതെ ഭൂനികുതി, കെട്ടിടനികുതി, അടഞ്ഞുകിടക്കുന്ന വീടിനു നികുതി, വാഹനനികുതി, മദ്യത്തിന്റെ നികുതി തുടങ്ങി സർവ്വതിനും സാധാരണക്കാരനുമേൽ അമിത നികുതിഭാരം അടിച്ചേൽപ്പിച്ചിരിക്കുന്നത്. വ്യവഹാരങ്ങൾക്കും സർക്കാർ സേവനങ്ങൾക്കും ഇരട്ടിയിലധികം തുക നൽകേണ്ടിവരും. പെട്രോളിനും ഡീസലിനും ലിറ്ററിനു രണ്ടു രൂപ വീതം സെസ്സ് പിരിക്കാനുള്ള തീരുമാനം ഒരു ഉപഭോഗ സംസ്ഥാനമെന്ന നിലയിൽ ഉപ്പുതൊട്ട് കർപ്പൂരംവരെ വിലവർദ്ധിക്കുമെന്നുമാത്രമല്ല ജനങ്ങളോടാകെ യുദ്ധം പ്രഖ്യാപിച്ചിരിക്കുക കൂടിയാണ്.

### ഈ ബലിപീഠത്തിൽ ഇനിയും തല വച്ച് കൊടുക്കണോ.?

എല്ലാ സാമ്പത്തിക വിദഗ്ധന്മാരും ഒരേ സ്വരത്തിൽ അഭിപ്രായപ്പെടുന്ന ഒന്നുണ്ട്. ഒന്നാം പിണറായി മന്ത്രിസഭ അധികാരത്തിൽ വന്നതുമുതൽ ഭരണത്തിന്റെ കാര്യക്ഷമത ഇല്ലായ്മയും നികുതിപിരിവിലുള്ള അലംഭാവവും നികുതി ഇതര വരുമാനത്തിലൂന്നിയ വിഭവശേഖരണത്തിലും സർക്കാർ സമ്പൂർണ പരാജയമാണ് എന്ന്. വാസ്തവത്തിൽ ഇതൊരു ദുരന്ത സർക്കാരാണ്. ഒന്നിനുപിറകെ ഒന്നായിവന്ന നിപ്പയും ഓക്കിയും വരുത്തിവച്ച 2018ലെ പ്രളയം, തുടർന്നു വന്ന 2019-ലെ രണ്ടാം പ്രളയം, ഒന്നാം കൊറോണ, രണ്ടാ കൊറോണ ഇങ്ങനെ വന്നുചേർന്ന ദുരന്തങ്ങളിൽ കേന്ദ്രം കൈയയച്ചു നൽകിയ സാമ്പത്തിക സഹായം ഒന്നുകൊണ്ടുമാത്രമാണ് സർക്കാർ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. കിട്ടിയ ഒരവസരത്തിലും ഭാവികേരളത്തിനും വരും തലമുറയ്ക്കും വേണ്ടി ചിന്തിക്കാൻ അവർ തയ്യാറായതുമില്ല. എല്ലാത്തിനോടുമുള്ള നിഷേധാത്മക ഇടതുപക്ഷ സമീപനം കേരളത്തെ അനുദിനം പുറകോട്ടടിച്ചുകൊണ്ടിരിക്കുകയാണ്. 2013 സെപ്തംബറിൽ കേന്ദ്രം കൊണ്ടുവന്ന ദേശീയ ഭക്ഷ്യസുരക്ഷാനിയമം ഗ്രാമീണ മേഖലയിലെ 75 ശതമാനം ജനങ്ങളേയും നഗരങ്ങളിലെ 50 ശതമാനം ജനങ്ങളേയും ബാധിക്കുന്നതായിരുന്നു. പൊതുവിതരണരംഗത്തെ അഴിമതി തുടച്ചു നീക്കുകയും ഭക്ഷ്യോത്പാദന വിതരണം കാര്യക്ഷമമാക്കുകയുമായിരുന്നു താത്പര്യം, എന്നാൽ കേരളം ഇതു നടപ്പാക്കാതെ മൂന്നുവർഷക്കാലം പുറംതിരിഞ്ഞുനിന്നു. ഒടുവിൽ എല്ലാ സംസ്ഥാനങ്ങളും നടപ്പാക്കിയശേഷം 2016 നവംബർ ഒന്നു മുതലാണ് കേരളം ഈ നിയമം നടപ്പാക്കാൻ തയ്യാറായത്. ജി.എസ്.ടിയുടെ കാര്യത്തിലും ഇതുതന്നെ

യാണ് കേരളത്തിൽ സംഭവിച്ചത്. ഇന്നത്തെ പ്രതിസന്ധി അങ്ങനെ ഇവർ സ്വയം സൃഷ്ടിച്ചെടുത്തതാണ്. 2017 സപ്തംബർ 15 മുതൽ രാജ്യത്ത് ജി.എസ്.ടി. നടപ്പാക്കി. അന്നുതന്നെ കേന്ദ്രം വ്യക്തമാക്കിയിരുന്നതാണ് അഞ്ചുവർഷക്കാലം ജി.എസ്.ടിയുടെ നഷ്ടപരിഹാരം ഉണ്ടാവും അതുകഴിഞ്ഞാൽ കേന്ദ്രവും സംസ്ഥാനങ്ങളും നികുതി പങ്കിടുമെന്ന കാര്യം. എല്ലാ സംസ്ഥാനങ്ങളും ഇതോടെ ഇതൊരവസരമായി കണ്ട് ഉണർന്നു പ്രവർത്തിച്ചു. നികുതി വർധിപ്പിക്കുന്ന കാര്യത്തിൽ ആധുനികവത്കരണം ഏർപ്പെടുത്തി, വ്യാപാരവ്യവസായ സമൂഹത്തെ ബോധവത്ക്കരിച്ച് ഏവരേയും ജി.എസ്.ടി. നൽകാൻ പ്രേരിപ്പിച്ചു. കേരളത്തിൽ മുൻധനമന്ത്രി തോമസ് ഐസക് എന്താ ചെയ്തുകൊണ്ടിരുന്നത്. ജി.എസ്.ടിയ്ക്ക് എതിരെ പരമാവധി പ്രചരണം നടത്തി ആളുകളെ ജിഎസ്ടിയിൽനിന്നും അകറ്റിനിർത്തി. ഒടുവിൽ മുൻനിശ്ചയ പ്രകാരം ജിഎസ്ടി മുൻനിശ്ചയ പ്രകാരം ജിഎസ്ടി നഷ്ടപരിഹാരം 2022 ജൂലായ് നിലച്ചപ്പോൾ മാത്രമാണ് വെപ്രാളം തുടങ്ങിയത്. വരുമാനം കുറഞ്ഞതിന് ആരാണ് കുറ്റക്കാർ? ജിഎസ്ടി വെട്ടിപ്പ് ഏറ്റവും കൂടുതൽ എന്തുകൊണ്ട് കേരളത്തിൽ നടക്കുന്നു, ആരാണ് ഇതിന് ഉത്തരവാദി? മറ്റാരുമല്ല വലിച്ചെറിഞ്ഞ കല്ല് സ്വന്തം തലയിലേക്ക് വീഴുന്നു എന്നുമാത്രം. ഈ ബജറ്റിൽ മാത്രമാണ് ജിഎസ്ടി വകുപ്പിൽ പരിഷ്കരണത്തിന് പണം വകയിരുത്തിയിരിക്കുന്നത്.

**പണം എവിടേയ്ക്കാണ് പോകുന്നത്?**

2018-ലെ പ്രളയശേഷം കേരളത്തിലേക്ക് ധനസഹായ പ്രളയമുണ്ടായി. പലരും ആടിനെവിറ്റും കുടുക്കപൊട്ടിച്ചും കെട്ടുതാലി വിറ്റും പണം കൊടുത്തു. കേന്ദ്രം 35000 കോടിയുടെ സഹായം നൽകി. സർക്കാർ 'റീ ബിൽഡ് കേരള'യും പ്രഖ്യാപിച്ചു. എന്നാൽ ഒരിഞ്ചു മുന്നോട്ടു പോകാൻ സർക്കാർ തയ്യാറായില്ല. കിട്ടിയ പണത്തെസംബന്ധിച്ചും ചിലവഴിച്ചതിനെ സംബന്ധിച്ചും ഒരു കണക്കുമില്ല. നവകേരള സൃഷ്ടി കേവലം വാചക കസർത്തിൽ മാത്രം ഒതുങ്ങി. ധന പ്രതിസന്ധിക്ക് പരിഹാരമായി അന്ന് പെട്രോളിനും ഡീസലിനും ലിറ്ററിൽ ഒരു രൂപ സെസ്സും ഏർപ്പെടുത്തി.

**കേരളം മാത്രം വില കുറച്ചില്ല**

കേന്ദ്രവും ആനുപാതികമായി സംസ്ഥാന സർക്കാരുകളും ഇന്ധനവിലകുറച്ചതിന്റെ ഫലമായി 7 മുതൽ 12 രൂപവരെ മറ്റു സംസ്ഥാനങ്ങളിൽ കുറവു വന്നപ്പോൾ ഒരു ചില്ലിപൈസാ കുറയ്ക്കില്ല എന്നായിരുന്നു പുരോഗമന സർക്കാരിന്റെ ഭാഷ്യം. ഇന്നാകട്ടെ 2018-ൽ കൂട്ടിയ ഒരു രൂപയ്ക്കു പുറമെ ആരുണ്ടടാ ചോദിക്കാനെന്ന മട്ടിൽ വീണ്ടും രണ്ടു രൂപ കൂട്ടിയിരിക്കുന്നു!

**കേന്ദ്രനടപടി ശരിയല്ലേ?**

രാജ്യം ഫെഡറൽ സംവിധാനത്തിൽ ശക്തമായ ഭരണഘടനാതത്വത്തിലാണ് നിലകൊള്ളുന്നത്. എന്നാൽ ഇടതുപക്ഷ നേതാക്കന്മാരുടെ ഭാവമാകട്ടെ കേരളം മറ്റൊരു രാജ്യമാണെന്നാണ്. ഹുങ്കും വങ്കത്തവുമല്ലാതെ തലയിൽ ആൾതാമസമുള്ളവർ കുറവാണെന്നത് ഒരുപക്ഷെ അവർക്ക് ഒരനുഗ്രഹമായിരിക്കാം എന്നാൽ സമൂഹം അത് അംഗീകരിക്കില്ല.

കേന്ദ്ര-സംസ്ഥാന ധനവിനിയോഗത്തെ സംബന്ധിച്ച് ഭരണഘടനയുടെ ആർട്ടിക്കിൽ 293 സെക്ഷൻ (3) (4) കൃത്യമായി പറഞ്ഞിട്ടുണ്ട്. ഭരണഘടനാ ശില്പിയായ അംബേദ്കർ തന്നെ ഇതുമായി ബന്ധപ്പെട്ട ചർച്ചയിൽ പറഞ്ഞിരിക്കുന്നത്. ''പുറത്തുനിന്നും സംസ്ഥാനങ്ങൾക്ക് വായ്പ എടുക്കാം എന്നാൽ അത് നടപ്പാക്കുന്നതും, കൈകാര്യം ചെയ്യുന്നതും ഉദ്യോഗസ്ഥന്മാരായതിനാൽ ഇതിന്മേൽ നിയന്ത്രണം ആവശ്യമുണ്ട്, സർക്കാർ ഗ്യാരന്റിനൽകുന്ന വായ്പയാണെങ്കിൽ കേന്ദ്രഗവൺമെന്റിന് ഇക്കാര്യത്തിൽ ഇടപെടാം'' എന്നാണ്. ഇത്തരം കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് ഭരണഘടന ആർട്ടിക്കിൾ 293 (3) (4) അടിസ്ഥാനത്തിൽ 2003ൽ നിലവിൽവന്ന കേന്ദ്രനിയമമാണ് എഫ്.ആർ.ബി.എം. ആക്ട്-2003 (ഫിസ്കൽ റെസ്പോൺസിബിലിറ്റി ആന്റ് ബഡ്ജറ്റ് മാനേജ്മെന്റ് ആക്ട്) ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ സഞ്ചിതകടം അഥവാ പൊതുകടം എന്നത് ആഭ്യന്തര മൊത്തവരുമാനത്തിന്റെ 29 ശതമാനത്തിൽ കൂടാൻ പാടില്ല എന്ന തത്വമാണ് നിലവിലുള്ളത്. ഇത് എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമായ നിയമമാണ്.

**എന്തുകൊണ്ട് സിഎജി ഇടപെട്ടു?**

എഫ്ആർബിഎം ആക്ട് - 2003 നെ മറികടക്കാൻ വിദ്വാനായ മുൻധനമന്ത്രി തോമസ് ഐസക് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ എന്ന പേരിൽ കിഫ്ബി (കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് - കിഫ്ബി) കൊണ്ടുവരുകയും ഇതുവഴി വിദേശത്തുനിന്നും - 9.82 ശതമാനത്തിന് 70000 കോടി രൂപ കടമെടുക്കുകയുമുണ്ടായി. അന്യായ പലിശക്കു വാങ്ങിയ കടത്തിൽനിന്ന് ഓരോ ബജറ്റിലും വലിയ പ്രഖ്യാപനങ്ങൾ നടത്തും. ഈ നാടകം തുടരുകയാണ്. 23000 കോടിയുടെ പദ്ധതി കിഫ്ബി വഴി പ്രഖ്യാപിച്ചു, പൂർത്തിയാക്കിയതാകട്ടെ ആറുവർഷംകൊണ്ട് 6000 കോടിയുടെ പദ്ധതിമാത്രം.

ബജറ്റിനു പുറത്താണ് കിഫ്ബി എന്ന് തോമസ് ഐസക് പറയുമ്പോഴും വായ്പയുടെ പലിശ എങ്ങനെ തിരിച്ചുകൊടുക്കുന്നു എന്ന് സിഎജി പരിശോധിച്ചപ്പോൾ കണ്ടെത്തിയത് വാഹനനികുതിയുടെ 50 ശതമാനവും ഇന്ധനസെസ്സും കിഫ്ബിയിലേക്കാണ് എന്നാണ്. അങ്ങനെ പരിശോധിച്ചപ്പോൾ കിഫ്ബി ഒരു തട്ടിപ്പാണെന്ന് സിഎജി കണ്ടെത്തുകയും ബജറ്റിനു പുറത്ത് ഓഡിറ്റ്പോലും അനുവദിക്കാതെ ഒരു

വ്യക്തിയുടെ ഇഷ്ടാനുസരണം പ്രവർത്തിക്കുന്ന സ്ഥാപനമാണെന്നും കണ്ടെത്തി. എഫ്ആർബിഎം ആക്ടിൽ പറഞ്ഞിരിക്കുന്ന പരമാവധി കടം 29 ശതമാനത്തിന്റെ സ്ഥാനത്ത് 39 ശതമാനം മുതൽ 42 ശതമാനമാണെന്നും ബോധ്യപ്പെട്ടപ്പോഴാണ് കടത്തിന്മേൽ നിയന്ത്രണം കേന്ദ്രം കൊണ്ടുവന്നത്. ഇതിൽ എവിടെയാണ് പിശക്? ഇതുകൂടി ഇല്ലായിരുന്നെങ്കിൽ അവർ കേരളത്തെ തന്നെ തൂക്കിവിറ്റേനെ!

**കടം ഒരു ധനമോ?**

അതേ തോമസ് ഐസക് ധനകാര്യം ഒഴിയുമ്പോൾ പത്രസമ്മേളനത്തിൽ പറഞ്ഞത് 5000 കോടി മിച്ചമുണ്ടെന്നാണ്. പക്ഷെ അതു കടം വാങ്ങിയ കാശാണെന്നു പറഞ്ഞില്ല!!

'കടം ഒരു പ്രശ്നമേയല്ല' എന്ന സിദ്ധാന്തക്കാരനായിരുന്നു ഐസക്. ജിഎസ്ഡിപി (ഗ്രോസ് സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രൊഡക്ഷൻ) സംസ്ഥാന ആഭ്യന്തരമൊത്ത ഉത്പ്പാദനത്തിന്റെ വളർച്ച പലിശയുടെ വളർച്ചയേക്കാൾ കൂടിയിരുന്നാൽ മതിയെന്നായിരുന്നു അദ്ദേഹത്തിന്റെ തിയറി. എന്നാൽ വളർച്ച 10 ശതമാനവും പലിശ വളർച്ച 17.5 ശതമാനവുമെന്ന ഗുരുതരസ്ഥിതിയിലെത്തിയതോടെ എല്ലാം കൈവിട്ടുപോവുകയാണ്.

**സാമൂഹ്യക്ഷേമ പെൻഷനടക്കം നിലയ്ക്കും**

കിഫ്ബി പോലെതന്നെ തട്ടികൂട്ടിയതാണ് സാമൂഹ്യക്ഷേമ പെൻഷൻ ഫണ്ട് ലിമിറ്റഡ്. അതും തകിടം മറിഞ്ഞിരിക്കുന്നു. കിട്ടാവുന്നിടത്തുനിന്നൊക്കെ കടംവാങ്ങി ഇനി ലക്ഷ്യംവയ്ക്കുന്നത് കെഎഫ്സിയേയും സഹകരണ ബാങ്കുകളുമാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പണം ഇതിനോടകംതന്നെ ട്രഷറികളിൽ എത്തിച്ചുകഴിഞ്ഞു. ആഘാതം നാം ധരിക്കുന്നതിനപ്പുറമാണ്. ഈ സാഹചര്യത്തിൽ ധനമന്ത്രി കെ.എൻ. ബാലഗോപാലിന്റെ മുന്നിൽ ഒരു മാർഗ്ഗമെ ഉണ്ടായിരുന്നുള്ളു. സാധാരണക്കാരനെ പരമാവധി ദ്രോഹിക്കുക. പരമാവധി നികുതി വർധിപ്പിക്കുക, അതാണ് ബജറ്റിൽ കണ്ടത്. നികുതിയേതര വരുമാനമാർഗങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ ബജറ്റിൽ ശ്രമമില്ല. സർക്കാരിന്റെ പാട്ടഭൂമി കുടിശ്ശിക പിരിച്ചെടുക്കുന്നില്ല. ജിഎസ്ടി പിരിവ് കാര്യക്ഷമമാകുന്നില്ല, നികുതി കുടിശ്ശിക ഈടാക്കാൻ നടപടിയില്ല. മറിച്ച് ഏറ്റവും എളുപ്പ മാർഗമായ മുഖമടച്ചുള്ള പ്രഹരം, അത് ആവശ്യത്തിന് കിട്ടിയിരിക്കുന്നു. മുൻബജറ്റുകളിൽ പ്രഖ്യാപിച്ച അതേ എകെജി സ്മാരകത്തിന് ഇക്കുറിയും 5 കോടി പ്രഖ്യാപിച്ചിരിക്കുന്നു. മറ്റ് പ്രഖ്യാപനങ്ങളുടേയും കഥ ഇതുതന്നെ. കേന്ദ്രബജറ്റ് ജനങ്ങൾക്ക് ആത്മവിശ്വാസവും പ്രതീക്ഷയും പ്രോത്സാഹനവും നൽകുമ്പോൾ ജനങ്ങളെ നിരാശയിലേക്കും അരക്ഷിതാവസ്ഥയിലേക്കും തള്ളിവിടുന്നതാണ് കേരളാ ബജറ്റ്. പ്രതീക്ഷിച്ചിരുന്ന സാമൂഹ്യക്ഷേമപെൻഷൻ വർധനവ് ഉണ്ടായില്ല. അതിന്മേലുള്ള കുടിശ്ശിക വിതരണത്തിനു പണമില്ല. ചോർന്നൊലിക്കുന്ന പ്ലാന്റേഷൻ മേഖലയിലെ ലയങ്ങൾക്ക് ഒരു മോചനവും ഇല്ല. തകർന്നു കിടക്കുന്ന കയർ, കശുവണ്ടി പരമ്പരാഗത വ്യവസായ മേഖലയ്ക്ക് വേണ്ട ഒരു പരിഗണനയും നൽകിയില്ല. കെഎസ്ആർടിസിക്ക് അർഹിക്കുന്ന പരിഗണന നൽകിയില്ല. സർക്കാർ ജീവനക്കാർ ശത്രുക്കളാണെന്ന വ്യാപക പ്രചരണം നടത്തി. അവരുടെ അർഹതപ്പെട്ട ഡി.എ. കുടിശ്ശിക അടക്കമുള്ള ആനുകൂല്യങ്ങൾ നിഷേധിച്ചിരിക്കുന്നു. പങ്കാളിത്ത പെൻഷനെ സംബന്ധിച്ച് ഒരക്ഷരം മിണ്ടിയില്ല. കേരളത്തിന്റെ ഉത്പാദനമേഖലയ്ക്കോ, കാർഷികമേഖലയ്ക്കോ കർഷകർക്കോ ആശ്വാസമായ ഒരു പദ്ധതിയും ബജറ്റിലില്ല എന്നതാണ് സത്യം. മറിച്ച് എല്ലാ ബജറ്റിലുമെന്നപോലെ പ്രഖ്യാപനങ്ങളുടെ പൊടിപൂരത്തിന് കുറവു വന്നിട്ടുമില്ല. ജനങ്ങളുടെ ക്ഷമ പരീക്ഷിക്കാതെ ഇന്ധന വിലയിൽ ഏർപ്പെടുത്തിയ സെസ്സ് അടിയന്തിരമായി പിൻവലിക്കാൻ സർക്കാർ തയ്യാറാകണം എന്നാണ് ബി.എം.എസ്. ആവശ്യപ്പെട്ടിട്ടുള്ളത്. അല്ലാത്തപക്ഷം തൊഴിലാളികൾക്ക് തെരുവിലേക്കിറങ്ങേണ്ടിവരും.

**പാവപ്പെട്ടവന്റെ സർക്കാർ കേരളത്തിന് സമ്മാനിക്കുന്നത്**

* സകല മേഖലയിലും രൂക്ഷമായ വിലക്കയറ്റം അടിച്ചേല്പിച്ചു
* സാധാരണക്കാർക്ക് കടുത്ത ആഘാതം
* ബജറ്റിൽ ക്ഷേമ ആനുകൂല്യങ്ങൾ കൂട്ടുകയോ പുതിയവ പ്രഖ്യാപിക്കുകയോ ചെയ്തില്ല
* പെട്രോളിനും ഡീസലിനും ലിറ്ററിന് 2 രൂപ വർധിപ്പിച്ചു
* ഭൂമിയുടെ ന്യായവിലയിൽ 20% വർധന, വിപണി വർദ്ധിതപ്രദേശങ്ങളിൽ 30% വരെ കൂട്ടും
* തദ്ദേശ വകുപ്പ് ഈടാക്കുന്ന കെട്ടിട നികുതി, അപേക്ഷാഫീസ്, പരിശോധനഫീസ്, കെട്ടിടങ്ങളുടെ പെർമിറ്റ് ഫീ എന്നിവ കൂടും
* ഒരാൾക്ക് ഒന്നിലധികം വീടുണ്ടെങ്കിൽ പ്രത്യേക നികുതി
* ഒഴിഞ്ഞുകിടക്കുന്ന വീടുകൾക്കും പ്രത്യേക നികുതി
* റോഡ് സുരക്ഷാ സെസ്സ് ഇരട്ടിയാക്കി
* വാഹനങ്ങൾക്കുള്ള ഒറ്റത്തവണ നികുതി 2 ശതമാനം കൂട്ടി
* മദ്യത്തിന്റെ വില കൂട്ടി (സെസ്സ്)
* കോടതി വ്യവഹാരങ്ങൾക്ക് ചിലവേറും (1% ഫീസ്)
* ഭൂനികുതി വർധിക്കും
* രജിസ്ട്രേഷൻ ചാർജുകൾ വർധിക്കും

**ഈ വാഗ്ദാനങ്ങൾ നടപ്പാക്കുമോ?**

* സാമൂഹിക സുരക്ഷാ സീഡ് ഫണ്ട്
* ആഭ്യന്തര ഉൽപ്പാദനം പ്രോത്സാഹിപ്പിക്കാൻ 'മേയ്ക്ക് ഇൻ കേരള'
* എല്ലാവർക്കും കാഴ്ചപരിശോധനക്കു 'നേർക്കാഴ്ച' പദ്ധതി
* ടൂറിസം വികസനത്തിന് 7 ഇടനാഴികൾ
* സംസ്ഥാനത്താകെ എയർ സ്ട്രിപ്പുകൾ

# ഇ.എസ്.ഐ പദ്ധതി ഒരാമുഖം






**ടി. വിജയൻ**

**1947–ൽ** ഭാരതം സ്വതന്ത്രമായപ്പോൾ രാജ്യത്തെ തൊഴിലാളികൾക്ക് സാമൂഹ്യ പരിരക്ഷ നൽകുന്നതിനായി ലക്ഷ്യംവെച്ച്കൊണ്ട് ഇന്ത്യൻ പാർലമെന്റ് 1948–ൽ പാസ്സാക്കിയ എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷൂറൻസ് ആക്ട് 1948, വിഭാവനം ചെയ്തിട്ടുള്ള സമഗ്ര സാമൂഹ്യ സുരക്ഷാ സംവിധാനമാണ് ഇ.എസ്.ഐ. പദ്ധതി. ഈ പദ്ധതി നടപ്പിലാക്കാനായി 1952ൽ രൂപീകരിച്ച് സ്ഥാപനമാണ് എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷൂറൻസ് കോർപ്പറേഷൻ (ഇ.എസ്.ഐ.സി). ഭാരതസർക്കാരിന്റെ തൊഴിൽ വകുപ്പിൻ കീഴിലാണ് ഇത് പ്രവർത്തിച്ചു വരുന്നത്

അന്താരാഷ്ട്ര ലേബർ കോൺഫറൻസിന്റെ 102–ാം സാമൂഹ്യ സുരക്ഷാ (മിനിമം സ്റ്റാൻഡേർഡ്) കൺവെൻഷൻ 28–05–1952–ൽ തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള സാമൂഹ്യസുരക്ഷയുടെ ഒമ്പത് ശാഖകൾ നിർവ്വഹിച്ചു. ഭാരതത്തിൽ ശാരീരിക, സാമ്പത്തിക പ്രയാസം നേരിടുന്ന സന്ദർഭത്തിൽ തൊഴിലാളികൾക്ക് സംരക്ഷണത്തിനായുള്ള ഒരു തുടർനടപടിയെന്ന നിലക്ക് എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷൂറൻസ് കോർപ്പറേഷൻ, ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ (ഐ.എൽ.ഒ.) വേർതിരിച്ച ഒമ്പത് ആനുകൂല്യങ്ങളിൽ അഞ്ച് പ്രധാന ആനുകൂല്യങ്ങൾ അംഗീകരിക്കുകയും ഏർപ്പെടുത്തുകയും ചെയ്തു. ആയതിന്റെയടിസ്ഥാനത്തിൽ ഇന്ത്യയിലെ എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷൂറൻസ് ആക്ട് 1948 ലെ 'തൊഴിലാളി' എന്ന നിർവചനത്തിൽപെടുന്നവർക്ക് രോഗം, പ്രസവം,തൊ




ഴിലപകടം മൂലമുണ്ടാകുന്ന വൈകല്യം, മരണം തുടങ്ങിയവയുടെ ആഘാതത്തിൽ നിന്നും സംരക്ഷണം നൽകുന്നതിനും ഇൻഷുർ ചെയ്ത തൊഴിലാളിക്കും കുടുംബത്തിനും വൈദ്യ പരിചരണം നൽകുന്നതിനുമായി വിഭാവനം ചെയ്തിട്ടുള്ള സമഗ്ര സാമൂഹ്യ സുരക്ഷാ സംവിധാനമാണ് ഇ.എസ്.ഐ പദ്ധതി.

പത്തോ അതിൽ കൂടുതലോ ആളുകൾ ജോലി ചെയ്യുന്ന ഫാക്ടറികൾ, കച്ചവടസ്ഥാപനങ്ങൾ, ഹോട്ടൽ, റസ്റ്റോറന്റ്, സിനിമാ തീയേറ്ററുകൾ, മോട്ടോർ ട്രാൻസ്പോർട്ട് സ്ഥാപനങ്ങൾ, പത്രമാധ്യമ സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ, അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിലെ പ്രതിമാസം 21,000 രൂപ (ഇരുപത്തൊന്നായിരം) വരെ (ഓവർടൈം വേതനം ഒഴികെ) വേതനം കൈപ്പറ്റുന്ന ജീവനക്കാർക്ക് ഈ പദ്ധതിയുടെ സംരക്ഷണം ലഭിക്കുന്നതാണ്. വേതനത്തിന്റെ ഒരു നിശ്ചിത ശതമാനം മാസംതോറും നൽകുന്ന തൊഴിലുടമയുടെ വിഹിതത്തിൽനിന്നും ജീവനക്കാരുടെ വിഹിതത്തിൽനിന്നുമാണ് എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷൂറൻസ് ഫണ്ട് സ്വരൂപിക്കുന്നത്. ഈ പദ്ധതിയിലേക്കുള്ള ജീവനക്കാരുടെ വിഹിതം 01-07-2019 മുതൽ വേതനത്തിന്റെ 0.75 ശതമാനവും തൊഴിലുടമകളുടെ വിഹിതം 3.25 ശതമാനവുമാണ്. ശരാശരി ദിവസവേതനം 176 രൂപ വരെയുള്ള ജീവനക്കാരെ അവരുടെ വിഹിതം അടക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ തൊഴിലുടമയുടെ വിഹിതമായ 3. 25% നൽകേണ്ടതുണ്ട്. ആനുകൂല്യങ്ങൾ ലഭിക്കാനാവശ്യമായ ചുരുങ്ങിയ വിഹിതമെങ്കിലും അടച്ചാൽ മാത്രമേ ഇ.എസ്.ഐ. ആനുകൂല്യം പ്രയോജനപ്പെടുത്താൻ സാധ്യമാകുകയുള്ളു. രാജ്യത്താകെയുള്ള 740 ജില്ലകളിൽ 600 ജില്ലകളിലും ഇപ്പോൾ ഇ.എസ്.ഐ. പദ്ധതി നടപ്പാക്കിയിട്ടുണ്ട്. രാജ്യത്ത് ഇ.എസ്.ഐ. പദ്ധതിയിൽ 3.25 കോടി ജീവനക്കാർ അംഗങ്ങളായും അവരുടെ ആശ്രിതർ ഉൾപ്പെടെ മൊത്തം 13 കോടിയോളം പേർ ഗുണഭോക്താക്കളായുമുണ്ട്. ജീവനക്കാരുടെ അച്ഛൻ, അമ്മ, ഭാര്യ/ഭർത്താവ്, പ്രായപൂർത്തിയാവാത്ത മക്കൾ എന്നിവർക്കാണ് ചികിത്സാ ആനുകൂല്യം ലഭ്യമാകുന്നത്.

പ്രതിവർഷം ആളോഹരി പത്ത് ലക്ഷംരൂപവരെയുള്ള ചികിത്സ ഇ.എസ്.ഐ. കോർപ്പറേഷനിലൂടെ ലഭ്യമാണ്. എന്നാൽ ചില പ്രത്യേക ചികിത്സകൾക്ക് ഇതിൽകൂടുതൽ അധികച്ചെലവ് വരികയാണെങ്കിൽ ആയതിന് പ്രത്യേക അനുമതി പ്രകാരം അധികച്ചെലവുകൾ അനുവദിക്കാറുണ്ട്.

രാജ്യത്തെയും ലോകത്തിലെതന്നയും തൊഴിലാളികളുടെ ഏറ്റവും വലിയ സാമൂഹ്യ സുരക്ഷാ പദ്ധതിയാണ് എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷൂറൻസ് സ്കീം. രാജ്യത്തൊട്ടാകെ 160 ഇ.എസ്.ഐ. ആശുപത്രികൾ, 1500 ഡിസ്പൻസറികൾ, 740 ബ്രാഞ്ച് ഓഫീസുകൾ 52 സബ് റീജിയണൽ ഓഫീസുകൾ, 26 റീജിയണൽ ഓഫീസുകൾ ഉൾപ്പെടെ വലിയൊരു നെറ്റ് വർക്ക് ശൃംഖല ഇ.എസ്.ഐ. കോർപ്പറേഷന് കീഴിലാണ്.

160 ആശുപത്രികളിൽ 102

ഹോസ്പിറ്റലുകളും ഡിസ്പൻസറികളും ഇ.എസ്.ഐ. കോർപ്പറേഷന്റെ സഹായത്തോടുകൂടി സംസ്ഥാന സർക്കാരുകളാണ് നടത്തുന്നത്. ഇ.എസ്.ഐ. കോർപ്പറേഷൻ നേരിട്ട് 58 ഹോസ്പിറ്റലുകൾ നടത്തുന്നത്.

കേരളത്തിൽ 8 ആശുപത്രികൾ സംസ്ഥാനസർക്കാരും 3 ആശുപത്രികൾ ഇ.എസ്.ഐ. കോർപ്പറേഷനുമാണ് നടത്തുന്നത്. പേരൂർക്കട (തിരുവനന്തപുരം, ആലപ്പുഴ, വടവാതൂർ, (കോട്ടയം), എറണാകുളം (നോർത്ത്) ഒളരി (തൃശൂർ), മുളങ്കുന്നത്ത് കാവ് (തൃശൂർ), ഫറോക്ക് (കോഴിക്കോട്), തോട്ടട (കണ്ണൂർ), എന്നീ ആശുപത്രികളാണ് സംസ്ഥാന സർക്കാർ നടത്തുന്നത്. ഇ.എസ്.ഐ. നേരിട്ട് നടത്തുന്ന ആശുപത്രികൾ. ഉദ്യോഗ മണ്ഡൽ (എറണാകുളം) ആശ്രാമം (കൊല്ലം), ഏഴുകോൺ (കൊല്ലം) എന്നിവയാണ് സംസ്ഥാന സർക്കാരിന്റെ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഡയറക്ടർ ഓഫ് ഇൻഷൂറൻസ് മെഡിക്കൽ സർവ്വീസസ്സ് (ഡി.ഐ.എം.എസ്.) ആണ് കേരളത്തിലെ ഡിസ്പൻസറികളും ആശുപത്രികളുടെ ഭരണ നിർവ്വഹണം നടത്തുന്നത്. കഴിഞ്ഞ ഇ.എസ്.ഐ.സി. ബോർഡ് യോഗം ഇടുക്കിയിൽ 100 ബെഡ്ഡ് ആശുപത്രി അനുവദിച്ചിട്ടുണ്ട്.

ഇൻഷൂർ ചെയ്യപ്പെട്ട വ്യക്തിക്കും അവരുടെ കുടുംബാംഗങ്ങൾക്കും തൊഴിലിൽ പ്രവേശിക്കുന്ന ആദ്യദിവസം മുതൽ ചികിത്സാ ആനുകൂല്യം ലഭിക്കുന്നതാണ്. ഔട്ട് പേഷ്യന്റ് ചികിത്സ, സ്പെഷ്യലിസ്റ്റ് ഡയഗോസ്റ്റിക്ക് സൗകര്യങ്ങൾ, ആശുപത്രിയിൽ കിടത്തി ചികിത്സ, സൗജന്യമരുന്നുകളും ഡ്രസ്സിങ്ങും, എക്സ്റേ ലാബോറട്ടറി പരിശോധനകൾ, കൃത്രിമ അവയവങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

**ഇൻഷൂർ ചെയ്യപ്പെട്ട വ്യക്തിക്കും അവരുടെ കുടുംബാംഗങ്ങൾക്കും തൊഴിലിൽ പ്രവേശിക്കുന്ന ആദ്യദിവസം മുതൽ ചികിത്സാ ആനുകൂല്യം ലഭിക്കുന്നതാണ്. ഔട്ട് പേഷ്യന്റ് ചികിത്സ, സ്പെഷ്യലിസ്റ്റ് ഡയഗോസ്റ്റിക്ക് സൗകര്യങ്ങൾ, ആശുപത്രിയിൽ കിടത്തി ചികിത്സ, സൗജന്യമരുന്നുകളും ഡ്രസ്സിങ്ങും, എക്സ്റേ ലാബോറട്ടറി പരിശോധനകൾ, കൃത്രിമ അവയവങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ അതിവിദഗ്ധ ചികിത്സക്കുള്ള സൗകര്യവും നൽകിവരുന്നു.**

കൂടാതെ അതിവിദഗ്ധ ചികിത്സക്കുള്ള സൗകര്യവും നൽകിവരുന്നു.

**വിഹിതകാലാവധിയും ആനുകൂല്യ കാലാവധിയും**

ഇൻഷൂർ ചെയ്ത ഓരോ ജീവനക്കാരനെ സംബന്ധിച്ചും ഓരോ വർഷവും 6 മാസം വീതം ദൈർഘ്യമുള്ള രണ്ട് വിഹിതകാലാവധി (കോൺട്രിബ്യൂഷൻ പീരിഡ്)കളാണ്. ഓരോ വിഹിത കാലാവധിക്കും ക്രമപ്രകാരമുള്ള ആനുകൂല്യം കാലവധി (ബെനിഫിറ്റ് പിരീഡ്) കളുമാണ്. അത് താഴെ പറയുന്നു.

**വിഹിത കാലാവധി**

ഏപ്രിൽ 1-ാം തീയതി മുതൽ സെപ്തംബർ 30-ാം തീയതി വരെ.

തുടർന്നുവരുന്ന ഒക്ടോബർ 1-ാം തീയതി മുതൽ മാർച്ച് 31-ാം തീയതി വരെ.

ക്രമ പ്രകാരമുള്ള ആനുകൂല്യ കാലാവധി

തുടർന്നു വരുന്ന വർഷം ജനുവരി 1-ാം തീയതി മുതൽ ജൂൺ 30-ാം തീയതി വരെ കലണ്ടർ വർഷത്തിൽ ജൂലായ് 1 മുതൽ ഡിസംബർ 31 വരെ

ആദ്യമായി നിയമ പ്രകാരം ജീവനക്കാരനാകുന്ന വ്യക്തിയുടെ ആദ്യവിഹിത കാലാവധി, അയാൾ ജോലിയിൽ പ്രവേശിച്ച ദിവസം മുതൽ ആരംഭിക്കുന്നതും അയാളുടെ ക്രമ പ്രകാരമുള്ള ആനുകൂല്യ കാലാവധി ജോലിയിൽ പ്രവേശിച്ച ദിവസം മുതൽ 9 മാസത്തിനുശേഷം ആരംഭിക്കുന്നതുമാണ്.

(തുടരും)

# ഭാരത റിപ്പബ്ലിക്കിന്റെ ഏഴരപ്പതിറ്റാണ്ട്



**കെ. വി. രാജേന്ദ്രൻ**


THE CONSTITUTION OF INDIA

WE, THE PEOPLE OF INDIA, having solemnly resolved to constitute India into a SOVEREIGN DEMOCRATIC REPUBLIC and to secure to all its citizens:

JUSTICE, social, economic and political:

LIBERTY of thought, expression, belief, faith and worship:

EQUALITY of status and of opportunity:

and to promote among them all

FRATERNITY assuring the dignity of the individual and the unity of the Nation:

IN OUR CONSTITUENT ASSEMBLY this twenty-sixth day of November, 1949, do HEREBY ADOPT, ENACT AND GIVE TO OURSELVES THIS CONSTITUTION.

Signature of the artist Beohar Rammanohar Sinha as 'Ram'
अलंकरणकर्ता ब्यौहार राममनोहर सिंहा के संक्षिप्त हस्ताक्षर 'राम'

**1947–ൽ** 36 കോടി ജനങ്ങളുണ്ടായിരുന്ന ഇന്ത്യയിൽ ഒരു പുതിയ ഭരണഘടനയ്ക്ക് രൂപംകൊടുത്തതാണ് ഭാരതത്തിന്റെ സുപ്രധാനമായ നേട്ടം. ഭരണഘടനാ സമിതിയെ സംബന്ധിച്ചിടത്തോളം ഒരു പുതിയ ഭരണസംവിധാനത്തിന് രൂപം കൊടുക്കുക എന്നത് വളരെ ശ്രമകരമായ പ്രക്രിയ ആയിരുന്നു. ഭാഷ, മതം, വർഗ്ഗം, സംസ്കാരം എന്നിവയെ സംബന്ധിച്ച് ആരെയും അമ്പരപ്പിക്കുന്ന വൈവിധ്യം നിലനിന്നിരുന്ന ഭാരതം - ഇതിനു പുറമേ സാമൂഹ്യവും രാഷ്ട്രീയവും സാമ്പത്തികവുമായ വൈവിധ്യവും അതിന്റെ പേരിലുള്ള സങ്കീർണ്ണമായ പ്രശ്നങ്ങളും നമ്മൾ നേരിടേണ്ടിവന്നു. 'രാജ്യത്തിന്റെ ഭരണകാര്യങ്ങൾ നിർവ്വഹിച്ചുകൊണ്ട് പോകാൻ ചുമതലപ്പെട്ട ഭരണകൂടത്തിന്റെ സംവിധാനത്തെപ്പറ്റി പ്രതിപാദിക്കുന്ന ഒരു പ്രമാണ രേഖ മാത്രമല്ല ഈ ഭരണഘടന. ഇത് രാജ്യത്തിന്റെ ജനകോടികളുടെ ആദർശങ്ങളുടെയും അഭിലാഷങ്ങളുടെയും മൂർത്തിമത്ഭാവവും കൂടിയാണ്.'

പൂർവസൂരികളായ ഋഷികൾ സ്വജീവിതം കൊണ്ട് സ്ഫുടം ചെയ്തെടുത്ത ജീവിതാംശത്തിന്റെ ജൈവസാന്നിധ്യം കൂടിയുള്ള മണ്ണാണിത്. ആധുനിക ഭരണഘടനകൾ പൊതുവെ സങ്കീർണ്ണമായ രേഖകളാണ്. അതിനു കാരണം ഭരണകൂടത്തിന്റെ സംവിധാനത്തിൽ അന്തർഭവിച്ചിട്ടുള്ള സങ്കീർണ്ണതയാണ്. ലളിതവും ഹ്രസ്വവുമായ ഒരു പ്രമാണരേഖയെന്ന പഴയ ആദർശം പ്രായോഗികമല്ലാതായിരിക്കുന്നു. ആധുനിക യുഗത്തിലെ ഏതൊരു രാഷ്ട്രത്തിനും നിർമ്മാണാത്മകമായ അനേകം രംഗങ്ങളിൽ അതിന്റെ കടമ നിർവഹിക്കേണ്ടതുണ്ട്. അത് പോലെതന്നെ പൗരസഞ്ചയത്തിന്റെ അവകാശങ്ങളും കടമകളും പരിരക്ഷിക്കപ്പെടേണ്ടതുണ്ട്. ഭരണഘടന സങ്കീർണ്ണമാകുന്നഘടകങ്ങൾ നിരവധിയാണ്. ഭരണകൂടത്തിന്റെ വിവിധ തലങ്ങൾ തമ്മിലും വിവിധ ഘടകങ്ങൾ തമ്മിലുമുള്ള ബന്ധങ്ങൾ നിർവ്വചിക്കേണ്ടതുണ്ട്. ഇതെല്ലാം വിശദമായി ഉൾക്കൊള്ളുക എന്നതാണ് ആദ്യത്തെ ഘടകം.

1947-ൽ ബ്രിട്ടീഷ് പാർലമെന്റ് പാസ്സാക്കിയ ഇന്ത്യൻ സ്വാതന്ത്ര്യ നിയമം അനുസരിച്ച് സ്വതന്ത്രമായ ഭാരതത്തിന് സിന്ധ് ബലൂചിസ്ഥാൻ, വ




**1992ൽ മുരളി മനോഹർ ജോഷിയും നരേന്ദ്രമോദിയും ലാൽചൗക്കിൽ ദേശീയ പതാക ഉയർത്തുന്നു.**

ടക്കു പടിഞ്ഞാറൻ അതിർത്തി പ്രദേശങ്ങൾ, പശ്ചിമപഞ്ചാബ്, പൂർവ ബംഗാൾ എന്നീ പ്രവിശ്യകളും ആസാമിലെ സിൽഹറ്റ് ജില്ലയും ഒഴികെയുള്ള ഭാരത ഭൂപ്രദേശങ്ങൾ ഇന്ത്യയ്ക്കും ബാക്കിയുള്ളത് പാകിസ്ഥാനും ലഭിച്ചു. രണ്ട് ഡൊമിനിയനുകളിലെയും ഭരണഘടനാ സമിതിക്ക് ഏത് തരം ഭരണഘടനയും തങ്ങളുടെ ഇഷ്ടംപോലെ രൂപീകരിക്കുവാനും ഇന്ത്യൻ സ്വാതന്ത്ര്യനിയമം ഉൾപ്പെടെ ബ്രിട്ടീഷ് പാർലമെന്റ് പാസ്സാക്കിയിട്ടുള്ള ഏത് നിയമവും അസാധുവാക്കാനുള്ള വിപുലമായ അധികാരവും ലഭിച്ചു. ഭാരതവിഭജനത്തിന് മുമ്പ് മുഴുവൻ ഭാരതത്തിനുവേണ്ടി 1946-ൽ ക്യാബിനറ്റ് മിഷന്റെ നിർദ്ദേശപ്രകാരം ഇന്ത്യൻ ഭരണഘടന നിർമ്മാണ സഭ പ്രവർത്തനമാരംഭിച്ചു. 1946 ഡിസംബർ 9-നായിരുന്നു ആദ്യ സമ്മേളനം. 1947 ആഗസ്റ്റ് 14ന് വൈകീട്ട് ഇന്ത്യൻ ഡൊമിനീയന്റെ പരമാധികാരസഭയെന്ന രീതിയിൽ ബ്രിട്ടീഷുകാരിൽ നിന്ന് അധികാരം ഏറ്റുവാങ്ങുന്നതിനായി അത് വീണ്ടും സമ്മേളിച്ചു. ആഗസ്റ്റ് 15-ാം തീയതിയിലെ അർദ്ധരാത്രിയിൽ ചരിത്രമുഹൂർത്തത്തിൽ ഇന്ത്യൻ ഡൊമിനിയൻ പിറവിയെടുത്തു. 1949 മെയ്മാസത്തിൽ ഭാരതം ഒരു റിപ്പബ്ലിക്കായി തീരണമെന്ന് തീരുമാനിച്ചു. ബ്രിട്ടീഷുകാരാൽ നിർമ്മിക്കപ്പെട്ട 1946-ലെ ഭരണഘടനാ നിർമ്മാണ സഭയിൽ 17 മലയാളികളടക്കം 385 അംഗങ്ങൾ ഉണ്ടായിരുന്നു. അത് ബ്രിട്ടീഷ് പാർലമെന്റിന്റെ ഉപരിതീരുമാനത്തിൽ വിധേയമായി പ്രവർത്തിച്ച സഭയായിരുന്നു. 1947-ലെ ഇന്ത്യൻ സ്വാതന്ത്ര്യനിയമം അതിന്റെ സ്വാഭാവത്തിൽ മാറ്റം വരുത്തുകയും പരമാധികാരസഭയായി മാറുകയും ചെയ്തു. രാജേന്ദ്രപ്രസാദ് സഭാധ്യക്ഷനായി. ജവഹർലാൽ നെഹ്റു, സർദാർ വല്ലഭായ് പട്ടേൽ, ഡ്രാഫ്റ്റിംഗ് കമ്മിറ്റി അധ്യക്ഷനായ ബി.ആർ. അംബേദ്ക്കർ, അല്ലാടി കൃഷ്ണസ്വാമി അയ്യർ, എൻ. ഗോപാലസ്വാമി അയ്യങ്കാർ, കെ. എം. മുൻഷി, ടി.ടി. കൃഷ്ണനാചാരി, ബി.എൻ. റാവു എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയുമായി 395 വകുപ്പുകളും 8 പട്ടികകളുമായി അന്തിമരൂപം കൈവന്നു. ഏഴായിരത്തിലേറെ ഭേദഗതികളിൽ 2473 എണ്ണം സഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്ത് തീരുമാനിക്കപ്പെട്ടു.

1949 നവംബർ 26ന് ഭരണഘടനാ സമിതി ഭരണഘടന അന്തിമരൂപത്തിൽ പാസ്സാക്കി അംഗീകരിച്ചു. എങ്കിലും 1950 ജനുവരി 26ന് മാത്രമാണ് ഭരണഘടന ഔപചാരികമായി ഉദ്ഘാടനം ചെയ്തത്. ജനകീയപരമാധികാരം, മൗലികാവകാശങ്ങൾ, നിർദ്ദേശകതത്വങ്ങൾ, സോഷ്യലിസം, മതേതരത്വം (സങ്കൽപം) ജുഡീഷ്യറിയുടെ സ്വാതന്ത്ര്യം, ഫെഡറലിസം, ക്യാബിനറ്റ് ഭരണസംവിധാനം തുടങ്ങി എട്ട് വിഷയങ്ങളെ ഭരണഘടന ചർച്ച

ചെയ്യുന്നു. 1949-ൽ ഭരണഘടന ആദ്യരൂപത്തിൽ പാസ്സാക്കപ്പെട്ടപ്പോൾ ഒരിടത്തും മതേതരത്വം എന്ന പദം ഉണ്ടായിരുന്നില്ല. എന്നാൽ ഭരണഘടനാ നിർമ്മാണസഭയിലെ ആളുകൾക്ക് അതിനെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടായിരുന്നുതാനും. 1976-ലെ നാൽപ്പത്തിരണ്ടാം ഭരണഘടനാ ഭേദഗതിയിലൂടെയാണ്. ശ്രീമതി ഇന്ദിരാഗാന്ധിയാണ് ഈ പദം ഭരണഘടനയിൽ എഴുതിചേർത്തത്. ലോകത്തെ ഏറ്റവും വലിയ എഴുതപ്പെട്ട ഭരണഘടനയാണ് നമ്മുടേത്.

404 അനുച്ഛേദങ്ങളും 23 ഭാഗങ്ങളും 12 പട്ടികകളും 73 ഭേദഗതികളുമായി 300ൽപ്പരം പേജുകളുള്ള ഭരണഘടന. 1952ൽ മദ്രാസ് സംസ്ഥാനത്ത് ഉൾപ്പെട്ടിരുന്ന പ്രദേശം തെലുങ്കരുടെ സമ്മർദ്ദത്തിന് വഴങ്ങി ആന്ധ്രപ്രദേശ് സംസ്ഥാനം രൂപീകരിച്ചപ്പോൾ ഭാഷാടിസ്ഥാനത്തിൽ പുതിയ സംസ്ഥാനങ്ങൾ വേണമെന്ന മുറവിളിയുണ്ടായി. സുപ്രീംകോടതിയിലെ മുൻ ജഡ്ജിയായ ഫസൽ ആലിയാർ ചെയർമാനും പണ്ഡിറ്റ് ഹൃദയനാഥ കുൻസ്രു, സർദാർ കെ.എം. പണിക്കർ എന്നിവരുൾപ്പെട്ട കമ്മീഷൻ നിലവിൽവന്നു. 1955 സെപ്തംബർ 30ന് കമ്മീഷൻ റിപ്പോർട്ട് നൽകി. 1956 നവംബർ 1ന് ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ നിലവിൽവന്നു. 14 സംസ്ഥാനങ്ങളും ആറ് കേന്ദ്രഭരണപ്രദേശങ്ങളുമായി പുനഃസംഘടിപ്പിക്കപ്പെട്ടു. ആധുനിക ഭാരതത്തിന്റെ പിറവിയെന്നാഘോഷിച്ച ദിനം. 1950 മുതലിങ്ങോട്ട് പരിശോധിച്ചാൽ നമ്മുടെ രാഷ്ട്രത്തിന്റെ പരമാധികാരത്തിന് നേരെ വെല്ലുവിളികൾ ഉയർത്തിയ നിരവധി സംഭവങ്ങളുണ്ട്. ദ്വിരാഷ്ട്രവാദമുയർത്തിയ മുസ്ലീം ലീഗും, പിറവിയിൽതന്നെ ജനിതകവൈകല്യമുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിയും

**മുരളീമനോഹർ ജോഷിയുടെ ഏകതായാത്ര എല്ലാ പ്രതിബന്ധങ്ങളെയും തരണം ചെയ്ത് 1992 ലെ റിപ്പബ്ലിക് ദിനത്തിൽ ലാൽചൗക്കിൽ ദേശീയപതാക ഉയർത്തി. ഭരണഘടനയ്ക്കെതിരെ പ്രവർത്തിച്ചവർക്കുള്ള മുന്നറിയിപ്പായിരുന്നു അത്.**

ഇതിനായി നടത്തിയ കുപ്രചരണങ്ങളും മറ്റ് പ്രചാരവേലകളും പലരൂപത്തിലും ഭാവത്തിലും ഇന്നും തുടരുന്നു. 1962-ലെ അപ്രതീക്ഷിതമായ ചൈന ആക്രമണം റിപ്പബ്ലിക്കിനു നേരെയുണ്ടായ ആദ്യ വൈദേശിക വെല്ലുവിളിയായിരുന്നു. അന്നത്തെ നെഹ്രു സർക്കാരിന് പ്രതിരോധിക്കാനാവാത്തവിധം ഭാരതീയ മനസ്സുകളിൽ മുറിവുണ്ടാക്കി. പ്രത്യേകിച്ചും അരുണാചൽപ്രദേശം ഇന്നും ചൈനയുടെ സാമ്രാജ്യത്തമോഹം അടിച്ചേൽപ്പിക്കാൻ ശ്രമിച്ചതിന്റെ അടയാളമായി നിൽപ്പുണ്ട്. സ്വാമി വിവേകാനന്ദന്റെ നൂറാം ജന്മവാർഷികം ആഘോഷിക്കുന്ന വേളയിലാണ് ചൈനയുടെ കയ്യേറ്റം എന്ന അപ്രതീക്ഷിത പരാജയം. രാജ്യത്തിന്റെ ആത്മാഭിമാനത്തിനേറ്റ തിരിച്ചടിയായിരുന്നു അത്. ഏകനാഥറാനഡെയുടെ നേതൃത്വത്തിൽ കന്യാകുമാരി ശ്രീപാദപ്പാറയിൽ ഉയർന്നുപൊങ്ങിയ വിവേകാനന്ദ സ്മാരകം രാഷ്ട്രബോധത്തിന്റെ ഔന്നത്യത്തെ ഉദ്ഘോഷിക്കുന്നതായി മാറി.

1965-ലെ പാക്ക് യുദ്ധത്തെ പരാജയപ്പെടുത്തി ലാഹോർവരെ പിടിച്ചെടുത്ത നമ്മുടെ സേനയുടെ അഭിമാനാർഹമായ മുന്നേറ്റത്തെ ഏകപക്ഷീയമായി പിന്തിരിപ്പിച്ച അന്നത്തെ രാഷ്ട്രനേതൃത്വം. തുടർന്ന് 1971-ൽ നടന്ന യുദ്ധത്തിൽ ബംഗ്ലാദേശ് രൂപീകരിച്ച് പാക്കിസ്ഥാന്റെ നട്ടെല്ല് തകർക്കാൻ നമുക്കായി. പഞ്ചവൽസരപദ്ധതികളും ബാങ്ക്ദേശസാൽക്കരണവും അടക്കം ഭാരതറിപ്പബ്ലിക്കിനെ ശക്തിപ്പെടുത്തിയ ഭരണകൂടം 1975-ൽ അടിയന്തിരാവസ്ഥ പ്രഖ്യാപനത്തിലൂടെ ലോകരാഷ്ട്രങ്ങളുടെ മുമ്പിൽ ഭാരതമഹിമയെ ഇകഴ്ത്തിക്കാട്ടി. ഭരണഘടന സസ്പെന്റ് ചെയ്യപ്പെട്ടു. മാധ്യമ സ്വാതന്ത്ര്യം ഇല്ലാതാക്കി. ജുഡീഷ്യറിയെ തൻവരുതിയിലാക്കി ലക്ഷണമൊത്ത ഏകാധിപതിയായി മാറിയ ഇന്ദിരാഗാന്ധി. രാഷ്ട്രീയ സ്വയംസേവകസംഘവും, ജനസംഘവും ജയപ്രകാശ്നാരായണനും ഒക്കെ ചേർന്ന സംഘടിതമായ ജനകീയ മുന്നേറ്റം ഭരണകൂടത്തെ തൂത്തെറിഞ്ഞു. ആയിരങ്ങൾ അടരാടി തടവറകളിൽ അടയ്ക്കപ്പെട്ട കറുത്തദിനങ്ങൾ മാഞ്ഞുപോയി. സ്വാത

**സ്വാമി വിവേകാനന്ദന്റെ നൂറാം ജന്മവാർഷികം ആഘോഷിക്കുന്ന വേളയിലാണ് ചൈനയുടെ കയ്യേറ്റം എന്ന അപ്രതീക്ഷിത പരാജയം. രാജ്യത്തിന്റെ ആത്മാഭിമാനത്തിനേറ്റ തിരിച്ചടിയായിരുന്നു അത്. ഏകനാഥറാനഡെയുടെ നേതൃത്വത്തിൽ കന്യാകുമാരി ശ്രീപാദപ്പാറയിൽ ഉയർന്നു പൊങ്ങിയ വിവേകാനന്ദസ്മാരകം രാഷ്ട്രബോധത്തിന്റെ ഔന്നത്യത്തെ ഉദ്ഘോഷിക്കുന്നതായി മാറി.**

ന്ത്ര്യത്തിന്റെ സൂര്യോദയം, ഭരണഘടന പുനഃസ്ഥാപിക്കപ്പെട്ടു. എൺപതുകളിൽ കമ്മ്യൂണിസ്റ്റ് വൈതാളികരും, ഇസ്ലാമിക ജിഹാദി ഭീകരവാദികളും അഖണ്ഡതയ്ക്കുനേരെ വെല്ലുവിളി ഉയർത്തിയ നാളുകൾ - കാശ്മീരിൽനിന്നു പലായനം ചെയ്യപ്പെട്ട പതിനായിരക്കണക്കിന് കാശ്മീരി പണ്ഡിറ്റുകൾ സ്വന്തംനാട്ടിൽ അഭയാർത്ഥികളാവേണ്ടി വന്ന ചരിത്രം - ഭീകരാക്രമണങ്ങൾ നാടിന്റെ ഉറക്കം കെടുത്തിയ ദിനരാത്രങ്ങൾ - കാശ്മീരിലും മുംബെയിലുമായി ചിതറിത്തെറിച്ച നൂറ് കണക്കിന് നിരപരാധികൾ. ഭരണകൂടം അപ്പോഴും വോട്ട് ബാങ്കിനൊപ്പമായിരുന്നു. ചൈനയിൽനിന്ന് തുടങ്ങി നേപ്പാളിലൂടെ ചത്തീസ്ഗട്ടും ഝാർഖണ്ഡും ആന്ധ്രയും കടന്ന് വയനാട് വരെ എത്തിയ ''ചുവന്ന ഇടനാഴി'' നക്സലൈറ്റ് സായുധവിപ്ലവത്തിന ചൂട്ട്പിടിക്കാൻ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ ദേശീയനേതൃത്വം ധാരാളം വിയർപ്പൊഴുക്കിയിരുന്നു. 1984-ൽ ഇന്ദിരാഗാന്ധിയുടെ വധത്തെ തുടർന്നുണ്ടായ ഏകപക്ഷീയമായ സിക്ക് കൂട്ടക്കൊല വംശഹത്യയുടെ ലക്ഷണമൊത്ത കോൺഗ്രസ്സിന്റെ പകപോക്കലായിരുന്നു - രാജീവ്ഗാന്ധിവധവും പരമാധികാരത്തിന് നേരെയുള്ള വെല്ലുവിളിയായിരുന്നു.

സ്വാതന്ത്ര്യസമരത്തിന് ശേഷം ഭാരതം കണ്ട ജനമുന്നേറ്റമായിരുന്നു അയോധ്യാ പ്രക്ഷോഭം. അത് രാഷ്ട്രഏകതയുടെ പര്യായമായി. എന്തുകൊണ്ടോ ഇന്ത്യൻ കമ്മ്യൂണിസ്റ്റുകൾ വെറുപ്പിന്റെ രാഷ്ട്രീയം കലർത്തി മതത്തിന്റെ പേരിൽ ഭാരതമനസ്സുകളെ വിഭജിക്കാനാണ് ശ്രമിച്ചത്. ഇർഫാൻ ഹബീബ്, റൊമീളഥാപ്പർ, രാമചന്ദ്രഗുഹ തുടങ്ങിയ ഇടത് എഴുത്തുകാർ മഹാത്മാഗാന്ധിയുടെ രാമരാജ്യസങ്കൽപത്തിന്റെ പ്രതിഷ്ഠാപനത്തെ എതിർത്തിരുന്നു. നാട്ടിലെമ്പാടും കലാപമുണ്ടാക്കി ഭരണഘടനയെ വെല്ലുവിളിച്ചു. ഭരണസ്വാതന്ത്ര്യദിനത്തിൽ കാശ്മീരിലെ ലാൽചൗക്കിൽ പാകിസ്ഥാൻ പതാക ഉയർത്തുന്നത് പതിവായി. തെരുവുകളിൽ പാക്ക് ക്രിക്കറ്റ്ടീമിന്റെ വിജയം ആഘോഷിക്കുന്ന വാർത്തകൾ - ദേശീയതയെ അപകീർത്തിപ്പെടുത്തുന്ന നിരന്തരപരിപാടികൾ - അവിടെയാണ് മുരളീമനോഹർ ജോഷിയുടെ ഏകതായാത്ര എല്ലാ പ്രതിബന്ധങ്ങളെയും തരണം ചെയ്ത് 1992 ലെ റിപ്പബ്ലിക് ദിനത്തിൽ ലാൽചൗക്കിൽ ദേശീയപതാക ഉയർത്തിയത്, ഭരണഘടനയ്ക്കെതിരെ പ്രവർത്തിച്ചവർക്കുള്ള മുന്നറിയിപ്പായിരുന്നു അത്. അതിന്റെ പിന്നണിയിൽ പ്രവർത്തിച്ച നരേന്ദ്രമോദി പിന്നീട് ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്നപ്പോഴാണ്, ഗോധ്രസംഭവം ഉണ്ടാകുന്നത്. അയോധ്യയിൽ പൂജകഴിഞ്ഞ് തിരിച്ചുവരുന്ന സബർമതി എക്സ്പ്രസ്സിലെ യാത്രക്കാരായ 56 രാമസേവകരെ, മുസ്ലീം മതമൗലികവാദികൾ കത്തിച്ചു ചാമ്പലാക്കിയപ്പോൾ ഉണ്ടായ സ്വാഭാവികമായ പ്രതിരോധം, പിന്നണിയിൽനിന്ന് ആളും അർത്ഥവും നൽകി ഭീകരവാദത്തെ സഹായിച്ചവർ ആ തീക്കാറ്റിൽ നിലംപതിച്ചുവെന്നത് വാസ്തവമാണ്. എന്നാൽ മുൻകാല ഗുജറാത്ത് കലാപങ്ങളെ അപേക്ഷിച്ച് വളരെ വേഗത്തിൽ കലാപം ശമിപ്പിക്കാനായി. ക്രമസമാധാനം പുനഃസ്ഥാപിക്കപ്പെട്ടു.

നരേന്ദ്രമോദി പ്രധാനമന്ത്രിയായതിന് ശേഷം നിക്ഷ്പക്ഷമായി വിലയിരുത്തിയാൽ രാഷ്ട്രം അതിന്റെ സ്വത്വം വീണ്ടെടുക്കുകയാണ്. ഭാരത റിപ്പബ്ലിക് അതിന്റെ പൂർണ്ണ അർത്ഥം കൈവരിക്കുന്ന കാഴ്ച ജനമനസ്സുകളിൽ ഭാവാത്മകമായ ചിന്ത വളർത്തി. നൂറ്റാണ്ടുകളായി ദേശീയമനസ്സിൽ കനലെരിഞ്ഞ അയോധ്യാവിഷയം കോടതിയുടെ സഹായത്തിലൂടെ പരിഹാരം കാണുന്നു. ഭാരതാംബയുടെ ഹൃദയതടത്തിൽ മര്യാദപുരുഷോത്തമനായ ഭഗവാൻ കോദണ്ഡരാമന്റെ ഭവ്യസ്മാരകം ഉയരുന്നു. പുൽവാമയിൽ ചിന്തിയ സൈനികരുടെ ചോരയ്ക്ക് അതിർത്തി കടന്നുള്ള സർജിക്കൽ സ്ട്രൈക്കിലൂടെ ഭീകരവാദത്തിന്റെ ഈറ്റുമാളങ്ങളിൽ ഭാരത സൈനികർ ശിവതാണ്ഡവമാടിയ കാ



**കന്യാകുമാരിയിലെ വിവേകാനന്ദ ശിലാസ്മാരകം**

ഴ്ച. പലായനം ചെയ്യപ്പെട്ട പണ്ഡിറ്റുകൾ സ്വന്തം വീടുകളിലേക്ക് തിരിച്ചുവരുന്നു. സിനിമാതീയേറ്ററുകൾ തുറക്കപ്പെടുന്നു, മഞ്ഞുരുകിയ ഡാൽ തടാകത്തിൽ സന്ദർശകരാൽ നിറഞ്ഞ ഹൗസ് ബോട്ടുകൾ ഒഴുകിനടക്കുന്നു. രാഷ്ട്രീയ എതിരാളികൾക്കു നടന്നുപോയി മഞ്ഞ് വാരിക്കളിക്കാൻ തക്ക പാകത്തിലേക്ക് കശ്യപഭൂമി മടങ്ങിയെത്തി. 370-ാം വകുപ്പ് റദ്ദാക്കപ്പെട്ടതിലൂടെ ഭരണഘടനാ ശില്പികൾ സ്വപ്നം കണ്ട ഏകഭാരതം നിലവിൽവന്നു.

മുത്തലാക്ക് ബില്ലിലൂടെ മുസ്ലീം സ്ത്രീകൾക്ക് നഷ്ടപ്പെട്ട മാന്യത തിരിച്ചുകിട്ടുന്നു. പൗരത്വനിയമം രാഷ്ട്രത്തിന്റെ ഈടുവയ്പുകളെ ബലപ്പെടുത്തുന്നു. രാജ്യചരിത്രത്തിലെ ഏറ്റവും ചുരുങ്ങിയ പണപ്പെരുപ്പത്തിന്റെ നിലയിലെത്തി. ഭീകരപ്രവർത്തനം ഏറെക്കുറെ ഇല്ലാതാക്കി. 15 പുതിയ എയിംസ് ആരംഭിച്ചു. 1.8ലക്ഷം കി. മീ. ഹൈവേയിലൂടെ രാഷ്ട്രത്തിന്റെ രക്തയോട്ടത്തിൽ കരുത്ത് വർദ്ധിപ്പിച്ചു. പുതിയ ഐഐടികൾ, പുതിയ ഐഐഎമ്മുകൾ, 35 വിമാനത്താവളങ്ങൾ, ഭാരതസേനയുടെ ആധുനികവൽക്കരണം - ആത്മനിർഭർ ഭാരതം - മെയ്ക്ക് ഇൻ ഇന്ത്യ പദ്ധതിയിലൂടെ ആയുധ നിർമാണവും കയറ്റുമതിയും. സ്ത്രീശാക്തീകരണം വാക്കുകളിലല്ല പ്രവൃത്തിയിൽ യുദ്ധമുഖത്തും. യുദ്ധവിമാനങ്ങളിലും സ്ത്രീസാന്നധ്യം. പി.എം. കിസാൻ പദ്ധതി, കാർഷിക ബിൽ, ഭാരതം ലോകത്തിലെ രണ്ടാമത്തെ സോളാർ ശക്തി, സ്റ്റീൽ, മൊബൈൽ ഉത്പാദനത്തിൽ ഭാരതം രണ്ടാമത് - ഗ്രാമീണ മേഖലയിൽ പോസ്റ്റാഫീസുകൾ ബാങ്കുകളായി മാറുന്നത് - മുൻ സർക്കാരുകൾ കടംവാങ്ങിയ രണ്ടര ലക്ഷം കോടിയുടെ ഇന്ധനക്കടം അടച്ചുതീർത്തു. ലോകത്തെ ഏറ്റവും മികച്ച വലിപ്പമേറിയ ആരോഗ്യ പദ്ധതി, ആയുഷ്മാൻ ഭാരത്, ബാങ്കുകളുടെ നിഷ്ക്രിയ ആസ്തികളിൽ വൻകുറവ്, മൊത്ത ജിഡിപിയുടെ സ്ഥാനത്തിൽ 11-ാം സ്ഥാനത്തുനിന്നും 5-ാം സ്ഥാനത്തേയ്ക്ക് - പുതിയ മുങ്ങിക്കപ്പലുകൾ, യുദ്ധവിമാനങ്ങൾ, പത്മ പുരസ്കാരങ്ങൾ സാധാരണക്കാരിലേക്ക് അതുവഴി ആദിവാസികൾ, കർഷകർ, ചെറുകച്ചവടക്കാർ ആദരിക്കപ്പെടുന്നു. റിപ്പബ്ലിക്ദിന പരേഡിൽ മുൻനിരയിൽ ഇരിപ്പിടം നൽകിയത് സാമൂഹ്യജീവിതത്തിൽ അരിക് വൽക്കരിക്കപ്പെട്ട റിക്ഷതൊഴിലാളികൾ, കർഷകർ തുടങ്ങിയവർക്ക്... ഭാരതം ആത്മാവിഷ്ക്കാരം നടത്തുകയാണ്. പതിനായിരങ്ങൾ ആയുസ്സും വപുസ്സുമൊടുക്കി നേടിയ സ്വാതന്ത്ര്യത്തിന്റെ കാവലാളായി ഭരണകൂടം മാറുന്നു. വ്യാസഭാരതം ഉയർത്തെഴുന്നേല്ക്കുന്നു. വീണ്ടും വിശ്വഗുരുസ്ഥാനത്തേയ്ക്ക് - ജി 20യുടെ നേതൃത്വം വഹിക്കുന്ന ഭാരതം ലോകരാഷ്ട്രങ്ങളെ നയിക്കാൻ തക്കപാകത്തിലേക്ക് ഉണർവിന്റെ ഒഴുക്ക് തുടരുകയാണ്. ആദിയിൽ ആരംഭിച്ച അമരപ്രവാഹം ആയിരത്താണ്ടുകാലത്ത ആക്രമണങ്ങൾ വരുത്തിയ കേടുപാടുകൾ തൂത്തെറിഞ്ഞ് അതിന്റെ തനിമയിലേക്കു മടങ്ങുന്നു. രാമകൃഷ്ണവിവേകാനന്ദന്മാർ സ്വപ്നംകണ്ട ആർഷദർശനത്തികവോടെ റിപ്പബ്ലിക് പൂർണ്ണ സ്വാതന്ത്ര്യത്തിന്റെ കരുത്തോടെ ചിറകടിച്ചുയരുന്നു.

# നിരീക്ഷണങ്ങൾ

## വിശകലനങ്ങൾ

# ദുരവസ്ഥയ്ക്ക് നൂറു വയസ്സ്



**കല്ലറ അജയൻ**
**9446751163**






ആശാന്റെ കൃതികളിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ടത് ദുരവസ്ഥയാണ്.

“കാലം വൈകിപ്പോയി. കേവലമാചാര-
നൂലുകളെല്ലാം പഴകിപ്പോയി
കെട്ടിനിറുത്താൻ കഴിയാത്ത ദുർബ്ബല-
പ്പെട്ടചരടിൽ ജനതനിൽക്കാ-
മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ
മാറ്റുമതുകളീ നിങ്ങളെത്താൻ”
“കാലിന്നടിയിലുമസ്വസ്ഥതയുടെ
കോലാഹലങ്ങൾ മുഴങ്ങുന്നു”

തുടങ്ങിയ വരികൾ മാറ്റം ആഗ്രഹിച്ച മലയാളികളെല്ലാം വേദവാക്യംപോലെ നെഞ്ചിലേറ്റിയവാണ്.

‘മദ്വചനങ്ങൾക്കു മാർദ്ദവമില്ലെങ്കിൽ
ഉദ്ദേശശുദ്ധിയാൽ മാപ്പു നൽകിൻ’ എന്ന ഈരടി കഥാപ്രസംഗക്കാർപോലും തുടർച്ചയായി ഉദ്ധരിച്ചു കേൾക്കുന്നതു പതിവായിരുന്നു.

“തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ
കെട്ടില്ലാത്തോർ തമ്മിലുണ്ണാത്തോരിങ്ങനെ
യൊട്ടല്ലഹോ ജാതിക്കോമരങ്ങൾ”
“എത്രപെരുമകൾ ശങ്കരാചാര്യന്മാ-
രെത്രയോ തുഞ്ചന്മാർ കുഞ്ചന്മാരും
ക്രൂരമാം ജാതിയാൽ നൂനമലസിപ്പോയ്
കേരളമാതാവേ നിൻ വയറ്റിൽ”
“അന്തണരെചമച്ചുള്ള കൈയല്ലോ
ഹന്തനിർമിച്ചു ചെറുമനേയും”

എന്നിങ്ങനെ ജാതിക്കെതിരെ പടഹമടിച്ചു പാടിയ വരികളും ‘ദുരവസ്ഥ’യെന്ന ഈ മനോഹരകാവ്യത്തിലുള്ളതാണ്. അതേസമയം ജാതിയെന്ന സാമൂഹ്യാചാരം എതിർക്കപ്പെടേണ്ടതാണെങ്കിലും അതു തന്റെ മതവിശ്വാസത്തെ ഒരുതരത്തിലും ദുർബലപ്പെടുത്തില്ല എന്ന സൂചനയും അദ്ദേഹം നൽകുന്നുണ്ട്.

“അന്യമതങ്ങളിൽ ജാതിയില്ലെന്നുള്ള
ധന്യതയുണ്ടതുനേരെന്നാലും
ഇന്നിളക്കീടുവതെല്ലെനിക്കുള്ളിൽവേ
രൂന്നിയുറച്ച വിശ്വാസവൃക്ഷം
വിശ്വാസമല്ലോ വിളക്കുമനുഷ്യനു
വിശ്വാസം ജീവസർവ്വസ്വമല്ലോ
ഒക്കെയും പോമതുപോയാൽ കെടുമാരും
ചുക്കാൻ പോയുള്ളൊരു കപ്പൽപോലെ”

ഈ വരികളിൽ തന്റെ മതവിശ്വാസവും ഈശ്വരവിശ്വാസവും ജാതിയോടുള്ള എതിർപ്പിന്റെ പേരിൽ ഉപേക്ഷിക്കാൻ താൻ തയ്യാറല്ലെന്ന് ആശാൻ അടിവരയിട്ടു പറയുന്നുമുണ്ട്.

ദുരവസ്ഥ ഏറ്റവും കൂടുതൽ ഇന്നു ചർച്ചചെയ്യപ്പെടുന്നത് മാപ്പിളകലാപത്തെക്കുറിച്ചുള്ള അതിന്റെ നിലപാടുമൂലമാണ്. മലബാർ കലാപം ഹിന്ദുക്കളെ ഉന്മൂലനം ചെയ്യുന്നതിനായി ടിപ്പുവിന്റെ പടയോട്ടക്കാലം മുതൽ ആരംഭിച്ച വർഗ്ഗീയ സ്വഭാവമുള്ള അക്രമങ്ങളുടെ തുടർച്ചയാണെന്ന് ഒരു കൂട്ടർ വാദിച്ചു. സർദാർ കെ.എം. പണിക്കരെപ്പോലുള്ള ചരിത്രകാരന്മാരും കെ.പി. കേശവമേനോനും കോൺഗ്രസ് നേതാവായിരുന്ന മാധവൻ നായരുമെല്ലാം ആ പക്ഷത്തായിരുന്നു. അല്ല അത് ജന്മിമാരെ മാത്രം ലക്ഷ്യംവച്ച കർഷക കലാപമായിരുന്നുവെന്ന് എ.കെ.ജി., ഇ.എം.എസ്സ്. തുടങ്ങിയ ഇടതുപക്ഷ നേതാക്കൾ അഭിപ്രായപ്പെട്ടു. മൂന്നാമതൊരു കൂട്ടർ ബ്രിട്ടീഷുകാർക്കെതിരെ ഖിലാഫത്തുകാർ നടത്തിയ കലാപമാണെന്നും

ബ്രിട്ടീഷ് അനുകൂലികളായ ഹിന്ദുക്കളെയാണ് മുഖ്യമായും കൊന്നതെന്നും പറയുന്നു.

ഇതിൽ ആശാൻ ആദ്യ അഭിപ്രായക്കാരോടൊപ്പമായിരുന്നു എന്ന് ദുരവസ്ഥ വായിക്കുന്നവർക്ക് ആർക്കും മനസ്സിലാകും. ഒരു വിട്ടുവീഴ്ചയുമില്ലാതെ കലാപകാരികളുടെ വർഗ്ഗീയമായ ഉദ്ദേശ്യം തുറന്നു കാണിക്കുന്ന കൃതിയാണ് ദുരവസ്ഥ. അതിന്റെ പേരിൽ ആശാന് ധാരാളം ഭീഷണികൾ ഉണ്ടായതായി പറയപ്പെടുന്നു. കൃതി തിരുത്തിയില്ലെങ്കിൽ ജീവൻതന്നെ അപകടത്തിലാവുമെന്ന് പലരും ആശാനോടു പറഞ്ഞിട്ടും ഒരുവരിപോലും മാറ്റിയെഴുതാൻ അദ്ദേഹം തയ്യാറായില്ല.

"ക്രൂരമഹമ്മദർ ചിന്തുന്ന ഹൈന്ദവ
ചോരയാൽ ചോന്നെഴും ഏറനാട്ടിൽ"

എന്നവരികളിൽ ആദ്യംതന്നെ അതൊരു വർഗീയ കലാപമാണെന്ന സൂചന ആശാൻ നൽകുന്നു. പിന്നെയങ്ങോട്ട് വളരെയധികം വരികളിൽ നിശിതമായിത്തന്നെ അക്രമത്തിന്റെ വർഗ്ഗീയമുഖത്തെ ആശാൻ വിമർശിക്കുന്നു. വിമർശിക്കുന്നു എന്നതിലുപരി ഭർത്സിക്കുന്നു എന്നു പറയുന്നതാവും ശരി.

"ഭള്ളാർന്ന ദുഷ്ട മഹമ്മദന്മാർ കേറി
കൊള്ളയിട്ടാർത്തഹോ തീകൊളുത്തി"
"കൊള്ളക്കാരൊട്ടാളെ വെട്ടിക്കൊലചെയ്തും
അള്ളാ മതത്തിൽ പിടിച്ചുചേർത്തും"
"കഷ്ടം, കാണായിതസംഖ്യം പേരെല്ലാരും
ദുഷ്ടമഹമദ രാക്ഷസന്മാർ"
"അമ്മമാരില്ലേ സഹോദരിമാരില്ലേ
യിമ്മൂർഖന്മാർക്കീശ്വരചിന്തയില്ലേ
ഹന്തമതമെന്നുഘോഷിക്കുന്നല്ലോയി-
ജ്ജന്തുക്കളെന്തതിൽ നീതിയില്ലേ"

എന്നിങ്ങനെ നൂറോളം വരികളിൽ ഒട്ടും കാരുണ്യമില്ലാതെതന്നെ ആശാൻ തന്റെ ഭർത്സനം ആവർത്തിക്കുന്നുണ്ട്.

"ആഹാ മ്ലേച്ഛന്മാരകയിൽ കടന്നോരോ
സാഹസം ചെയ്കയായ് സ്ത്രീജനത്തിൽ
മച്ചിന്മേൽ നിന്നു നിലവിളി കേൾക്കുന്നു
മച്ചേതന പിടയുന്നിതുള്ളിൽ
കൂട്ടിൽകടന്നോമൽ പ്രാവിൻ പിടകളെ
കാട്ടുപോക്കന്മാർപോലെന്റെ ശംഭോ
ദുഷ്ട മുസൽമാന്മാർ കേറിപ്പിടിക്കയോ
കെട്ടിന്നകത്തുള്ളബലമാരേ
അയ്യയ്യോ കാർകൂന്തൽ ചുറ്റിയിജ്ജോനതർ
കയ്യരിഴച്ചിതാ മുറ്റത്തെത്തി."

എന്നിങ്ങനെ വിശദമായി വ്യത്യസ്ത പര്യായപദങ്ങൾ (ജോനകർ, മുസൽമാൻമാർ, മ്ലേച്ഛന്മാർ) നൽകി ആശാൻ ഒരു പ്രത്യേക മതവിഭാഗത്തെ നേരിട്ടുതന്നെ എടുത്തെഴുതുന്നു.

"മാപ്പിളമാരെന്ന ശബ്ദവും കയ്ക്കുന്നു
വേപ്പിലയെക്കാൾ ചെവിക്കുതന്നെ"

എന്നൊക്കെയെഴുതാൻ കവിത്വം മാത്രം പോര അസാമാന്യ ധൈര്യംതന്നെവേണം. ആശാൻ ഒന്നിനേയും കൂസാതെ തനിക്കു ശരിയെന്നു തോന്നുന്നതിനുവേണ്ടി മറയില്ലാതെ ശബ്ദമുയർത്തുന്ന വ്യക്തിയായിരുന്നുവെന്ന് അദ്ദേഹത്തെ അടുത്തുപരിചയമുള്ളവർ പറഞ്ഞിട്ടുണ്ട്.

"അന്തമില്ലാതുള്ളൊരാഴത്തിലേക്കിതാ
ഹന്തതാഴുന്നുതാഴുന്നു കഷ്ടം"

എന്ന തന്റെ മരണത്തെ സൂചിപ്പിക്കുന്ന പ്രവചന സ്വഭാവമുള്ള അറംപറ്റിയ വരികളും ദുരവസ്ഥയിലാണുള്ളത്.

മൊത്തത്തിൽ ആശാന്റെ ഏറ്റവും മനോഹരമായ ഒരു കൃതിയാണ് ദുരവസ്ഥ. എന്നാൽ ആശാൻ തന്നെ കൃതിയുടെ സാമൂഹോദ്ദേശ്യത്തിനപ്പുറം വലിയ മേന്മയൊന്നും കൃതിക്കില്ലെന്ന് ആമുഖത്തിൽ പറഞ്ഞു വച്ചതുകാരണം പിൽക്കാലത്ത് നിരൂപകരെല്ലാം അതേറ്റുപാടി. പലരും അതിന്റെ ജാതിവിരുദ്ധ സ്വഭാവത്തിനപ്പുറം പ്രാധാന്യമൊന്നും കൃതിക്കു നൽകിയില്ല.

ചരിത്രപരമായ വിലയിരുത്തലുകളും ജാതിവിരുദ്ധതയും മാറ്റത്തിനുവേണ്ടിയുള്ള ആഹ്വാനവും മാത്രമല്ല ഏറ്റവും ഹൃദയാവർജ്ജകമായ കാല്പനിക കാവ്യവുമാണ് ദുരവസ്ഥ. സംസ്കൃതവൃത്തഘടനയിൽ നിന്നു സ്വതന്ത്രമായി ആശാൻ കൂടുതൽ അയഞ്ഞ ഭാഷാവൃത്തങ്ങൾ സ്വീകരിച്ചെഴുതിയ കരുണ, ചണ്ഡാലഭിക്ഷുകി എന്നിവയുടെ സഹോദരകൃതിയാണ് ദുരവസ്ഥ. മഞ്ജരിയുടെ സ്വതന്ത്രമായ ശീലുകളാണ് ആശാൻ സൃഷ്ടിച്ചിരിക്കുന്നത്.

"ഉമ്മവയ്ക്കും ഞാനുടനെയെഴുന്നേറ്റാ-
ന്നുണ്മവിളങ്ങുന്ന തൂമുഖത്തിൽ
സമ്മോഹനമാം വികാരങ്ങളേലുന്ന
ചിമ്മിയ കണ്ണിലും ചില്ലിമേലും"

ഇങ്ങനെ അക്കാലത്ത് ആരും എഴുതിയിട്ടില്ലാത്ത വിധം ലോലവികാരങ്ങളെ തുറന്ന് ആവിഷ്കരിക്കുന്ന കാല്പനികരീതി ആദ്യം അവതരിപ്പിക്കുന്നത് ഈ കൃതിയിലാണ്. ചങ്ങമ്പുഴയ്ക്കും മറ്റു കാല്പനിക കവികൾക്കും പ്രേരണയായിത്തീർന്ന പല ഈരടികളും ഈ കാവ്യത്തിലുണ്ട്.

"സന്ദേഹമില്ലിതാ സാധകം ചെയ്യുന്നു
മന്ദം മുരളിയൊരാൺകുയിലും" എന്ന വരികൾ ചങ്ങമ്പുഴ എഴുതിയതാണെന്ന് ആരെങ്കിലും പറഞ്ഞാൽ ആരും വിശ്വസിച്ചുപോകും. പിൽക്കാലത്ത് ഇതിന്റെയൊക്കെ വികസ്വരഭാവങ്ങളാണ് ചങ്ങമ്പുഴ ആവിഷ്കരിച്ചത്.

## മാർച്ച് – 8 അന്താരാഷ്ട്ര വനിതാദിനം

# ഭാരതീയ സ്ത്രീശക്തിയുടെ വരും നാളുകൾ




**ഡോ. പ്രമീളാദേവി. ജെ**

**8606012819**


സ്ത്രീശാക്തീകരണമെന്ന ആശയം 1985–ൽ നൈറോബിയിൽ വെച്ചു നടത്തപ്പെട്ട ഐക്യരാഷ്ട്രസഭയുടെ 'തേഡ് വേൾഡ് കോൺഫറൻസ് ഓൺ വിമൻ' എന്ന സമ്മേളനത്തിലാണ് പടിഞ്ഞാറൻ ദർശനത്തിൽ ആദ്യമായി അവതരിപ്പിക്കപ്പെടുന്നത് - അതിനു മുൻപും സ്ത്രീസ്വാതന്ത്ര്യ ശാക്തീകരണ ചിന്തകൾ പലയിടത്തും പ്രബലമായിരുന്നുവെങ്കിലും സാമൂഹ്യജീവിതത്തിന്റെ വിവിധ മേഖലകളിൽ സ്ത്രീയുടെ സാന്നിധ്യമനുവദിക്കാൻ മനസ്സു കാട്ടാതിരുന്ന പാശ്ചാത്യ നിലപാടുകൾ തിരുത്തിക്കൊണ്ട്, തുല്യതയിലേയ്ക്കും തുല്യാവസരങ്ങളുടെ ലഭ്യതയിലേയ്ക്കുമുള്ള പ്രയാണമായിരുന്നു ആ സമ്മേളനത്തോടെ ഐക്യരാഷ്ട്രസഭ വിഭാവനം ചെയ്തത്. അതിനുശേഷം ലോകമെമ്പാടും വ്യത്യസ്തരീതികളിലുള്ള സ്ത്രീശാക്തീകരണപരിപാടികൾ വ്യാപകമായി ആരംഭിച്ചു. എന്നാൽ ഇത്തരം സംഘടിതമായ പ്രവർത്തനങ്ങളൊന്നും ഇന്നും ലക്ഷ്യം കണ്ടിട്ടില്ലെന്നതാണ് വാസ്തവം. സാമൂഹ്യരാഷ്ട്രീയ സാംസ്കാരിക മണ്ഡലങ്ങളിലെ സ്ത്രീജീവിതം ഇന്നും വെല്ലുവിളികൾ നിറഞ്ഞതാണ്. തെരുവിലും തൊഴിലിടങ്ങളിലും പൊതുസ്ഥലത്തും മാത്രമല്ല, വീടുകളിൽപ്പോലും സ്ത്രീ സുരക്ഷിതയല്ല - മാനസികവും ശാരീരികവുമായ ചൂഷണങ്ങൾ അവൾക്കുനേരെയുണ്ടാകുന്നുണ്ട്. എവിടെയും ഈ സാഹചര്യത്തിലാണ് പൗരാണികഭാരതം എങ്ങനെയായിരുന്നു സ്ത്രീയെ നോക്കിക്കണ്ടത് എന്ന ചോദ്യം പ്രകടമാകുന്നത്.



സീതാദേവി– രാജാരവിവർമ്മയുടെ ഭാവനയിൽ

'ന സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്ന മനുവാക്യം സന്ദർഭവും സാഹചര്യവും മനസ്സിലാക്കാതെ ഉദ്ധരിക്കുന്നവർ കാണാതെ പോകുന്നു. ഭാരതത്തിലെ സ്ത്രീജീവിതത്തിന്റെ തിളക്കമുള്ള ഏടുകളധികവും പാതിവ്രത്യമെന്ന് അവൾക്ക് മനക്കരുത്തിന്റെ, ദൃഢനിശ്ചയത്തിന്റെ,സ്വഭാവശുദ്ധിയുടെ പ്രതീകമായിരുന്നു. അന്നും ഇന്നും എന്നും മനുഷ്യകുലം അഴിമതിയേയും തിന്മയേയും നേരിട്ടു പരാജയപ്പെടുത്തുന്നത് ഇത്തരം ചില മൂല്യങ്ങളിലൂടെയാണ് എന്നത് എല്ലാവർക്കുമറിയാം. ദുരിതകാലങ്ങളിൽ കാലിടറാതെ, പ്രലോഭനങ്ങൾക്കു കീഴടങ്ങാൻ മനസ്സി

നെ വിട്ടുകൊടുക്കാതെ, തന്റെ കർത്തവ്യങ്ങൾ നിറവേറ്റുന്നതിൽ വീഴ്ച വരുത്താതെ എങ്ങനെ ജീവിക്കാമെന്ന് രാമായണത്തിലെ നായികയുടെ ജീവിതം മനുഷ്യരാശിയെ പഠിപ്പിക്കുന്നത്, ആയിരത്താണ്ടുകൾക്കപ്പുറം മുമ്പാണ്. സീത ഇതിഹാസനായികയോ ഈശ്വരാവതാരമോ ആയിരുന്നാലും അങ്ങനെയൊരു ആദർശവനിതയെ സങ്കല്പിക്കാനും സ്വാംശീകരിക്കാനും പുരാതന ഭാരതീയ സമൂഹത്തിനു കഴിഞ്ഞിരുന്നുവെന്നത് അഭിമാനാർഹമാണ്. സീതാദേവി മാത്രമല്ല താരതമ്യേന അപ്രധാന കഥാപാത്രങ്ങളായ മറ്റു സ്ത്രീകൾ പോലും ഏതെങ്കിലുമൊക്കെ തീക്ഷണശോഭയായ നിലപാടുകൾകൊണ്ട് രാമായണത്തിന്റെ വായനക്കാരെ ആശ്ചര്യപ്പെടുത്തുന്നുണ്ട്. മോഹഭംഗത്തിൽപ്പെട്ട് ദുർബലമാകുന്നില്ല ഊർമ്മിള, സന്നിഗ്ധഘട്ടത്തിൽ എന്തു ചെയ്യണമെന്നറിയാതെ തളർന്നുപോകുന്നില്ല താര; ഭർത്താവിന്റെ വീര്യത്തിലും ക്രോധത്തിലും ഭയചകിതയായി നിശ്ശബ്ദയായിരിക്കുന്നില്ല മണ്ഡോദരി; ജന്മംകൊണ്ട് അവശയെങ്കിലും കർമ്മധീരതകൊണ്ട്, ദൃഢനിശ്ചയംകൊണ്ട് വാനോളമുയരുന്നുണ്ട് ശബരി. ഇങ്ങനെ സ്വഭാവശുദ്ധിയുടെ, ശക്തിയുടെ നിത്യതേജസ്സുകളായ വനിതകളെ സൃഷ്ടിക്കാൻ ഇതിഹാസകാരനു കഴിഞ്ഞുവെന്നതിനർത്ഥം അക്കാലത്ത് അങ്ങനെയുള്ളവരുണ്ടായിരുന്നുവെന്നുതന്നെയാണ്. അതിനുമെത്രയോ മുൻപ് വേദകാലത്ത്, വേദവാദിനികളും ബ്രഹ്മവിദ്യാപണ്ഡിതകളും വാഗ്‌വിലാസിനികളുമായ എത്രയോ സ്ത്രീരത്നങ്ങൾ ജീവിച്ചിരുന്നു! ഭരണവും കൃഷിയും കച്ചവടവും കവിതാരചനയുമൊക്കെ അവരുടെ കൈകളിൽ ഭദ്രമായിരുന്നു. തപശ്ചര്യകൊണ്ടും തന്റെ സ്വഭാവശക്തികൊണ്ടും പരമശിവനെപ്പോ

**രാജ്യത്തെ ഏറ്റവും പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഒരു വനിത, പ്രഥമപൗരയായിത്തീരുമ്പോൾ നാം തിരിച്ചറിയുന്നത്, ഈ സംസ്കാരത്തിന്റെ നാരീശക്തിയിലുള്ള അചഞ്ചല വിശ്വാസമാണ്. വരും നാളുകൾ, ഭാരതീയ സ്ത്രീശക്തിയുടെ തേജസ്സ് ലോകത്തെ ശോഭായമാനമാക്കുന്നത് കാണാൻ നമുക്ക് സാധിക്കും. ഭയത്തിൽനിന്ന്,നിസ്സഹായതയിൽനിന്ന് പെൺകരുത്തിന്റെ ആത്മവിശ്വാസത്തിലേയ്ക്ക് മുന്നേറാൻ ലോകമാസകലമുള്ള സ്ത്രീകൾക്കു പ്രചോദനമാവുക തന്നെ ചെയ്യും.**

ലും പാട്ടിലാക്കാൻ കഴിഞ്ഞിരുന്ന യഥാർത്ഥ 'സ്ത്രീശക്തി'യെക്കുറിച്ചാണ് ഭാരതം പറയുന്നത്; വോട്ടുചെയ്യാനുള്ള അധികാരത്തിനായി സമരം ചെയ്യേണ്ടിവരുന്ന, വിദ്യാഭ്യാസാവകാശത്തിനായി പൊരുതേണ്ടിവരുന്ന പാശ്ചാത്യ ലോകത്തിന് ഇങ്ങനെയുള്ള സ്ത്രീശക്തിയുടെ സാധ്യതകൾ പരിചിതമായിരിക്കില്ല.

പുതുകാലത്ത്, വൈദേശികാക്രമണങ്ങളും അടിമജീവിതവും അടിത്തറ തകർത്തുകളഞ്ഞ ഭാരതീയ സമൂഹത്തിലും സ്ത്രീ രണ്ടാംതരം പൗരയായി മാറിയിരിക്കുന്നു. അന്തഃപുരങ്ങളിലേയും അകത്തളങ്ങളിലേയും മറക്കുടക്കീഴിലേയും മഹാനരകങ്ങൾ അങ്ങനെ ഉണ്ടായതാണ്. സതിയും വൈധവ്യത്തിന്റെ ഫലമായുള്ള നരകവുമൊക്കെ ഇത്തരം പിൽക്കാല പ്രതിഭാസങ്ങൾതന്നെ. പക്ഷേ ഭാരതത്തിന് തോൽക്കാനാവില്ല ഒരിക്കലും; ഭാരതത്തിന്റെ അജയ്യമായ സ്ത്രീശക്തിക്കും, അത് അതിക്രമങ്ങൾക്കുമേൽ അപചയങ്ങൾക്കുമേൽ വെന്നിക്കൊടി പാറിക്കും; ഇരുണ്ട ദിനങ്ങളെ മായ്ച്ചുകളഞ്ഞ് ഉദയസൂര്യനായുയരും. രാജ്യത്തെ ഏറ്റവും പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഒരു വനിത, പ്രഥമപൗരയായിത്തീരുമ്പോൾ നാം തിരിച്ചറിയുന്നത്, ഈ സംസ്കാരത്തിന്റെ നാരീശക്തിയിലുള്ള അചഞ്ചല വിശ്വാസമാണ്. വരും നാളുകൾ, ഭാരതീയ സ്ത്രീശക്തിയുടെ തേജസ്സ് ലോകത്തെ ശോഭായമാനമാക്കുന്നത് കാണാൻ നമുക്ക് സാധിക്കും. ഭയത്തിൽനിന്ന്, നിസ്സഹായതയിൽനിന്ന് പെൺകരുത്തിന്റെ ആത്മവിശ്വാസത്തിലേയ്ക്ക് മുന്നേറാൻ ലോകമാസകലമുള്ള സ്ത്രീകൾക്കു പ്രചോദനമാവുക തന്നെ ചെയ്യും.

**(മുൻ സംസ്ഥാന വനിതാ കമ്മീഷൻ അംഗമാണ് ലേഖിക)**

# ശാസ്ത്രീയമായ പൊതുഗതാഗത നയം രൂപീകരിക്കണം



**ബി. ശിവജിസുദർശൻ**
(ബിഎംഎസ് സംസ്ഥാന ഡെപ്യൂട്ടി ജന. സെക്രട്ടറി)
9447141668

നമ്മുടെ സംസ്ഥാനത്ത് ആരോഗ്യവും വിദ്യാഭ്യാസവും സംബന്ധിച്ച നയങ്ങളുണ്ട്. എന്നാൽ പൊതുഗതാഗത സംവിധാനത്തിന് അനുകൂലമായ ഒരു ഗതാഗതനയം കേരള സർക്കാർ നാളിതുവരെ രൂപീകരിച്ചിട്ടില്ല.

കേരളത്തിലൂടെയുള്ള യാത്രകൾ പ്രത്യേകിച്ച് റോഡുയാത്രകൾ ദുസ്സഹമായിക്കൊണ്ടിരിക്കുകയാണ്. അതിശക്തമായ ഗതാഗതക്കുരുക്ക് സംസ്ഥാനത്ത് അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ ഏതു നഗരത്തിൽ പോയാലും ശക്തമായ ഗതാഗതക്കുരുക്കാണ് അനുഭവപ്പെടുന്നത്. നഗരങ്ങളിൽ അഞ്ചുമിനിറ്റുകൊണ്ട് നടന്നെത്താവുന്ന സ്ഥലങ്ങളിൽ വാഹനങ്ങളിൽ പോയാൽ 15-20 മിനിറ്റ് വേണ്ടിവരുന്ന സ്ഥിതിവിശേഷമാണ് ഇന്നുള്ളത്.

ശരാശരി 10.8% വാഹനങ്ങൾഓരോ വർഷവും കേരളത്തിലെ നിരത്തുകളിൽ പുതുതായി ഇറങ്ങുന്നുണ്ട്. കേരളത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള 1 കോടി 27 ലക്ഷം വാഹനങ്ങളും മറ്റു സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള 15 ലക്ഷം വാഹനങ്ങളും അടക്കം ഒരുകോടി 42 ലക്ഷം വാഹനങ്ങൾ ഉണ്ട്. 1200 കിലോമീറ്റർ വരുന്ന ദേശീയപാതകളിലൂടെയും 21000 കിലോമീറ്റർ വരുന്ന സംസ്ഥാന പാതയിലൂടെയും ഒരുലക്ഷത്തിലധികം വരുന്ന മറ്റു ഗ്രാമീണപാതകളിലൂടെയും വാഹനങ്ങൾ ഓടിക്കൊണ്ടിരിക്കുകയാണ്. ഇതിൽ വാഹനങ്ങളുടെ സമ്മർദ്ദം ഏറ്റവും കൂടുതലുള്ളത് ദേശീയപാതയിലും മറ്റു സംസ്ഥാന റോഡുകളിലും ആണ്.

ജനസംഖ്യയും വാഹനങ്ങളുടെ എണ്ണവും തമ്മിലുള്ള നിരക്ക് 3:1 ആകുന്നു. സംസ്ഥാനത്ത് ആയിരം ആളുകൾക്ക് 425 വാഹനങ്ങൾ എന്നതാണ് സ്ഥിതി. ലോക വികസന സൂചികകൾ അനുസരിച്ച് ഇന്ത്യയിൽ ആയിരം ആളുകൾക്ക് 18 വാഹനങ്ങൾ എന്നതാണ് കണക്ക്. എന്നാൽ ചൈനയിൽ ഇത് 47ഉം അമേരിക്കയിൽ 507ഉം ആണ്. അതായത് കേരളത്തിലെ വാഹനങ്ങളുടെ എണ്ണം ചൈനയെക്കാൾ ഒരുപാട് മുന്നിലും വികസിത രാജ്യങ്ങൾക്ക് തുല്യവുമാണ്. രാജ്യത്തെ ഏറ്റവും വാഹനസാന്ദ്രതയുള്ള സംസ്ഥാനം കേരളമാണ്.

കേരളത്തിലെ ആകെ വാഹനത്തിൽ 65%വും ഇരുചക്ര വാഹനങ്ങൾ ആണ്. 21% കാറുകളാണ്. വാഹനങ്ങൾക്ക് അനുസരണമായി റോഡുകളുടെ ശേഷി വർദ്ധിപ്പിക്കാത്തതാണ് കേരളത്തിലെ ഗതാഗതക്കുരുക്കിനും റോഡ് അപകടങ്ങൾക്കുമുള്ള ഒരു പ്രധാന കാരണം. അതോടൊപ്പം നിലവിലുള്ള റോഡുകളുടെ ശോചനീയാവസ്ഥ പ്രതിസന്ധി ഒന്നുകൂടി വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഇനിയെങ്കിലും പഞ്ചായത്ത് റോഡുകൾക്ക് 8 മീറ്റർ വീതിയും ജില്ലാ റോഡുകൾക്ക് 12 മീറ്റർ വീതിയും സംസ്ഥാന പാതകൾക്ക് 15 മുതൽ 20 മീറ്റർ വീതിയും ദേശീയപാതകൾക്ക് 30 മീറ്റർ മുതൽ 45 മീറ്റർ വീതിയും വേണമെന്നുള്ളത് നടപ്പാക്കണം.

1939-ലാണ് ആദ്യമായി വാഹനങ്ങൾ നിരത്തിലിറങ്ങുന്നതിന് നികുതി ഏർപ്പെടുത്തിയത്. ഈ നികുതി ഏർപ്പെടുത്തിയത് ജനങ്ങൾക്ക് ഗുണകരമാകുന്ന തരത്തിൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്, സാമൂഹ്യ സുരക്ഷ എന്നിവയ്ക്ക് ഈ തുക ഉപയോഗപപെടുത്താം എന്ന കാഴ്ചപ്പാടിലാണ്. എന്നാൽ വാഹന അപകടങ്ങൾ പലപ്പോഴും പാവപ്പെട്ട ആളുകളെയാണ് ദോഷകരമായി ബാധിക്കുന്നത്. അങ്ങനെ വരുന്ന ഘട്ടത്തിൽ ഒരു അടിയന്തര സഹായം എത്തിക്കാൻ മോട്ടോർ വാഹന നികുതിയായി കിട്ടുന്ന തുകയിൽ നിന്നും ഒരു നിധി മാറ്റിവെയ്ക്കാൻ ഇതുവരെ നമുക്ക് സാധിച്ചിട്ടില്ല. എന്നാൽ ഇപ്പോൾ സാധാരണക്കാരൻ യാത്ര ചെയ്യുന്ന ബസ്സുകൾക്കും ടാക്സി വാഹനങ്ങൾക്കും യാതൊരു മാനദണ്ഡവുമില്ലാതെ അടിക്കടി ടാക്സ് വർദ്ധിപ്പിച്ചു കൊണ്ടിരിക്കുന്നു. സാധാരണക്കാരൻ യാത്രചെയ്യുന്ന വാഹനങ്ങൾക്ക് നികുതി ഇളവുകൾ അനുവദിക്കേണ്ടതാണ്.

ഇപ്പോഴത്തെ റോഡുകളുടെ സ്ഥിതി പറയേണ്ടതില്ല. പൊട്ടിപ്പൊളിഞ്ഞ റോഡുകളിലൂടെയുള്ള യാത്രകൾ, യാത്ര ചെയ്യുന്നവരെയും വാഹനങ്ങളെയും ഒരേപോലെ ദുരിതത്തിൽ ആക്കുകയാണ്. ഒരുവശത്ത് ജനങ്ങളുടെയും അവരുടെ ജീവിതത്തിന് ആവശ്യമായ ചരക്കുകളുടെയും ഒഴുക്കും അതോടൊപ്പം കൂടിയതോതിൽ വാഹനസാന്ദ്രതയും വർധിക്കുമ്പോൾ മറുവശത്ത് റോഡുകളുടെ നീളം വർധിക്കുന്നില്ല. വർധിച്ചുവരുന്ന യാത്രാപ്രശ്നത്തിന്റെ പരിഹാരമാർഗ്ഗങ്ങളാണ് റെയിൽ ഗതാഗതം, ജലഗതാഗതം, വ്യോമഗതാഗതം എന്നിവ. റെയിൽ ഗതാഗതത്തിന് പ്രാഥമിക നിക്ഷേപം കൂടുതൽ ആവശ്യമാണ്. എങ്കിൽക്കൂടി ഏറ്റവും കുറവ് സ്ഥലം ആവശ്യമായതും ഏറ്റവും കൂടുതൽ ജനങ്ങളെയും ചരക്കിനെയും ഉൾക്കൊള്ളാൻ കഴിയുന്നതുമായ യാത്രാസംവിധാനമാണ് റെയിൽവേ. കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ റോഡ് ഗതാഗത ചാർജ്ജ് ഇരട്ടിയായപ്പോൾ റെയിൽ ഗതാഗ

തചാർജ്ജ് അത്രയ്ക്ക് ഉയർന്നിട്ടില്ല. കേരളത്തിൽ 1148 കിലോമീറ്റർ ആണ് റെയിൽവേ ലൈൻ നീളം. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ 670 വളവുകളാണ് ഇന്നുള്ളത്. ഈ വളവുകൾ നിവർത്തിയും നിലവിലുള്ള പാത വികസിപ്പിച്ചും ഘട്ടംഘട്ടമായി അതിവേഗം ട്രെയിനുകൾ ഓടിക്കുക എന്നതായിരിക്കണം ലക്ഷ്യം. ഇപ്പോഴുള്ള ഡബിൾ ലൈനോടൊപ്പം ഒരു ലൈനും കൂടി നിർമ്മിച്ചു സബർബൻ ട്രെയിനുകൾ ഓടിക്കുക. ഇത്തരത്തിലുള്ള സബർബൻ ട്രെയിനുകൾക്ക് ലക്ഷക്കണക്കിന് കാറുകളെ റോഡിൽ നിന്നും ഇല്ലാതാക്കാൻ കഴിയും. ഇത് വഴി ആയിരക്കണക്കിനാളുകൾക്ക് സുരക്ഷിത യാത്ര സംവിധാനം ഉറപ്പുവരുത്താൻ സാധിക്കും. സംസ്ഥാന ഗവൺമെന്റ് സ്ഥലം ഏറ്റെടുത്തു നൽകിയാൽ വളരെ വേഗത്തിൽ റെയിൽവേ വികസനം നമ്മുടെ നാട്ടിൽ സാധ്യമാകും. റെയിൽവേ യാത്ര ചെലവ് കുറഞ്ഞതും സൗകര്യപ്രദവും ആണ്. യാത്രക്കാരുടെ എണ്ണം ദിനംപ്രതി വർധിച്ചുകൊണ്ടിരിക്കുകയാണ്.

കേരളം ജലസമൃദ്ധമാണ്. 44 നദികളും പശ്ചിമഘട്ടവും അറബിക്കടലും അടങ്ങിയ അതിവിപുലമായ ആവാസ വ്യവസ്ഥ നമുക്ക് സ്വന്തമായി ഉണ്ട്. എന്നാൽ ഇത് ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ജലഗതാഗത വികസനത്തിന് നമ്മൾ ഏറെ പിറകിലാണ്. ഏറ്റവും ചുരുങ്ങിയ ചെലവിൽ പാരിസ്ഥിതിക ആഘാതങ്ങൾ ഇല്ലാതെ ചുരുങ്ങിയ ഇന്ധനത്തോടെയും ഇന്ധനക്ഷമതയോടെയും സ്ഥലം ഏറ്റെടുക്കൽ ഇല്ലാതെയും കൂടുതൽ സുരക്ഷിതത്വത്തോടെയും ഒരുക്കാൻ കഴിയുന്ന യാത്രാ സംവിധാനമാണ് ജലഗതാഗതം. 1680 കിലോമീറ്റർ ജലപാത നമുക്കുണ്ട്. ഇത് ദേശീയ ജലപാതയുടെ 12 ശതമാനംവരും. പക്ഷേ ജലപാതയിൽ നമ്മൾ ഉപയോഗപ്പെടുത്തുന്നത് 20% മാത്രമാണ് റോഡിൽ 150 കിലോഗ്രാം ചരക്ക് നീക്കുന്നതിന്റെ ചെലവിന് തുല്യമാണ് റെയിലിലൂടെ 500 കിലോഗ്രാം കൊണ്ടുപോകുന്നത്. ഇതേ സമയം ജലത്തിലൂടെ 4000 കിലോഗ്രാം കൊണ്ടുപോകാം. എന്നിട്ടും ജലപാതയിലൂടെയുള്ള ചരക്ക് ഗതാഗതം റോഡ് ഗതാഗതത്തിന്റെ ഒരു ശതമാനം മാത്രമാണ്. റോഡ് വഴിയുള്ള ഗതാഗതത്തിന്റെ 40% മാത്രമാണ് ജലപാത വഴിയുള്ള ഗതാഗതത്തിന് ചെലവ് വരുന്നത്. മലിനീകരണം കുറവ്,അപകടം കുറവ്, ചിലവും കുറവ് ജലഗതാഗത വികസനത്തിനും റെയിൽ ഗതാഗത വികസനത്തിനും കാര്യമായ ഒരു ശ്രദ്ധയും സർക്കാർ നൽകുന്നില്ല.

വ്യോമഗതാഗതത്തിന്റെ കാര്യത്തിൽ നമുക്ക് കുറച്ച് വളർച്ച നേടാൻ ആയിട്ടുള്ളു. കേരളത്തിന്റെ ഉള്ളിൽതന്നെയുള്ള വിമാനത്താവളങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഡൊമസ്റ്റിക് ട്രാൻസ്പോർട്ടിൽ നമ്മുടെ സംവിധാനം നാമമാത്രമാണ്. തദ്ദേശീയ വ്യോമഗതാഗതം ഇനിയും ഉണ്ടായി വരേണ്ടതുണ്ട്.

പെട്രോൾ ഡീസൽ പോലുള്ള ഫോസിൽ ഇന്ധനങ്ങളെ ആശ്രയിച്ചുകൊണ്ടുള്ള ഗതാഗത നയം ദീർഘകാലത്തേക്ക് അഭികാമ്യമല്ല എന്ന കാര്യം നമുക്കറിയാം. ഡീസൽ ഉപഭോഗത്തിന്റെ 80 ശതമാനവും പെട്രോൾ ഉപഭോഗത്തിന്റെ 95% ഇപ്പോൾതന്നെ റോഡ് ഗതാഗതത്തിന്നാണ് ഉപയോഗിക്കുന്നത്.

വാഹനങ്ങളുടെ പെരുപ്പം കുറച്ചേ തീരൂ.സ്വകാര്യ വാഹനങ്ങൾക്ക് ഭീമമായ നികുതി ചുമത്താൻ ടാക്സി വാഹനങ്ങളുടെയും സ്വകാര്യ ബസ് നികുതിയും അവയുടെ ഇന്ധനവിലയിലും കുറവ് വരുത്തണം. പൊതു യാത്ര സംവിധാനത്തിലൂടെയുള്ള യാത്ര ഒരു സംസ്കാരം ആയി മാറണം. മാസ് ട്രാൻസ്പോർട്ടേഷൻ സിസ്റ്റം എന്നതായിരിക്കണം നയം. ഷെയർആട്ടോ, ഷെയർ ടാക്സി, ഷെയർ ടെമ്പോ എന്നിവയ്ക്ക് ലൈസൻസ് നൽകണം. കാൽനടക്കാർക്കും സൈക്കിൾ യാത്രക്കാർക്കും പ്രത്യേക പാത എല്ലാ റോഡിലും ഉറപ്പുവരുത്തണം. റോഡിൽ ആവശ്യമായ വെളിച്ചം, സ്പീഡ് ലിമിറ്റ്, പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ എന്നിവ ഉണ്ടാകണം.

വികസിത രാജ്യങ്ങളിൽ സമ്പന്നർപോലും ബസ്സിൽ യാത്ര ചെയ്യാൻ താല്പര്യപ്പെടുന്നു എന്ന് നമുക്ക് കാണാൻ കഴിയും. വിദേശരാജ്യങ്ങളിൽ ഒരു കുടുംബം കാറുമായി പുറത്തിറങ്ങാൻ തീരുമാനിച്ചാൽ നാലോ അഞ്ചോ അംഗങ്ങൾ ഉണ്ടാകും. എന്നാൽ കേരളത്തിൽ ഒരു കാർ ഉപയോഗിക്കുന്നത് ഒരാളാണ്. ഒരുവീട്ടിൽ ഒരു വാഹനം എന്നതിന് മാറ്റം വന്നു. രണ്ടും മൂന്നും വാഹനങ്ങളെന്നായി മാറിയിരിക്കുകയാണ്. ഒരു വീട്ടിൽ രണ്ടോ മൂന്നോ വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ അതിൽ കൂടുതൽ നികുതി ഏർപ്പെടുത്താൻ കഴിയണം. ഇപ്പോൾ കാറിന്റെ നികുതി പരമാവധിയാണ്. ഇരുചക്രവാഹനമുള്ളവരുടെ കാര്യത്തിലും നിയന്ത്രണം കൊണ്ടുവരേണ്ടതാണ്.

സംസ്ഥാന അതിർത്തികളിൽ ചെക് പോസ്റ്റിനോട് ചേർന്ന് നാലോ അഞ്ചോ ഏക്കർ സ്ഥലം സർക്കാർ ഏറ്റെടുത്ത് വാഹനങ്ങൾക്ക് പാർക്ക് ചെയ്യാനും ഉദ്യോഗസ്ഥർക്ക് പരിശോധിക്കുന്നതിനും ജീവനക്കാർക്ക് വിശ്രമിക്കുന്നതിനും ട്രാഫിക് തടസ്സം ഒഴിവാക്കുവാൻ വേണ്ടി സൗകര്യങ്ങൾ ഏർപ്പെടുത്തണം.

റോഡ് സുരക്ഷയ്ക്ക് ഒരു അതോറിറ്റി നമ്മുടെ സംസ്ഥാനത്തുണ്ട്. പക്ഷേ സുരക്ഷ ഉറപ്പ് വരുത്തുന്നതിൽ നമ്മൾ പുറകിലാണ്. റോഡ് അപകടങ്ങളിൽ ഒരു ദിവസം 10 പേർ മരിക്കുകയും 100 പേർക്ക് അപകടങ്ങൾ സംഭവിക്കുകയും ചെയ്യുന്നു. റോഡുകളുടെ സിഗ്നൽ സംവിധാനങ്ങൾ ഉറപ്പാക്കുന്ന കാര്യത്തിൽ യാതൊരു ശ്രദ്ധയും കാണുന്നില്ല. ഇന്നത്തെ സാഹചര്യത്തിൽ സ്വകാര്യവാഹനങ്ങൾ വർധിക്കുകയും പൊതു യാത്ര സംവിധാനങ്ങൾ ദുർബലപ്പെടുകയും ചെയ്യുന്നു. ഇത് കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കും. വാഹനങ്ങളുടെ എണ്ണം നിയന്ത്രിച്ചു ജനങ്ങളുടെ ചലനാത്മകത ഉറപ്പാക്കുന്ന നയം നമുക്കില്ല. ഈ സാഹചര്യത്തിൽ കേരളത്തിന് അനുയോജ്യമായ ഒരു ഗതാഗതനയം അത്യന്താപേക്ഷിതമാണ്.

# കെ. എസ്. ആർ. ടി. സി. ജീവനക്കാർ മുഖ്യമന്ത്രിക്ക് കത്തയച്ചു

**പാലക്കാട്:** കെ.എസ്.ആർ.ടി.സിയെ സംരക്ഷിക്കുക, യാത്രാ ക്ലേശം പരിഹരിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കെ.എസ്.ടി. എംപ്ലോയീസ് സംഘ് നടത്തുന്ന പ്രക്ഷോഭങ്ങളുടെ തുടർച്ചയായി പാലക്കാട് ഡിപ്പോയിലെ ജീവനക്കാർ മുഖ്യമന്ത്രിക്ക് കത്തയച്ചു. സംസ്ഥാന വ്യാപകമായി എല്ലാ കെ.എസ്.ആർ. ടി.സി. ഡിപ്പോയിലേയും ജീവനക്കാർ എഴുതിയ കത്തുകൾ അതാത് ഡിപ്പോ പരിസരത്തുള്ള പോസ്റ്റ് ഓഫീസുകളിൽനിന്നും ഒരുമിച്ച് മുഖ്യമന്ത്രിക്ക് പോസ്റ്റ് ചെയ്യുന്നതിന്റെ ഭാഗമായാണ് പാലക്കാട് ഹെഡ്പോസ്റ്റോഫീസിൽവെച്ച് പാലക്കാട് ഡിപ്പോയിൽനിന്നും ശേഖരിച്ച കത്തുകൾ പോസ്റ്റ് ചെയ്തത്.

“കെ.എസ്.ആർ.ടി.സിയെ ദയാവധത്തിന് വിടരുത്. കെ.എസ്.ആർ.ടി.സിയുടെ റൂട്ടുകൾ സ്വകാര്യവൽക്കരിച്ചുകൊണ്ടും ജീവനക്കാരുടെ മരണാനുകൂല്യങ്ങൾ നിഷേധിച്ചും പെൻഷൻ പദ്ധതി അട്ടിമറിച്ചും അമിതാധ്വാനം അടിച്ചേൽപിച്ചും സ്ഥാപനത്തെ തകർക്കുന്ന നടപടികളിൽ ബഹു. മുഖ്യമന്ത്രി ഇടപെട്ട് കെ. എസ്.ആർ.ടി.സിയെ സർക്കാർ ഡിപ്പാർട്ടുമെന്റാക്കി സംരക്ഷിക്കണമെന്നാണ്” കത്തിന്റെ ഉള്ളടക്കം.

യൂണിറ്റ് പ്രസിഡന്റ് കെ.പി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ജില്ലാ വർക്കിംഗ് പ്രസിഡന്റ് കെ. സുരേഷ് കൃഷ്ണൻ സംസാരിച്ചു. യൂണിറ്റ് ട്രഷറർ എം. മുരുകേശൻ, ആർ. ശിവകുമാർ, സി. രമേഷ്, നാഗാനന്ദകുമാർ വി. രാജഗോപാൽ തുടങ്ങിയവർ നേതൃത്വം നൽകി.




**കെ.എസ്.ടി. എംപ്ലോയീസ് സംഘ് നടത്തുന്ന പ്രക്ഷോഭങ്ങളുടെ ഭാഗമായി പാലക്കാട് ഡിപ്പോയിലെ ജീവനക്കാർ മുഖ്യമന്ത്രിക്ക് കത്തയച്ചപ്പോൾ.**

# ഇടതു സർക്കാർ ആഗ്രഹിക്കുന്നത് കെ. എസ്. ആർ. ടി. സി. യുടെ ദയാവധം

**തിരുവനന്തപുരം:** കെ.എസ്.ആർ.ടി.സിയുടെ ദയാവധത്തിനാണ് 78 മാസമായി ഇടത് സർക്കാർ ശ്രമിക്കുന്നതെന്ന് ബി.എം.എസ്. ദക്ഷിണ ക്ഷേത്രീയ സഹസംഘടനാ സെക്രട്ടറി എം.പി. രാജീവൻ.

തൊഴിലാളി ദ്രോഹനയം നടപ്പിലാക്കി പൊതുഗതാഗതം തകർക്കുന്ന സർക്കാരിന്റെ നടപടികൾക്കെതിരെ 'കെഎസ്ആർടിസിയെ കൊല്ലരുത് സർക്കാരേ' എന്നാവശ്യപ്പെട്ട് കെഎസ്ടി എംപ്ലോയീസ് സംഘിന്റെ നേതൃത്വത്തിൽ ജീവനക്കാരും യാത്രക്കാരും സംഘടിപ്പിച്ച സെക്രട്ടറിയേറ്റ് മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കുന്ന പണം ബന്ധപ്പെട്ട ധനകാര്യ ഇൻഷൂറൻസ് സ്ഥാപനങ്ങളിൽ അടയ്ക്കാതെ സർക്കാർ വകമാറ്റുകയാണെന്നും ഇതു കാരണം ജീവനക്കാരുടെ മരണാനുകൂല്യം പോലും നിഷേധിക്കുന്ന സാഹചര്യമാണുള്ളതെന്നും എം.പി. രാജീവൻ പറഞ്ഞു.

സ്വകാര്യവത്കരണ വിദഗ്ധൻ സുശീൽ ഖന്നയുടെ റിപ്പോർട്ട് അപ്പാടെ അംഗീകരിച്ച് നടപ്പാക്കിയത് സ്ഥാപനത്തെ തകർക്കുമെന്ന് തെളിഞ്ഞിരിക്കുന്നു. ഇടതുപക്ഷം പൊതുമേഖലാ സംരക്ഷണ ലക്ഷ്യങ്ങളിൽ നിന്നും മാറികൊണ്ട് കെഎസ്ആർടിസി മുക്ത കേരളം എന്ന നയം നടപ്പിലാക്കുന്നത് വിരോധാഭാസമാണ്. എംപ്ലോയീസ് സംഘ് ഇല്ലായിരുന്നെങ്കിൽ സ്ഥാപനത്തെ വിറ്റു തുലയ്ക്കുമായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

കെഎസ്ആർടിസിയെ സർക്കാർ ഡിപ്പാർട്ട്മെന്റാക്കി പൊതുഗതാഗതം സംരക്ഷിക്കണം. പങ്കാളിത്ത പെൻഷൻ വിഹിതമായി ജീവനക്കാരിൽ നിന്നും ഈടാക്കിയതും സർക്കാർ വിഹിതവും ഉൾപ്പെടെ 251 കോടിയുടെ കുടിശ്ശിക അടിയന്തരമായി ഒടുക്കണം.

വരുന്ന ബജറ്റിൽ കുറഞ്ഞത് ആയിരം ബസ്സുകളെങ്കിലും കെഎസ്ആർടിസിക്കായി അനുവദിക്കണം ബജറ്റിൽ അനുവദിക്കുന്ന തുക പലിശയും പിഴപ്പലിശയും ചേർത്ത് കടമായി മാറ്റുന്ന ചെപ്പടിവിദ്യ സർക്കാർ അവസാനിപ്പിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

എഐടിയുസി അംഗമായിരുന്ന സജിക്ക് എംപ്ലോയീസ് സംഘിന്റെ അംഗത്വവും നൽകി. എംപ്ലോയീസ് സംഘ് സംസ്ഥാന ജനറൽ സെക്രട്ടറി എസ്. അജയകുമാർ, ഡെപ്യൂട്ടി ജനറൽ സെക്രട്ടറി പ്രദീപ് വി. നായർ, സംസ്ഥാന ട്രഷറർ ആർ.എൽ. ബിജുകുമാർ തുടങ്ങിയവർ മാർച്ചിന് നേതൃത്വം നൽകി.




സെക്രട്ടേറിയറ്റ് മാർച്ചിൽ നിന്ന്

# കെ. എസ്. ടി . പെൻഷനേഴ്സ് സംഘ് സെക്രട്ടറിയേറ്റ് ധർണ നടത്തി

**തിരുവനന്തപുരം** : കെഎസ്ആർടിസി ജീവനക്കാരുടെ പെൻഷൻ സർക്കാർ ഏറ്റെടുത്ത് വിതരണം ചെയ്യുക, 12 വർഷം പിന്നിട്ട പെൻഷൻ പരിഷ്കരണം നടപ്പിലാക്കുക, ഡി.എ.ഡി.ആർ. നിരക്കുകൾ ഏകീകരിക്കുക, 2022 നുശേഷം വിരമിച്ച ജീവനക്കാർക്ക് പെൻഷനും ആനുകൂല്യങ്ങളും ഉടൻ വിതരണം ചെയ്യുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് കെഎസ്ടി പെൻഷനേഴ്സ് സംഘിന്റെ നേതൃത്വത്തിൽ കൂട്ട ധർണ്ണ നടന്നത്.

ബി.എം.എസ് സംസ്ഥാന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ബി.ശിവജി സുദർശൻ ധർണ്ണ ഉദ്ഘാടനം ചെയ്തു. സ്വാതന്ത്ര്യത്തിനു മുമ്പ് തന്നെ തിരുവനന്തപുരത്ത് പൊതുഗതാഗതം ഉണ്ടായിരുന്നു എന്ന് അദ്ദേഹം ഓർമിപ്പിച്ചു. 1938 ഫെബ്രുവരി 20ന് ശ്രീ ചിത്തിര ബാലരാമവർമ്മ മഹാരാജാവ് കേരളത്തിൽ പൊതുഗതാഗതം ആരംഭിച്ചു എങ്കിലും ഇന്ന് 80% വും ഗതാഗതരംഗം സ്വകാര്യമേഖലയിലായത് കേരളത്തിൽ ഭരിച്ച ഇടത്, വലത് സർക്കാരുകളുടെ വീഴ്ചയാണ്. ജീവനക്കാർക്ക് ശമ്പളവും പെൻഷൻകാർക്ക് പെൻഷനും യഥാസമയം നൽകുന്നില്ല. ജീവിക്കുവാൻ നിവൃത്തിയില്ലാതെ ജീവനക്കാരും പെൻഷൻകാരും ആത്മഹത്യ ചെയ്യുന്ന അവസ്ഥയാണ് ഇവിടെ ഉള്ളത്.

കെഎസ്ആർടിസിയുടെ കടം 5000 കോടി കടന്നിരിക്കുന്നു. കെഎസ്ആർടിസി ബസ്സുകളുടെ എണ്ണവും ഏതാണ്ട് 5,000 ത്തിന് മുകളിലാണ്. അതായത് ഒരു ബസിന് ഒരു കോടിയുടെ ബാധ്യത വന്നിരിക്കുന്നു. ജീവിതത്തിന്റെ നല്ലൊരു ഭാഗം കെ.എസ്.ആർ.ടി.സിക്ക് വേണ്ടി സേവനം നടത്തിയ പെൻഷൻകാരുടെ പെൻഷൻ പരിഷ്കരിക്കാത്തത് എൽ.ഡി.എഫ്. സർക്കാരിന്റെ നയമാണോ. കെ.എസ്.ആർ.ടി.സിയിലെ പെൻഷൻകാരെ ആത്മഹത്യയിലേക്ക് തള്ളിവിടുന്ന ഈ സർക്കാർ നടപടി നോക്കിനിൽക്കാൻ കെഎസ്ടി പെൻഷനേഴ്സ് സംഘിനും ബി.എം.എസിനും സാധ്യമല്ല. കെഎസ്ആർടിസി പെൻഷൻ സർക്കാർ ഏറ്റെടുത്ത് കൃത്യമായി വിതരണം ചയ്യണം.

കെഎസ്ആർടിസി പൊതുമേഖലയിൽ നിലനിൽക്കണം. ഇത് കേരളത്തിലെ പൊതുജനങ്ങളുടെ അഭിലാഷമാണ്. അതുകൊണ്ട് അന്തിമ നിമിഷംവരെയും പോരാട്ടത്തിന് എല്ലാവരും തയ്യാറാവണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്യുകയുണ്ടായി.

കെഎസ്ടി പെൻഷനേഴ്സ് സംഘ് സംസ്ഥാന സെക്രട്ടറി കെ. ശ്രീകുമാർ അധ്യക്ഷത വഹിച്ചു. കെ. ജയകുമാർ, ബി.എം.എസ്. തിരുവനന്തപുരം ജില്ലാ സെക്രട്ടറി, എസ്.കെ. ജയകുമാർ, ഫെറ്റോ സംസ്ഥാന പ്രസിഡന്റ്, പ്രദീപ് വി. നായർ, ഡെപ്യൂട്ടി ജനറൽ സെക്രട്ടറി, കെ.എസ്.ടി. എംപ്ലോയീസ് സംഘ്, പി. അനിൽകുമാർ, ജനറൽ സെക്രട്ടറി, കെ.എസ്.ടി. പെൻഷനേഴ്സ് സംഘ് എന്നിവർ പ്രസംഗിച്ചു. കെഎസ്ടി പെൻഷനേഴ്സ് സംഘ് സംസ്ഥാന ഉപാധ്യക്ഷൻ കെ. ഗോപിനാഥൻ നായർ സ്വാഗതവും സംസ്ഥാന സെക്രട്ടറി സി. ഗംഗാധരൻ നന്ദിയും പറഞ്ഞു.



**പാലക്കാട് ബി.എം.എസ് ഓഫീസിൽ നടന്ന അസംഘടിത തൊഴിലാളി ക്ഷേമനിധി രജിസ്ട്രേഷൻ ക്യാമ്പ്**

# എൻ. ടി. സി. മില്ലുകൾ തുറന്നുപ്രവർത്തിപ്പിക്കണം

**ദൽഹി** : അടഞ്ഞുകിടക്കുന്ന നാഷനൽ ടെക്സ്റ്റയിൽസ് കോർപ്പറേഷന്റെ മില്ലുകൾ തുറന്നു പ്രവർത്തിപ്പിക്കണമെന്ന് ഭാരതീയ മസ്ദൂർസംഘം ആവശ്യപ്പെട്ടു. കോവിഡിനെ തുടർന്ന് 2020 മാർച്ച് 25 മുതൽ പ്രഖ്യാപിച്ച ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ അടച്ചിട്ട 23 മില്ലുകളും കേന്ദ്രസർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോഴും അടഞ്ഞുകിടക്കുകയാണെന്ന് ബി.എം.എസ്. നേതൃത്വം കുറ്റപ്പെടുത്തി.

അടഞ്ഞുകിടക്കുന്ന മില്ലുകളെ നവീകരിച്ച് പ്രവർത്തനം സജ്ജമാക്കുക, മൂലധന സമാഹരണത്തിനായി വെറുതെ കിടക്കുന്ന ഭൂമി ഉപയോഗിക്കുക, എല്ലാ മില്ലുകളിലും ഊർജ്ജാവശ്യത്തിന് സോളാർ പ്ലാന്റുകളും വിൻഡ് എനർജി പ്ലാന്റുകളും സ്ഥാപിക്കുക എന്നീ ആവശ്യങ്ങളും ബി.എം.എസ്സ്. ഉന്നയിച്ചിട്ടുണ്ട്. അടഞ്ഞുകിടക്കുന്ന മില്ലുകളിലെ തൊഴിലാളികൾക്ക് പകുതി വേതനമാണ് ഇപ്പോൾ നല്കിവരുന്നത്. ഇതുതന്നെ മൂന്നുമാസമായി കുടിശ്ശികയാണ്. ഇ.പി.എഫ്. വിഹിതവും നടപ്പാക്കുന്നില്ല. കുടിശ്ശികയിലുള്ള മുഴുവൻ ആനുകൂല്യങ്ങളും ഉടൻ അനുവദിക്കണമെന്നും ബി.എം. എസ്. ആവശ്യപ്പെട്ടു. കേന്ദ്ര ടെക്സ്റ്റയിൽസ് മന്ത്രി പിയൂഷ് ഗോയലിന് നേതാക്കൾ വിശദമായ നിവേദനം നല്കിയിട്ടുണ്ട്.

# ക്ഷാമബത്ത അനുവദിക്കാൻ കേന്ദ്രം ഇടപെടണം – കേരള സെക്രട്ടറിയേറ്റ് എംപ്ലോയീസ് സംഘ്

**തിരുവനന്തപുരം** : സംസ്ഥാന സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത അനുവദിക്കാൻ കേന്ദ്ര ധനമന്ത്രാലയം ഇടപെടണമെന്ന് കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് സംഘ് ആവശ്യപ്പെട്ടു. രണ്ടുവർഷമായി സംസ്ഥാന ജീവനക്കാർക്ക് ക്ഷാമബത്ത 11% കുടിശ്ശികയാണ്. സംസ്ഥാനത്തിന്റെ റവന്യൂ ചെലവിലെ കുറവു പരിഹരിക്കുന്നതിനായി മാസംതോറും കോടിക്കണക്കിനു രൂപ കേന്ദ്രം കേരളത്തിന് നൽകുന്നുണ്ട്. ജീവനക്കാർക്ക് ക്ഷാമബത്ത നല്കുന്നത് റവന്യൂ ചെലവിനത്തിൽ ഉൾപ്പെടുന്നതാണ്. എന്നാൽ ജീവനക്കാർക്കു യാതൊരു സഹായവും ചെയ്യാതെ കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന തുക വിനിയോഗിക്കുകയാണ്. ഇക്കാര്യം കേന്ദ്ര സർക്കാർ പരിശോധിക്കണമെന്നും സംസ്ഥാനസർക്കാരിനോട് ക്ഷാമബത്ത അനുവദിക്കാൻ നിർദ്ദേശിക്കണമെന്നും ആവശ്യപ്പെട്ട് കേന്ദ്രധനമന്ത്രി നിർമ്മലാ സീതാരാമന് കേരള സെക്രട്ടറിയറ്റ് എംപ്ലോയീസ് സംഘ് നിവേദനം നല്കി. റവന്യൂ ചെലവിനത്തിലെ കുറവു പരിഹരിക്കുന്നതിനായി 37841 കോടി രൂപ അനുവദിച്ചതിൽ 30,000 കോടി രൂപയോളം കേന്ദ്രം കേരളത്തിന് നൽകി കഴിഞ്ഞു. റവന്യൂ ചെലവിലെ കുറവു പരിഹരിക്കാൻ സംസ്ഥാനത്തിനു നല്കുന്ന തുകയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് കേന്ദ്രം ആവശ്യപ്പെടണം. കേരളം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്ന പ്രതീതി ജനിപ്പിക്കുന്നത് സംസ്ഥാന ജീവനക്കാരുടെ ക്ഷാമബത്ത നല്കാതിരിക്കാനാണ്. വിലക്കയറ്റവും ജീവിതച്ചെലവും വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ മുഴുവൻ ക്ഷാമബത്തയും സംസ്ഥാനം അടിയന്തിരമായി അനുവദിക്കണമെന്ന് കേരള സെക്രട്ടറിയേറ്റ് എംപ്ലോയീസ് സംഘ് സംസ്ഥാന പ്രസിഡന്റ് ആകാശ് രവിയും ജനറൽ സെക്രട്ടറി ടി.ഐ. അജയകുമാറും ആവശ്യപ്പെട്ടു.

## നഴ്സുമാരുടെ മിനിമം വേതനം

# സർക്കാർ വിജ്ഞാപനം ഹൈക്കോടതി റദ്ദാക്കി

**കൊച്ചി:** സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ മിനിമം വേതനമടക്കമുള്ള ആനുകൂല്യങ്ങൾ നിശ്ചയിച്ച് സർക്കാർ 2018 ഏപ്രിൽ 23ന് പുറത്തിറക്കിയ വിജ്ഞാപനം ഹൈക്കോടതി റദ്ദാക്കി. നഴ്സുമാരുടെ സംഘടനകളുടെയും സ്വകാര്യ ആശുപത്രികളുടെ പ്രതിനിധികളുടെയും വാദങ്ങൾകേട്ട് മൂന്നു മാസത്തിനകം പുതിയ വിജ്ഞാപനം ഇറക്കണമെന്നും ഹൈക്കോടതി ഉത്തരവിട്ടു.

സർക്കാർ വിജ്ഞാപനം ചോദ്യം ചെയ്ത് യുണൈറ്റഡ് നഴ്സസ് അസോസിയേഷൻ, കേരള പ്രൈവറ്റ് ഹോസ്പിറ്റൽസ് അസോസിയേഷൻ, അസോസിയേഷൻ ഓഫ് അഡ്വാൻസ്ഡ് സ്പെഷ്യാലിറ്റി ഹെൽത്ത് കെയർ ഇൻസ്റ്റിറ്റ്യൂഷൻസ് തുടങ്ങിയ സംഘടനകളും വിവിധ സ്വകാര്യ ആശുപത്രികളും നല്കിയ ഒരുകൂട്ടം ഹർജികളിൽ ജസ്റ്റിസ് അമിത് റാവലാണ് വിധി പറഞ്ഞത്. കേന്ദ്ര സർക്കാർ നിയോഗിച്ച ജഗദീഷ് പ്രസാദ് കമ്മിറ്റി റിപ്പോർട്ട് അടിസ്ഥാനമാക്കിയാണ് സർക്കാർ വിജ്ഞാപനം ഇറക്കിയത്. എന്നാൽ ഈ റിപ്പോർട്ട് ഹൈക്കോടതി സ്റ്റേ ചെയ്തത് സർക്കാർ കണക്കിലെടുത്തില്ലെന്നും സ്വകാര്യ ആശുപത്രികളുടെ പ്രതിനിധികൾ വാദിച്ചു. ഇരുകൂട്ടരും പരാതി ഉന്നയിച്ച സാഹചര്യം കണക്കിലെടുത്ത സിംഗിൾബെഞ്ച് സർക്കാർ വിജ്ഞാപനം റദ്ദാക്കുകയായിരുന്നു.

സംസ്ഥാനത്തെ 50 കിടക്കകൾ വരെയുള്ള സ്വകാര്യ ആശുപത്രികളിൽ നഴ്സുമാരുടെ മിനിമം വേതനം പ്രതിമാസം 20,000 രൂപയും പരമാവധി വേതനം 30,000 രൂപയുമാക്കിയാണ് സർക്കാർ നിശ്ചയിച്ചത്. ജീവിതച്ചെലവു വളരെ ഉയർന്ന സാഹചര്യത്തിൽ ഈ തുക പര്യാപ്തമല്ലെന്ന് ചൂണ്ടിക്കാട്ടിയാണ് നഴ്സുമാരുടെ സംഘടന ഹൈക്കോടതിയിൽ ഹർജി നല്കിയത്. സർക്കാർ സർവീസിൽ നഴ്സുമാരുടെ അടിസ്ഥാന ശമ്പളം 39,000 രൂപയാണെന്നും ഹർജിക്കാർ ചൂണ്ടിക്കാട്ടി. എന്നാൽ തങ്ങളുടെ വാദം കേൾക്കാതെ സർക്കാർ ഏകപക്ഷീയമായാണ് ഈ വേതനം നിശ്ചയിച്ചതെന്നും 2018-ലെ വിജ്ഞാപനം നിയമപരമല്ലെന്നും ചൂണ്ടിക്കാട്ടിയാണ് സ്വകാര്യ ആശുപത്രികളും ഇവരുടെ സംഘടനാ പ്രതിനിധികളും ഹർജി നല്കിയത്.

# കലോത്സവങ്ങളെ വിവാദ കേന്ദ്രങ്ങളാക്കരുത്

## - എൻ.ജി.ഒ.സംഘ്

**തൃശൂർ:** സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഉയർന്ന അനാവശ്യ ഭക്ഷണവിവാദം സമൂഹത്തിൽ ജാതി മത സ്പർദ്ധ സൃഷ്ടിക്കുവാനുള്ള ചില സാമൂഹ്യ വിരുദ്ധ ശക്തികളുടെ കുത്സിത ശ്രമമാണെന്ന് എൻ.ജി.ഒ. സംഘ് തൃശൂർ ജില്ലാ സമിതി വിലയിരുത്തി. ഇതിന് തുടക്കമിട്ടവർക്കെതിരെ സാമൂഹിക സ്പർദ്ധയുണ്ടാക്കിയതിന് കേസെടുക്കണമെന്നും യോഗം ആവശ്യപ്പെട്ടു. ജനുവരി 31 വരെ നടക്കുന്ന അംഗത്വ വിതരണം ഊർജ്ജിതമാക്കാനും യോഗം തീരുമാനിച്ചു.

ജില്ലാ വൈസ് പ്രസിഡന്റ് എം. രാമചന്ദ്രൻ അധ്യക്ഷത വഹിച്ച യോഗം സംസ്ഥാന ജോയിന്റ് സെക്രട്ടറി വി. വിശ്വകുമാർ ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി കെ.ഡി. മാധവദാസ്, സംസ്ഥാന സമിതിയംഗം ടി.എ. സുഗുണൻ, ജയൻ പൂമംഗലം, വി. സജീവ്, പ്രശാന്ത് കളരിക്കൽ തുടങ്ങിയവർ സംസാരിച്ചു.

# കേന്ദ്ര ബജറ്റ് ജീവനക്കാർക്ക് ആശ്വാസം പകരുന്നത് – ഫെറ്റോ

ആദായ നികുതി പരിധി ഏഴ് ലക്ഷം രൂപയാക്കി ഉയർത്തിക്കൊണ്ടുള്ള ബജറ്റ് നിർദേശം ജീവനക്കാർക്ക് ആശ്വാസം പകരുന്നതാണെന്ന് ഫെഡറേഷൻ ഓഫ് എംപ്ലോയീസ് ആന്റ് ടീച്ചേഴ്സ് ഓഫ് ഓർഗനൈസേഷൻസ് (ഫെറ്റോ) സംസ്ഥാന പ്രസിഡന്റ് എസ്.കെ. ജയകുമാറും ജനറൽ സെക്രട്ടറി പി.എസ്. ഗോപകുമാറും പ്രസ്താവനയിൽ അറിയിച്ചു. നിശ്ചിത വരുമാനക്കാരായ ജീവനക്കാർക്കും അധ്യാപകർക്കുമാണ് ഇതിന്റെ ഗുണം ഏറെ ലഭിക്കുക.

ഇടത്തരക്കാരായ ജനവിഭാഗങ്ങളോട് കേന്ദ്ര സർക്കാരിനുള്ള കരുതലാണ് ബജറ്റിൽ പ്രതിഫലിക്കുന്നത്.ബജറ്റ് എല്ലാ വിഭാഗത്തേയും തൃപ്തിപ്പെടുത്തുന്നതാണെന്നും അവർ പറഞ്ഞു.

## സമഗ്ര പുരോഗതി ലക്ഷ്യമിട്ടുള്ള ബജറ്റ് – ഫെറ്റോ

തൃശൂർ: ആദായ നികുതി ഇളവ് പരിധി ഏഴ് ലക്ഷമാക്കി ഉയർത്തിയതടക്കമുള്ള ബഡ്ജറ്റ് നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നതായി ഫെഡറേഷൻ ഓഫ് എംപ്ലോയീസ് & ടീച്ചേഴ്സ് (ഫെറ്റോ) ജില്ലാ പ്രസിഡന്റ് കെ.കെ. ഗിരീഷ്കുമാർ, സെക്രട്ടറി ജയൻ പൂമംഗലം എന്നിവർ പ്രസ്താവനയിൽ പറഞ്ഞു. ഇന്ത്യയുടെ സാമ്പത്തിക വളർച്ചാനിരക്ക് പ്രതീക്ഷ നൽകുന്നതാണെന്നും ഇവർ പ്രസ്താവനയിൽ പറഞ്ഞു.

## കേന്ദ്രബജറ്റ് സ്വാഗതാർഹം – എൻ.ജി.ഒ. സംഘ്

തൃശൂർ; കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമൻ അവതരിപ്പിച്ച കേന്ദ്ര ബഡ്ജറ്റിൽ ആദായ നികുതി ഇളവ് പരിധി ഏഴ് ലക്ഷമാക്കി ഉയർത്തിയ നടപടി സ്വാഗതാർഹമാണെന്ന് എൻ.ജി.ഒ. സംഘ് ജില്ലാ പ്രസിഡന്റ് എം. രാജഗോപാൽ, ജില്ലാ സെക്രട്ടറി കെ.ഡി. മാധവദാസ് എന്നിവർ പ്രസ്താവനയിൽ പറഞ്ഞു. സർക്കാർ ജീവനക്കാരെയും ഇടത്തരക്കാരെയും സാധാരണക്കാരെയും ഒരുപോലെ പരിഗണിച്ച ബഡ്ജറ്റ് അവതരിപ്പിച്ചതിന് കേന്ദ്ര സർക്കാരിന് നന്ദി രേഖപ്പെടുത്തുന്നതായും ഇവർ പ്രസ്താവനയിൽ സൂചിപ്പിച്ചു.




# എൻ. ജി. ഒ. സംഘ്
# 44-ാം സംസ്ഥാന സമ്മേളനം കൊല്ലത്ത്

**എറണാകുളം:** കേരള എൻ.ജി.ഒ. സംഘ് സംസ്ഥാന സമ്മേളനം ആഗസ്റ്റ് 10, 11, 12 തീയതികളിൽ കൊല്ലംജില്ലയിൽവെച്ച് നടത്തുന്നതിന് എറണാകുളത്ത് ചേർന്ന സംസ്ഥാന പ്രവർത്തകസമിതി തീരുമാനിച്ചു. അതിനു മുന്നോടിയായി ഫെബ്രുവരി മാസത്തിൽ ബ്രാഞ്ച് സമ്മേളനങ്ങളും മാർച്ച് മാസത്തിൽ ജില്ലാ സമ്മേളനങ്ങളും നടക്കും.

ഫെബ്രുവരി 17ന് വനിതാ ജീവനക്കാരുടെ സെക്രട്ടറിയേറ്റ് ധർണ്ണ, മാർച്ച് 8ന് അന്താരാഷ്ട്ര വനിതാദിനാചരണം, ഏപ്രിൽ 1-ന് ജില്ലാതല പ്രക്ഷോഭങ്ങൾ, മെയ് 20 വഞ്ചനാദിനം, ജൂൺ ജൂലായ് മാസങ്ങളിൽ ഡിപ്പാർട്ട്മെന്റ്തല പ്രക്ഷോഭങ്ങളും സംഘടിപ്പിക്കും. സർവ്വേ ഡിപ്പാർട്ട്മെന്റിൽ ഡ്രാഫ്റ്റ്സ്മാൻമാരെ ഫീൽഡ് ജോലിക്ക് നിയോഗിക്കുന്നതു സംബന്ധിച്ച് സർവ്വേ ഡയറക്ടർക്ക് നിവേദനം നൽകിയിരിക്കുന്നതായും കേരള എൻ.ജി.ഒ. സംഘ് സംസ്ഥാന പ്രസിഡന്റ് ടി.എൻ. രമേശ്, ജനറൽ സെക്രട്ടറി എ. പ്രകാശ് എന്നിവർ അറിയിച്ചു.

# പെൻഷൻ കുടിശ്ശികയും ക്ഷാമബത്തയും ഉടൻ അനുവദിക്കണം

**തിരുവനന്തപുരം:** വിലക്കയറ്റം കൊണ്ട് ജീവിതം ദുസ്സഹമായ കാലഘട്ടത്തിൽ കഴിഞ്ഞ 2 വർഷമായി ഒരു രൂപ പോലും ക്ഷാമബത്ത ഇനത്തിൽ പെൻഷൻകാർക്ക് നൽകാത്ത ഇടതു സർക്കാർ നടപടി പ്രതിഷേധാർഹമാണെന്നും അർഹമായ ഡി.എ. കുടിശ്ശിക, ശമ്പളപരിഷ്കരണ കുടിശ്ശിക ഇവ ഉടൻതന്നെ പെൻഷൻകാർക്ക് ലഭ്യമാക്കണമെന്നും മെഡിസെപ്പ് അപാകത പരിഹരിക്കണമെന്നും ബി.എം. എസ്. ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ശിവജി സുദർശൻ സർക്കാരിനോട് ആവശ്യപ്പെട്ടു. കേരള സ്റ്റേറ്റ് പെൻഷനേഴ്സ് സംഘ് സെക്രട്ടറിയേറ്റ് ധർണ ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം




**പെൻഷനേഴ്സ് സംഘ് സെക്രട്ടേറിയറ്റ് ധർണ്ണ ബി.എം.എസ്. ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ബി.ശിവജി സുദർശൻ ഉദ്ഘാടനം ചെയ്യുന്നു.**

സംസ്ഥാന പ്രസിഡന്റ് എം.കെ. സദാനന്ദൻ അധ്യക്ഷത വഹിച്ചു. കെ. ജയകുമാർ തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് സ്വാഗതം ആശംസിച്ചു. ബി.ജെ.പി. ജില്ലാ പ്രസിഡന്റ് വി.വി. രാജേഷ്, ഫെറ്റോ ജനറൽ സെക്രട്ടറി പി.എസ്. ഗോപകുമാർ, എൻ.ജി.ഒ. സംഘ് സംസ്ഥാന പ്രസിഡന്റ് റ്റി. എൻ. രമേശ് തുടങ്ങിയവർ ആശംസ അർപ്പിച്ചു. ഗോപകുമാർ (തിരു: ജില്ലാ സെക്രട്ടറി) നന്ദി രേഖപ്പെടുത്തി. സംസ്ഥാന വൈസ് പ്രസിഡന്റ് എം.ജി. പുഷ്പാംഗദൻ, ആർ.പി.മഹാദേവകുമാർ, കെ. ബാലാമണി, സംസ്ഥാന സെക്രട്ടറിമാരായ കെ.കെ.ശ്രീകുമാർ, പി. ബാലൻ, പി. ജയഭാനു, സുരേഷ്, രഘുവർമ്മ, സുധാകരൻ നായർ, ഗോപകുമാർ തുടങ്ങിയവർ നേതൃത്വം നല്കി.

# ലീവ് സറണ്ടർ

# ഉത്തരവ് കത്തിച്ച് പ്രതിഷേധം

**തിരുവനന്തപുരം:** ലീവ് സറണ്ടർ ഉത്തരവിലൂടെ ജീവനക്കാരോട് സർക്കാർ കാണിച്ചത് കടുത്ത വഞ്ചനയാണെന്ന് ഫെറ്റോ സംസ്ഥാന പ്രസിഡന്റ് എസ്.കെ. ജയകുമാർ പറഞ്ഞു. ഫെറ്റോയുടെ നേതൃത്വത്തിൽ സെക്രട്ടറിയേറ്റിലേക്ക് നടത്തിയ പ്രതിഷേധ സമരം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

മൂന്നേകാൽ വർഷം മാത്രം കാലാവധി ഉള്ള രണ്ടാം പിണറായി സർക്കാർ നാല് വർഷത്തിനുശേഷം ജീവനക്കാർക്ക് ലീവ് സറണ്ടർ തുക പി.എഫ്-ൽ നിന്ന് പിൻവലിക്കാമെന്ന് ഉത്തരവിറക്കിയത് ജീവനക്കാരെ കബളിപ്പിക്കാനാണ്. തത്വത്തിൽ ലീവ് സറണ്ടർ ആനുകൂല്യം എൽ.ഡി.എഫ്. സർക്കാർ നൽകിയില്ലെന്ന തീരുമാനമാണ് ഉണ്ടായിരിക്കുന്നത്. കഴിഞ്ഞ 2 വർഷമായി ക്ഷാമബത്ത കുടിശ്ശികയാക്കിയതിലൂടെ ശരാശരി ഒരു ജീവനക്കാരന് 3000/- മുതൽ 10,000/- രൂപയുടെ കുറവാണ് ശമ്പളത്തിൽ ഉണ്ടായിരിക്കുന്നത്. ധനമന്ത്രി ജീവനക്കാരുടെ ആനുകൂല്യങ്ങൾ നിഷേധിക്കാനാണ് സാമ്പത്തിക പ്രതിസന്ധിയാണെന്ന് പ്രചരിപ്പിക്കുന്നത്. കേരളം കണ്ട ഏറ്റവും ധൂർത്തനായ ധനമന്ത്രിയാണ് കെ.എൻ. ബാലഗോപാലെന്നും എസ്.കെ. ജയകുമാർ ആരോപിച്ചു.

ഫെറ്റോ ജില്ലാ പ്രസിഡന്റ് എസ്. വിനോദ് കുമാർ അധ്യക്ഷത വഹിച്ചു. എൻ.ജി.ഒ. സംഘ് സംസ്ഥാന പ്രസിഡന്റ് റ്റി.എൻ. രമേശ്, കെ.ജി.ഒ. സംഘ് സംസ്ഥാന പ്രസിഡന്റ് ബി. മനു, പി.എസ്.സി. എംപ്ലോയീസ് സംഘ് സംസ്ഥാന പ്രസിഡന്റ് റ്റി.എൻ. പ്രദീപ് കുമാർ, ജനറൽ സെക്രട്ടറി ആർ. ഹരികൃഷ്ണൻ, യൂണിവേഴ്സിറ്റി ഫെഡറേഷൻ ജനറൽ സെക്രട്ടറി എസ്. അരുൺ കുമാർ, സെക്രട്ടറിയേറ്റ് എംപ്ലോയീസ് സംഘ് സംസ്ഥാന ജനറൽ സെക്രട്ടറി റ്റി.ഐ. അജയകുമാർ, ഗവ. പ്രസ് സംഘ് ജനറൽ സെക്രട്ടറി സി.കെ. ജയപ്രകാശ്, പ്രൈവറ്റ് കോളേജ് എംപ്ലോയീസ് സംഘ് സംസ്ഥാന പ്രസിഡന്റ് ബി. ഉണ്ണികൃഷ്ണൻ നായർ, ഫെറ്റോ സംസ്ഥാന സെക്രട്ടറി ആർ. ശ്രീകുമാരൻ, എൻ.റ്റി.യു. ജില്ലാ പ്രസിഡന്റ് അരുൺ, ഫെറ്റോ ജില്ലാ സെക്രട്ടറി ആദർശ് എന്നിവർ സംസാരിച്ചു.

ഫെറ്റോ നേതാക്കളായ രതീഷ് ആർ. നായർ, എസ്. സുദർശനൻ, പാക്കോട് ബിജു, സജീഷ് കുമാർ, ഡി.ആർ. അനിൽ, ജി.ഡി. അജികുമാർ, ദിലീപ് കുമാർ, ലക്ഷ്മി എന്നിവർ നേതൃത്വം നൽകി.




**ഫെറ്റോ തിരുവനന്തപുരം ജില്ലാ സമിതിയുടെ സെക്രട്ടേറിയറ്റ് മാർച്ച്**

## സേവാഭാരതി ഏറ്റവും അവശത അനുഭവിക്കുന്നവരിലേക്ക്

# ദർശനരേഖ അവതരിപ്പിച്ച് സേവാസംഗമം



പാലക്കാട്ട് നടന്ന സേവാസംഗമം സ്വാമി ചിദാനന്ദപുരി ഉദ്ഘാടനം ചെയ്യുന്നു.

**പാലക്കാട്**: അടുത്ത അഞ്ചുവർഷത്തേക്കുള്ള സമഗ്ര കർമപദ്ധതിക്ക് രൂപം നൽകി, രണ്ടുദിവസത്തെ സേവാഭാരതി സേവാസംഗമത്തിന് സമാപനം. ലഹരിമുക്ത കേരളം, ആരോഗ്യയുക്ത കേരളം എന്ന സന്ദേശവുമായി പാലക്കാട് സേവസംഗമ നഗറിൽ നടന്ന സംഗമത്തിന്റെ സമാപനസഭയിലാണ് അടുത്ത അഞ്ചുവർഷത്തേക്കുള്ള ദർശനരേഖ അവതരിപ്പിച്ചത്. ഏറ്റവും കൂടുതൽ അവശതയനുഭവിക്കുന്നവരുടെ ഇടയിലേക്ക് സേവാഭാരതിയുടെ പ്രവർത്തനം വ്യാപിപ്പിക്കും. സേവന പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ 100 പേരടങ്ങിയ യൂണിറ്റ് രൂപീകരിക്കും. ഇതിൽ കൂടുതൽ വനിതകൾക്ക് പ്രാമുഖ്യം നൽകി അവരെ സംഘടനയുടെ ഭാഗമാക്കും.

പഞ്ചായത്ത് തലങ്ങളിൽനിന്നും വിവരങ്ങൾ ശേഖരിക്കുന്നതോടൊപ്പം അത് എല്ലാവർഷവും അപ്ഡേറ്റ് ചെയ്യും. സിദ്ധപാരമ്പര്യ വൈദ്യങ്ങളെക്കൂടി ആരോഗ്യമേഖലയുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തും. ഇതിനായി സംസ്ഥാനതലത്തിൽ ഡോക്ടർമാരുടെ സംഘം രൂപീകരിക്കും. 15 ശതമാനത്തോളം വരുന്ന സമ്പർക്കത്തെ 50 ശതമാനമാക്കി വർധിപ്പിക്കുന്നതിനുള്ള പദ്ധതികൾക്കും രൂപം നല്കി.

സർക്കാരുകളുടെ വിവിധ ക്ഷേമപദ്ധതികൾ താഴേക്കിടയിലെ ജനങ്ങളിലെത്തിക്കുന്നതിന് സേവാഭാരതി പ്രവർത്തിക്കും. സമ്മേളന സന്ദേശമായ ലഹരിമുക്ത കേരളം ആരോഗ്യയുക്തകേരളം വിഷയത്തിലെ പ്രോഗ്രസ് കാർഡും അഞ്ചാംവർഷത്തിന്റെ അവസാനം അവതരിപ്പിക്കും.

ശിവരാത്രിയോടനുബന്ധിച്ച് ഫെബ്രുവരി 17, 18 തീയതികളിൽ സംസ്ഥാനത്തുടനീളം സേവാഭാരതിയുടെ നേതൃത്വത്തിൽ സേവാനിധി സ്വരൂപിക്കുമെന്ന് ഭാവി പരിപാടികൾ അവതരിപ്പിച്ച ആർ.എസ്.എസ്. പ്രാന്തകാര്യവാഹ് പി.എൻ. ഈശ്വരൻ പറഞ്ഞു. മാർച്ച് ഒന്നുമുതൽ ഏഴുവരെ സേവാസപ്താഹമെന്ന മഹാസമ്പർക്കയജ്ഞവും നടക്കും.

പരമാവധി കേന്ദ്രങ്ങളിലേക്ക് സേവാഭാരതിയുടെ പ്രവർത്തനം വ്യാപിപ്പിക്കും. സാമ്പത്തിക ബാധ്യത കുറച്ചുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നല്കും. ആരോഗ്യ ശുശ്രൂഷയുമായി ബന്ധപ്പെട്ട പരിശീലനം നല്കും. രക്തദാനസേന വിപുലീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു. സർക്കാർ പദ്ധതികളുടെ സഹായം ലഭ്യമാക്കുന്നതിന് ഓരോ പഞ്ചായത്തിലും ഡിജിറ്റൽ സേവാകേന്ദ്രങ്ങൾ തുടങ്ങും. ചെറുപ്പക്കാരെ സ്വയംസംരംഭകരാക്കുന്നതിനുള്ള പരിശീലനവും നല്കും. സ്വാവലംബി കേന്ദ്രങ്ങൾ വികസിപ്പിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

# രാജ്യതാൽപര്യത്തിന് വിരുദ്ധമായതിനെ പ്രോത്സാഹിപ്പിക്കുന്നത് കമ്യൂണിസ്റ്റ് പാരമ്പര്യം

## - ദേശീയ അദ്ധ്യാപക പരിഷത്ത്

**ശാസ്താംകോട്ട:** രാജ്യതാല്പര്യത്തിന് വിരുദ്ധമായതിനെ പ്രോത്സാഹിപ്പിക്കുകയും ദേശീയമായതിനെ അപമാനിക്കുകയും ചെയ്യുകയെന്നത് കമ്യൂണിസ്റ്റുകളുടെ പാരമ്പര്യമാണെന്ന് ദേശീയ അധ്യാപകപരിഷത്ത് (എൻ.ടി.യു.) സംസ്ഥാന പ്രസിഡന്റ് പി.എസ്. ഗോപകുമാർ പറഞ്ഞു.

മുതുപിലാക്കാട് ഗവൺമെന്റ് എൽ.വി.എൽ.പി. സ്കൂളിൽ നടന്ന എൻ.ടി.യു. ഉപജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സമസ്ത മേഖലകളിലും അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ച് രാജ്യം ലോകത്തിന്റെ നെറുകയിലേക്ക് നടന്നു കയറുകയാണ്. അതുപോലെ രാജ്യത്തിന്റെ പ്രധാനമന്ത്രി ലോകനേതൃപദവിയിലേക്കും ചുവടുവയ്ക്കുകയാണ്.

രാജ്യത്തിന്റെയും പ്രധാന മന്ത്രിയുടെയും നേട്ടത്തിൽ അസൂയാലുക്കളായ പാശ്ചാത്യരുടെ നാവായാണ് ബിബിസി വിവാദ ഡോക്യുമെന്ററിയുമായി വന്നിരിക്കുന്നത്.

രണ്ട് പതിറ്റാണ്ട് മുമ്പ് നടന്ന ഗുജറാത്ത് കലാപത്തിന്റെ പേരിൽ ഉയർന്ന ആരോപണങ്ങളെല്ലാം രാജ്യത്തെ നീതിപീഠങ്ങൾ തലനാരിഴ കീറി പരിശോധിച്ച് പ്രധാനമന്ത്രിയെ വിശുദ്ധനായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ജനകീയ കോടതികളിലും പല തവണ അഗ്നിശുദ്ധി വരുത്തിയതാണ്. എന്നിട്ടും അസമയത്ത് അനാവശ്യ വിവാദമുണ്ടാക്കാനാണ് ബിബിസിയുടെ ശ്രദ്ധ. വിവാദ ഡോക്യുമെന്ററി കേരളത്തിൽ പ്രദർശിപ്പിക്കുമെന്ന ചില കമ്യൂണിസ്റ്റ് യുവജന സംഘടനകളുടെ നിലപാട് അവരുടെ അടിമത്ത മനോഭാവവും അന്ധമായ മോദി വിരോധവുമാണ് പ്രകടമാക്കുന്നത്.

ഇന്ത്യൻ സൈനികരെ അപമാനിക്കാൻ കാശ്മീരിലേതെന്ന തരത്തിൽ ഗാസയിലെ പെൺകുട്ടിയുടെ ചിത്രം പ്രചരിപ്പിച്ചും സുഭാഷ് ചന്ദ്രബോസിനെ കഴുതയോടുപമിച്ച് കാർട്ടൂൺ പ്രചരിപ്പിച്ചതും റിപ്പബ്ലിക് ദിനത്തിൽ കരിങ്കൊടിയുയർത്തിയതും ഇക്കൂട്ടരുടെ രാജ്യവിരുദ്ധ പ്രവർത്തനങ്ങളുടെ ഉദാഹരണങ്ങളാണ്.

രാജ്യം റിപ്പബ്ലിക് ദിനം ആഘോഷിക്കുമ്പോൾ നാട്ടികയിൽ കരിങ്കൊടി ഉയർത്തുന്നതിനിടയിൽ കൊല്ലപ്പെട്ട സർദാർ രാമകൃഷ്ണന്റെ രക്തസാക്ഷിത്വം ആചരിക്കുകയാണ് കമ്യൂണിസ്റ്റുകാരെന്നും പി.എസ്. ഗോപകുമാർ കുറ്റപ്പെടുത്തി. എൻ.ടി.യു. ജില്ലാ സെക്രട്ടറി ആർ. ഹരികൃഷ്ണൻ അധ്യക്ഷനായിരുന്നു. ബി.ജെ.പി. മണ്ഡലം പ്രസിഡന്റ് ആർ. ശ്രീനാഥ് മുഖ്യപ്രഭാഷണം നടത്തി. ജില്ലാ കമ്മിറ്റിയംഗം മുതുപിലാക്കോട് രാജേന്ദ്രൻ, മേഖലാ പ്രസിഡന്റ് എൻ. ബേബി, അജികുമാർ എം. എന്നിവർ ആശംസയർപ്പിച്ചു. ജില്ലാ വൈസ് പ്രസിഡന്റ് ആർ. ശിവൻപിള്ള സ്വാഗതവും ഗിരീഷ് എസ്. നന്ദിയും പറഞ്ഞു.

ഫെറ്റോ സംസ്ഥാന ജനറൽ സെക്രട്ടറി ആയി തെരഞ്ഞെടുത്ത പി.എസ്. ഗോപകുമാർ, കോവിഡ് പ്രതിരോധ പ്രവർത്തനത്തിലെ മികവിന് ജില്ലാ ഭരണകൂടത്തിന്റെ 'ശ്രേഷ്ഠ സേവാ' പുരസ്കാരം ലഭിച്ച ആർ. ശിവൻപിള്ള, സർവീസിൽനിന്ന് വിരമിക്കുന്ന അധ്യാപകരായ കെ. സതീഷ് കുമാർ, കെ. സുനിൽ ദത്ത്, എസ്. ശ്രീകല, പി. രാജശ്രീ എന്നിവരേയും എസ്എസ് എൽ സി പരീക്ഷയിൽ ഫുൾ എ പ്ലസ് നേടിയ സൂര്യകിരൺ ബി. അനാമിക മുരളി, ആർ. കൃഷ്ണനുണ്ണി, പ്ലസ് വൺ പരീക്ഷയിൽ ഫുൾ എപ്ലസ് നേടിയ അന്നപൂർണ്ണ എന്നിവരെ സമ്മേളനത്തിൽ ആദരിച്ചു.

ഭാരവാഹികളായി ഡോ. സുശീൽകുമാർ (പ്രസിഡന്റ്), പ്രദീപ് എൻ. ആര്യാശങ്കർജി (വൈസ് പ്രസിഡന്റുമാർ), എസ്. ഗിരീഷ് (സെക്രട്ടറി), വിദ്യ വി. നായർ, അനൂപ് ജെ (ജോയിന്റ് സെക്രട്ടറിമാർ), എം.കെ. അനിൽകുമാർ (ട്രഷറർ), ഷീബ പി.ജി. (വനിതാ വിഭാഗം കൺവീനർ) എന്നിവരെ തെരഞ്ഞെടുത്തു.

# ബഫർസോൺ : അരാജകത്വം സൃഷ്ടിക്കരുത്

## - കേരള ഫോറസ്റ്റ് പ്രൊട്ടക്ടീവ് സ്റ്റാഫ് സംഘ്

**പാലക്കാട്:** ബഫർസോൺ വിഷയം തെറ്റായി പ്രചരിപ്പിച്ച് സമൂഹത്തിൽ അരാജകത്വം സൃഷ്ടിക്കരുതെന്ന് കേരള ഫോറസ്റ്റ് പ്രൊട്ടക്ടീവ് സ്റ്റാഫ് സംഘ് പാലക്കാട്ട് നടന്ന നാലാം സംസ്ഥാന സമ്മേളനം ആവശ്യപ്പെട്ടു.

എല്ലാ വനം ഡിവിഷനുകളിലും പുതിയ തസ്തികകൾ സൃഷ്ടിച്ച് റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിക്കുക. ഫോറസ്റ്റ് കോഡ് പരിഷ്കരിക്കുക, ഫോറസ്റ്റ് വാച്ചർമാർക്ക് പ്രത്യേക ഉത്തരവിലൂടെ പ്രമോഷൻ നല്കുക. ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ പ്രമോഷൻ സാധ്യത വർധിപ്പിക്കുക. പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങൾ ഏറ്റെടുക്കുക. സ്പെഷൽ റിക്രൂട്ട്മെന്റ് വാച്ചർമാർക്ക് പ്രമോഷൻ നല്കുക എന്നീ ആവശ്യങ്ങളും ഉന്നയിച്ചു ബി.എം.എസ്സ്. സംസ്ഥാന ട്രഷറർ സി. ബാലചന്ദ്രൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. ബി.എം.എസ്. ദക്ഷിണ ക്ഷേത്രീയ സഹ സംഘടനാ സെക്രട്ടറി എം.പി. രാജീവൻ, ഫെറ്റോ ജന. സെക്രട്ടറി പി.എസ്. ഗോപകുമാർ, ആർ.ആർ. കെ.എം.എസ്. ദേശീയ വൈസ് പ്രസിഡന്റ് പി. സുനിൽകുമാർ സംസാരിച്ചു.

മുഖ്യമന്ത്രിയുടെ ഫോറസ്റ്റ് മെഡൽ നേടിയവർക്ക് പാലക്കാട് ഫ്ളയിങ് സ്ക്വാഡ് ഡിഎഫ്ഒ ആർ. ശിവപ്രകാശ്, വന്യജീവി വിഭാഗം അസി. ഫോറസ്റ്റ് കൺസർവേറ്റർ ഐ.പി. സനിൽ എന്നിവർ ഉപഹാരം നല്കി. സംസ്ഥാന പ്രസിഡന്റ് ബിജു ബി. നായർ അധ്യക്ഷനായി. ജനറൽ സെക്രട്ടറി ബി.എസ്. ഭദ്രകുമാർ, വൈസ് പ്രസിഡന്റുമാരായ വി.കെ. വിജീഷ്കുമാർ, ജോസഫ് വർഗീസ് സംസാരിച്ചു.

സർവീസ് സംഘടനാ നേതാക്കളായ മുരളി കേനാത്ത്, സത്യൻ മരുതൂർ, കെ.വി. ഷൺമുഖൻ, എസ്.ആർ. മല്ലികാർജുനൻ സംസാരിച്ചു.

സമാപനസമ്മേളനം ബി.എം.എസ്. പാലക്കാട് ജില്ലാ പ്രസിഡന്റ് സലിം തെന്നിലാപുരം ഉദ്ഘാടനം ചെയ്തു. സി.കെ. ജയപ്രസാദ്, കെ.ജി. രഞ്ജിത്, വി. ജയദേവ്, അഖിൽ ഡി. ജയൻ, വി.എസ്. സജീഷ് സംസാരിച്ചു.

# ഫോറസ്റ്റ് മെഡൽ : മാനദണ്ഡങ്ങൾ സുതാര്യമാക്കണം

**പാലക്കാട്:** മുഖ്യമന്ത്രിയുടെ ഫോറസ്റ്റ് മെഡൽ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സുതാര്യമാക്കണമെന്ന് കേരള ഫോറസ്റ്റ് പ്രൊട്ടക്ടീവ് സ്റ്റാഫ് സംഘ് സംസ്ഥാന സമ്മേളനം ആവശ്യപ്പെട്ടു. ഫോറസ്റ്റ് മെഡൽ നിശ്ചയിക്കുന്നതിൽ ബാഹ്യ ഇടപെടൽ നടക്കുന്നുണ്ടോയെന്ന് സംശയമുണ്ട്. വകുപ്പിൽനിന്ന് നല്കുന്ന ശിപാർശ തിരുത്തപ്പെടുന്ന അവസ്ഥ ശരിയല്ലെന്നും സമ്മേളനം ചൂണ്ടിക്കാട്ടി.




**കേരള ഫോറസ്റ്റ് പ്രൊട്ടക്ടീവ് സ്റ്റാഫ് സംഘ് സംസ്ഥാന സമ്മേളനത്തിൽ ബിഎംഎസ് ദക്ഷിണ ക്ഷേത്രീയ സഹസംഘടനാ സെക്രട്ടറി എം.പി. രാജീവൻ സംസാരിക്കുന്നു.**




**റായ്ഗഡിൽ വച്ച് നടന്ന അഖില ഭാരതീയ കൃഷി ഏവം ഗ്രാമീൺ മസ്ദൂർ മഹാ സംഘ് ദേശീയ പ്രവർത്തക സമിതി യോഗം ബി.എം.എസ്. ദേശീയ സെക്രട്ടറി വി.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.**

# അഖിലഭാരതീയ കൃഷി ഏവം ഗ്രാമീൺ മസ്ദൂർ മഹാസംഘ് പ്രവർത്തകസമിതി

**ഛത്തീസ്ഗഢ്:** ദേശീയ പ്രവർത്തകസമിതി ജനുവരി 28, 29, 30 തീയതികളിൽ റായ്ഗഢ് നീരാജ്ഞൽ ഓഡിറ്റോറിയത്തിൽ മഹാസംഘ് പ്രസിഡന്റ് കെ.എൻ. മോഹനന്റെ അധ്യക്ഷതയിൽ ചേർന്നു. ബി.എം.എസ്. ദേശീയ സെക്രട്ടറി വി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഭാരതത്തിലെ 25 കോടിയിൽപരം വരുന്ന കർഷകതൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷാ പദ്ധതികൾ നടപ്പാക്കുന്നതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

# ബി. എം. എസ്. നാഗാർജുന യൂണിറ്റ് കാര്യാലയത്തിന് തറക്കല്ലിട്ടു

**ഇടുക്കി** : ബി.എം.എസ്. നാഗാർജ്ജുന യൂണിറ്റിന്റെ കാര്യാലയത്തിന് ബി.എം.എസ്. സംസ്ഥാന സെക്രട്ടറിയും ഇടുക്കിജില്ലാ ഇൻചാർജ്ജുമായ സി. ജി. ഗോപകുമാർ ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചു. സംസ്ഥാന സെക്രട്ടറിയും യൂണിറ്റ് പ്രഭാരിയുമായ സിബി വർഗീസ്, ബി.എം.എസ്. ഇടുക്കി ജില്ലാ അധ്യക്ഷൻ കെ. ജയൻ, രാഷ്ട്രീയസ്വയംസേവകസംഘം ഇടുക്കി വിഭാഗ് സേവാ പ്രമുഖ് പി.ആർ. ഹരിദാസ്, ഗസറ്റഡ് ഓഫീസേഴ്സ് സംഘ് സംസ്ഥാന സെക്രട്ടറി വി.കെ. ബിജു, എൻ.ജി.ഒ. സംഘ് സംസ്ഥാന ജോയിന്റ് സെക്രട്ടറി വി.കെ. സാജൻ, സി.ഐ.ടി.യു. നാഗാർജ്ജുന യൂണിറ്റ് ജോയിന്റ് സെക്രട്ടറി വി. എൻ. മുരളി എന്നിവർ ആശംസകൾ നേർന്നു.

ബി.എം.എസ്. ജില്ലാ വൈസ് പ്രസിഡന്റ് കെ. എം. സിജു, ജില്ലാ ജോയിന്റ് സെക്രട്ടറിമാരായ എ.പി. സഞ്ചു, സി. രാജേഷ്, ജില്ലാ സമിതിയംഗം അൽഫോൻസാ മാത്യു, കാര്യാലയ സമിതി കൺവീനർ എം.പി. പ്രശാന്ത്, യൂണിറ്റ് പ്രസിഡന്റ് സുകുമാർ എസ്. മേനോൻ, സെക്രട്ടറി വിനോജ് കുമാർ, സിഐടിയു യൂണിറ്റ് പ്രസിഡന്റ് ഡെയ്സി ജോർജ് എന്നിവർക്കൊപ്പം യൂണിറ്റ് ഭാരവാഹികളും പ്രവർത്തകരും പരിപാടിയിൽ പങ്കാളികളായി.

# അഭിനന്ദനങ്ങൾ

## സൂര്യസാരഥിക്ക് വീണ്ടും അംഗീകാരം




സൂര്യസാരഥി

ഇന്ത്യൻ ആർമി നടത്തിയ സൈന്യ രണക്ഷേത്രം എന്ന മത്സരത്തിൽ രണ്ടാം സമ്മാനം കരസ്ഥമാക്കിയ സൂര്യസാരഥി ഇന്ത്യൻ ആർമിയുടെ കമാണ്ടർ ഇൻ ചീഫിൽ നിന്നും സമ്മാനം ഏറ്റുവാങ്ങി. ആകാശത്തുനിന്ന് റേഡിയോ തരംഗങ്ങൾ പിടിച്ചെടുത്തു അത് ഏതു ഫോണിൽ/ഡിവിസിൽ നിന്നാണ് വന്നത് എന്നു ചൂണ്ടികാട്ടുന്ന സാങ്കേതിക വിദ്യക്ക് ആയിരുന്നു സമ്മാനം. ഇതിന് മുമ്പ് യുവ ശാസ്ത്രജ്ഞൻ എന്ന നിലയിലും സൂര്യസാരഥിക്ക് രണ്ടാം സ്ഥാനം കിട്ടിയിരുന്നു. കൊല്ലം ഏഴുകോൺ സൂര്യോദയത്തിൽ ബാലാർക്കന്റെയും ഷീജാമണിയുടെയും (ഇഎസ്ഐസി ഹോസ്പിറ്റൽ എംപ്ലോയീസ് സംഘ് സംസ്ഥാന വൈസ് പ്രസിഡന്റ് (Nursing officer Esic Hospital Ezhukone - Kollam) ഇളയമകനാണ്.



ഭുവനേശ്വരിൽ നടന്ന നാഷണൽ കിക്ക് ബോക്സിങ് ചാമ്പ്യൻഷിപ്പിൽ 60KG വിഭാഗത്തിൽ സ്വർണ്ണ മെഡൽ നേടിയ വിഷ്ണു.കെ. കോഴിക്കോട്. ബി.എം.എസ് ചാത്തമംഗലം പഞ്ചായത്ത് സമിതി പ്രസിഡന്റ് കെ.വിശ്വനാഥന്റെ മകനാണ്. 2022ൽ വെങ്കല മെഡൽ നേടിയിരുന്നു.



കേരള സംസ്ഥാന സ്കൂൾ ബോക്സിങ് ചാമ്പ്യൻഷിപ്പിൽ സ്വർണ മെഡൽ നേടിയ അഭിഷേക് കൃഷ്ണ ടി.പി. ഓട്ടോറിക്ഷാ മസ്ദൂർ സംഘം കോഴിക്കോട് നോർത്ത് മേഖലാ സെക്രട്ടറി ടി.പി.ഷാജുവിന്റെ മകനാണ്.



സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഭരതനാട്യത്തിൽ എ ഗ്രേഡ് കരസ്ഥമാക്കിയ കൃഷ്ണവേണി എസ്. ബി.എം.എസ്. പാലാ മേഖലാ വൈസ് പ്രസിഡന്റ് ശ്രീജിത്തിന്റെ മകളാണ്.



വയനാട് വിംസ് മെഡിക്കൽ കോളേജിൽ നിന്നും എം.ബി.ബി.എസ്. പഠനം പൂർത്തിയാക്കിയ അഖിൽ രാജ് വി. കോഴിക്കോട് അസംഘടിത തൊഴിലാളി സംഘം പന്നിയങ്കര കൊട്ടാരം യൂണിറ്റ് അംഗം പ്രസാദ്കുമാറിന്റെ മകനാണ്.

# കോട്ടയം ജില്ലാ ഓഫീസ് ഉദ്ഘാടനം



**കോട്ടയം:** ബി.എം.എസ്. കോട്ടയം ജില്ലയുടെ നവീകരിച്ച ഓഫീസ് കെട്ടിടത്തിന്റെയും പുതിയതായി നിർമ്മിച്ച സ്വ. ആർ. വേണുഗോപാൽ സ്മാരക സഭാഗ്രഹത്തിന്റെയും ഉദ്ഘാടനം നടന്നു. ബി.എം.എസ്. ജില്ലാ പ്രസിഡന്റ് വി.എസ്. പ്രസാദിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബി.എം.എസ്. അഖിലേന്ത്യാ സെക്രട്ടറി വി. രാധാകൃഷ്ണൻ ഉദ്ഘാടന കർമം നിർവ്വഹിച്ചു.

ആർ.എസ്.എസ്. ദക്ഷിണ ക്ഷേത്ര സഹ സമ്പർക്ക പ്രമുഖ് പി.എൻ. ഹരികൃഷ്ണകുമാർ മുഖ്യപ്രഭാഷണം നടത്തി. ബി.എം.എസ്. അഖിലേന്ത്യാ പ്രവർത്തകസമിതി അംഗം കെ.കെ. വിജയകുമാർ, സംസ്ഥാന പ്രസിഡന്റ് സി.ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ, സംസ്ഥാന ഉപാധ്യക്ഷൻ, എം.പി. ചന്ദ്രശേഖരൻ, സംസ്ഥാന സംഘടനാ സെക്രട്ടറി കെ. മഹേഷ്, സംസ്ഥാന സെക്രട്ടറിമാരായ സി.ജി. ഗോപകുമാർ, സിബി വർഗീസ്, മുൻ സംസ്ഥാന പ്രസിഡന്റ് എം.എസ്. കരുണാകരൻ, ബി.ജെ.പി. ജില്ലാ പ്രസിഡന്റ് ലിജിൻ ലാൽ, ബി.എം.എസ്. ജില്ലാ സെക്രട്ടറി എസ്.എസ്. ശ്രീനിവാസപിള്ള, ജില്ലാ വൈസ് പ്രസിഡന്റ് കെ.എൻ. മോഹനൻ തുടങ്ങിയവർ പ്രസംഗിച്ചു.




**ആർ.എസ്.എസ്. ദക്ഷിണ ക്ഷേത്ര സഹ സമ്പർക്ക പ്രമുഖ് പി.എൻ. ഹരികൃഷ്ണകുമാർ മുഖ്യപ്രഭാഷണം നടത്തുന്നു.**

## സമർപ്പണ നിധി സമാഹരണം

**ഏലൂർ:** കളമശ്ശേരി മേഖലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ 60 യൂണിറ്റിന്റെ സമർപ്പണ നിധി ബി.എം.എസ്. സംസ്ഥാന പ്രസിഡന്റ് സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ ഏറ്റുവാങ്ങി. മേഖലാ പ്രസിഡന്റ് ടി.ആർ. മോഹനൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ സെക്രട്ടറി ധനീഷ് നീറിക്കോട്, ജോയിന്റ് സെക്രട്ടറിമാരായ എച്ച്. വിനോദ്, പി.വി. ശ്രീവിജി, സുമേഷ് വില്ലിയനെല്ലൂർ, മേഖലാ സെക്രട്ടറി കെ.എസ്. ഷിബു, ട്രഷറർ പി.കെ. സുദർശൻ എന്നിവർ സംസാരിച്ചു

# നേതാജിയുടെയും ആർ.എസ്.എസ്സിന്റെയും ആദർശം സമാനം: മോഹൻഭാഗവത്

**കൊൽക്കത്ത:** നേതാജി സുഭാഷ് ചന്ദ്രബോസിന്റെയും ആർ.എസ്സ്.എസ്സിന്റെയും ആദർശം സമാനമായിരുന്നുവെന്ന് സർസംഘചാലക് ഡോ. മോഹൻ ഭാഗവത്. കൊൽക്കത്ത ഷഹീദ് മിനാർ മൈതാനത്ത് നടന്ന നേതാജി ജയന്തി സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹ. രാഷ്ട്രത്തിനായി നേതാജി ജീവിതം സമർപ്പിച്ചത് എന്തെങ്കിലും പ്രതീക്ഷിച്ചുകൊണ്ടായിരുന്നില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. നേതാജിയുടെ മാർഗവും ലക്ഷ്യവും മാതൃകയാണ്, ആ ആദർശത്തെ പിന്തുടർന്ന് ഭാരതത്തെ വിശ്വഗുരുസ്ഥാനത്തെത്തിക്കുന്നതിനുള്ള പ്രയത്നമാണ് ആവശ്യമെന്ന് അദ്ദേഹം പറഞ്ഞു.

ആ സ്വപ്നങ്ങൾ ഇനിയും പൂർത്തീകരിക്കപ്പെട്ടിട്ടില്ല. ഓരോ ജയന്തിദിനത്തിലും നേതാജിയെ അനുസ്മരിക്കുന്നതുകൊണ്ട് നമ്മുടെ കടമ കഴിയുന്നില്ല. അദ്ദേഹം ജീവിതം സമർപ്പിച്ച അതേ ലക്ഷ്യത്തിലേക്ക് രാഷ്ട്രത്തെ എത്തിക്കുന്നതുവരെ വിശ്രമമില്ലാതെ പ്രവർത്തിക്കേണ്ടതുണ്ട്. കാലം മാറിയിട്ടുണ്ടാകാം, സാഹചര്യങ്ങളും മാറിയേക്കാം. എന്നാൽ ലക്ഷ്യത്തിൽ മാറ്റമില്ല.

നേതാജി ആദ്യം കോൺഗ്രസിനോടൊപ്പമാണ് പ്രവർത്തിച്ചത്. സത്യഗ്രഹസമരമായിരുന്നു വഴി. എന്നാൽ പിന്നീട് സ്വാതന്ത്ര്യം നേടിയെടുക്കുന്നതിന് അതുപോരാ എന്ന് തോന്നി. വഴിമാറി സ്വന്തം വഴി കണ്ടെത്തി. പക്ഷേ, ലക്ഷ്യം മാറിയില്ല. ആ ലക്ഷ്യം രാഷ്ട്രത്തിന്റെ സമ്പൂർണ സ്വാതന്ത്ര്യമാണ്. അത് നമ്മുടെയും ലക്ഷ്യമാണ്.



"ഇന്ത്യ ലോകത്തിന്റെ ചെറിയ പതിപ്പാണെന്നും ലോകത്തിന് ആശ്വാസം പകരുക ഇന്ത്യയുടെ കടമയാണെന്നും" നേതാജി പറഞ്ഞിട്ടുണ്ട്. നമുക്ക് ആ വാക്കുകളെ ഓർക്കാം. അതേ പാതയിൽ സഞ്ചരിക്കാം, സർസംഘചാലക് പറഞ്ഞു.

# നേതാജി ചിരഞ്ജീവി

**- ദത്താത്രേയ ഹൊസബാളെ**



**മണിപ്പൂരിലെ ഐഎൻഎ മെമ്മോറിയൽ കോംപ്ലക്സ് മ്യൂസിയത്തിലെ സന്ദർശക പുസ്തകത്തിൽ ആർ.എസ്.എസ്. സർകാര്യവാഹ് ദത്താത്രേയ ഹൊസബാളെ സന്ദേശം കുറിക്കുന്നു.**

**ഇംഫാൽ:** നേതാജി സുഭാഷ് ചന്ദ്രബോസ് ഭാരതത്തിന്റെ ചിരഞ്ജീവിയായ നേതാവാണെന്ന് ആർ.എസ്.എസ്. സർകാര്യവാഹ് ദത്താത്രേയ ഹൊസബാളെ. ഇംഫാൽ ജിപി വിമൻസ് കോളജിൽ മണിപ്പൂർ ഇന്റലക്ചൽ ഫോറം ഓഫ് നോർത്ത് ഈസ്റ്റ് സംഘടിപ്പിച്ച നേതാജി ജയന്തി സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ചരിത്രത്തിന്റെ താളുകൾ ഭാരതീയ യുവത്വത്തിന്റെ ത്യാഗങ്ങളാൽ നിറഞ്ഞതാണെന്ന് ജീവിതം കൊണ്ട് നമ്മെ ഓർമ്മിപ്പിച്ച അനേകം ദേശസ്നേഹികൾക്ക് മാതൃകയായിരുന്നു നേതാജി. 'ഞങ്ങൾ നിങ്ങളുടെ നാളേയ്ക്ക് വേണ്ടി ഞങ്ങളുടെ ഇന്നിനെ ബലിയർപ്പിക്കുന്നു' എന്ന് മൊയ്റാങ്ങിലെ നേതാജി സ്മാരകത്തിൽ എഴുതിവച്ചിട്ടുണ്ട്. ഭാരതീയ വിപ്ലവകാരികളുടെ ആദർശം ആത്മീയതയായിരുന്നു. സ്വാമി വിവേകാനന്ദനും നിവേദിതയും അവർക്ക് പ്രേരണയായി. ഗീതാരഹസ്യം എഴുതിയ തിലകനും വിപ്ലവകാരിയായി ജീവിതം ആരംഭിച്ച മഹർഷി അരവിന്ദനും മാതൃകകളായി. ആത്മീയതയുടെ ആഴത്തിലുള്ള മുദ്ര ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ അടയാളമാണ്. നേതാജി ഒട്ടും വ്യത്യസ്തനായിരുന്നില്ല. നിർഭയത്വവും ആത്മീയ സ്നേഹവുമായിരുന്നു അദ്ദേഹത്തിന്റെ മുഖമുദ്ര. തന്റെ ദൗത്യത്തിന് അനുഗ്രഹം തേടി അദ്ദേഹം ഗാന്ധിജിക്ക് കത്തയച്ചു. കോൺഗ്രസ് വിട്ടിട്ടും ഗാന്ധിജിയോട് അദ്ദേഹത്തിന് അടങ്ങാത്ത സ്നേഹമായിരുന്നു. അക്കാലത്ത് സ്ത്രീകൾക്കായി ഐഎൻഎയിൽ ഒരു റെജിമെന്റ് നേതാജി രൂപീകരിച്ചു. അതിന് റാണി ലക്ഷ്മി റെജിമെന്റ് എന്ന് അദ്ദേഹം പേരിട്ടു.

# ആദരാഞ്ജലികൾ



**പി.സുശീൽ ബാബു**,പരപ്പനങ്ങാടി
ദീർഘകാലം കേരള ഗ്രാമീൺ ബാങ്കിൽ ബി.എം.എസിന്റെ വിവിധ ചുമതലകൾ വഹിച്ചിരുന്നു.



**കെ.എൻ.അരവിന്ദാക്ഷൻ**
ബി.എം.എസ്. വൈക്കം മേഖല ട്രഷറർ, മേഖല വൈ പ്രസിഡന്റ് എന്നീ ചുമതലകൾ വഹിച്ചിരുന്നു.



**കുഞ്ഞമ്മു**
ബി.എം.എസ്. മലപ്പുറം ജില്ലാ ട്രഷറർ പി.മോഹനന്റെ മാതാവ്



**ഗീത**
നിർമ്മാണ തൊഴിലാളി സംഘം ബി എം എസ് മുള്ളേരിയ മേഖല കമ്മിറ്റി അംഗമാണ്.



**തങ്കമ്മ സുകുമാരൻ**
ബിഎംഎസ് എടത്വമേഖലാ സെക്രട്ടറി മധുസൂദനന്റെ മാതാവ്.



**ശാന്തകുമാരി**
എസ്റ്റേറ്റ് മസ്ദൂർ സംഘം തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് കെ.ജി. അശോക് കുമാറിന്റെ മാതാവ്.



**മാത**
ബിഎംഎസ് കോഴിക്കോട് ജില്ലാ സെക്രട്ടറി ടി.എം.പ്രശാന്തിന്റെ മുത്തശ്ശി.



**രാധാമണിയമ്മ**
ബിഎംഎസ് പത്തനംതിട്ട ജില്ലാ വൈസ്പ്രസിഡന്റ് വി.ജി.ശ്രീകാന്തിന്റെ മാതാവ്.



**അംബുജാക്ഷി**
ബിഎംഎസ് പത്തനംതിട്ട ജില്ലാ വൈസ്പ്രസിഡന്റ് പി.എസ്.ശശിയുടെ മാതാവ്.




കേരള വൈദ്യുതി മസ്ദൂർ സംഘം  കെ.എസ്.ഇ.ബി. പാലക്കാട് ഡിവിഷൻ ഓഫീസിനുമുന്നിൽ നടത്തിയ ധർണ്ണ കെ.എസ്.ടി. എംപ്ലോയീസ് സംഘ് സംസ്ഥാന വർക്കിങ് പ്രസിഡന്റ് കെ.രാജേഷ് ഉദ്ഘാടനം ചെയ്യുന്നു.



ചേരാനല്ലൂർ നെസ്റ്റ്ലെ യൂണിറ്റിന്റെ സമർപ്പണ നിധി യൂണിറ്റ് പ്രസിഡന്റ് മുജീബിൽ നിന്നും ബി.എം.എസ് എറണാകുളം ജില്ലാ പ്രസിഡന്റ് കെ വിനോദ് കുമാർ സ്വീകരിക്കുന്നു.



കോഴിക്കോട്ട് ചേർന്ന മസ്ദൂർ ഭാരതി ജില്ലാ ഇൻചാർജ് മാരുടെ യോഗത്തിൽ മസ്ദൂർ ഭാരതി എഡിറ്ററും ബി.എം.എസ്. ദേശീയ സമിതിയംഗവുമായ കെ.കെ.വിജയകുമാർ സംസാരിക്കുന്നു.

# മസ്ദൂർ ഭാരതി പ്രചാര പ്രവർത്തനം ആരംഭിച്ചു.



ഭാരതീയ പ്രൈവറ്റ് ടെലികോം മസ്ദൂർ സംഘിന്റെ നേതൃത്വത്തിൽ
മസ്ദൂർഭാരതി പ്രചാര പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ



ചെങ്ങന്നൂർ മഹാദേവ ക്ഷേത്ര ഉപദേശക സമിതി പ്രസിഡന്റ് എസ്.വി പ്രസാദിനെ ബി.എം.എസ് ആലപ്പുഴ ജില്ലാ ഉപാധ്യക്ഷൻ സദാശിവൻ പിള്ള മസ്ദൂർ ഭാരതി വരിക്കാര നായി ചേർക്കുന്നു.



ബി.എം.എസ്. തൃപ്പൂണിത്തുറ മേഖലാ പ്രസിഡന്റ് എം.കെ.സഹജൻ, കാർഗോ മാർ സി.എഫ്.ഒ ശർമ്മയെ വരിക്കാരനായി ചേർക്കുന്നു.

# ആശ്രിത നിയമനം ഇല്ലാതാക്കാനുള്ള നീക്കം ഉപേക്ഷിക്കണം

## - ഫെറ്റോ

**തിരുവനന്തപുരം:** സർക്കാർ ജീവനക്കാരുടെ ആശ്രിത നിയമനത്തിൽ മാറ്റം വരുത്തി നിലവിലുള്ള ആനുകൂല്യം ഇല്ലാതാക്കാനുള്ള ശ്രമം ഉപേക്ഷിക്കണമെന്ന് ചീഫ് സെക്രട്ടറിക്ക് നൽകിയ നിവേദനത്തിൽ ഫെറ്റോ സംസ്ഥാന പ്രസിഡന്റ് എസ്.കെ. ജയകുമാറും ജനറൽ സെക്രട്ടറി പി.എസ്. ഗോപകുമാറും ആവശ്യപ്പെട്ടു.

നൂറിലധികം പേർ പങ്കെടുത്ത ചർച്ച വെറും പ്രഹസനമായി അലങ്കോലപ്പെട്ടതിനെ തുടർന്നാണ് ഫെറ്റോ നിവേദനം നൽകിയത്. ജീവനക്കാരുടെ കുടുംബങ്ങൾക്ക് സിവിൽ സർവീസിൽ ലഭിക്കുന്ന പ്രധാന ആനുകൂല്യമാണ് ആശ്രിത നിയമനം എന്നുള്ളത്. സർക്കാർ ജോലിയുടെ മൂല്യം ഏതാനും ലക്ഷങ്ങൾകൊണ്ട് അളക്കാവുന്നതല്ല. ആശ്രിത നിയമനത്തിന് ഒഴിവിന്റെ 5% മാത്രമെ പാടുള്ളുവെന്ന കോടതി വിധിപ്രകാരം പോലും നിലവിലുള്ള നിയമനത്തിന് മാറ്റം വരുത്തേണ്ടി വരില്ല. സർക്കാരിന്റെ പിടിപ്പുകേട് മൂലമാണ് ചില വകുപ്പുകളിൽ ആശ്രിത നിയമനത്തിന് അപേക്ഷകർ കൂടുതലായിട്ട് വരുന്നത്. എൻട്രി കേഡറിലുള്ള കൂടുതൽ ക്ലാസ് ത്രീ, ക്ലാസ് ഫോർ തസ്തികകളിൽ കൂടി നിയമന ശുപാർശ ഉണ്ടായാൽ അപേക്ഷകരെ യഥാസമയം പരിഗണിക്കാനാവും. അപേക്ഷകർക്ക് കാലാവധി നിശ്ചയിക്കുന്ന നടപടിയും ഒഴിവാക്കപ്പെടേണ്ടതാണ്.

4-ാം ശനിയാഴ്ച അവധി ദിവസമാക്കി കാഷ്വൽ ലീവ് വെട്ടി ചുരുക്കാൻ പാടില്ലായെന്നും കേന്ദ്ര സർക്കാർ ഓഫീസുകൾക്ക് നൽകുന്ന രീതിയിൽ എല്ലാ ശനിയാഴ്ചയും അവധി നൽകി പ്രവൃത്തി സമയം ഒരു മണിക്കൂർ വർധിപ്പിക്കാമെന്നും ഫോറ്റോ ആവശ്യപ്പെട്ടു. ചീഫ് സെക്രട്ടറി ഓൺലൈൻ മീറ്റിംഗ് വിളിച്ച് ചർച്ച ചെയ്യുന്ന രീതി അവസാനിപ്പിക്കണമെന്നും ജീവനക്കാരെ ബാധിക്കുന്ന ഒട്ടനവധി വിഷയങ്ങൾ നിലവിലുള്ളതിനാൽ നേരിട്ട് യോഗം വിളിക്കണമെന്നും ഫെറ്റോ ചർച്ചയിൽ ആവശ്യപ്പെട്ടു.

# ശക്തമായ പ്രതിഷേധം: ഉത്തരവ് മരവിപ്പിച്ചു

സംസ്ഥാന ധനകാര്യ വകുപ്പ് 28-04-2022-ന് പുറപ്പെടുവിച്ച (സ. ഉ(കൈ) നം. 68/2022) ഉത്തരവ് തൊഴിലാളികളുടെ ശക്തമായ എതിർപ്പ്മൂലം താൽക്കാലികമായി മരവിപ്പിച്ചു. സർക്കാർ സഹായത്തോടെയും തനത് ഫണ്ട് ഉപയോഗിച്ചും പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോഡുകളിലെ പെൻഷൻ ഗുണഭോക്താക്കൾക്ക് അവർ പെൻഷന് അപേക്ഷ നൽകി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ/ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഡിജിറ്റൽ ഒപ്പു വെയ്ക്കുന്ന മാസം മുതൽക്കേ ക്ഷേമനിധി ബോർഡ് പെൻഷൻ ലഭിക്കാൻ അർഹതയുള്ളു എന്നും ബന്ധപ്പെട്ട ക്ഷേമനിധി ബോർഡുകൾ തങ്ങളുടെ നിയമാവലിയിൽ ഇതിലേക്കാവശ്യമായ മാറ്റങ്ങൾ വരുത്തണമെന്നും ആയിരുന്നു ഉത്തരവ്.

പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾക്കെതിരെ ഭാരതീയ മസ്ദൂർ സംഘത്തിന്റെ അഫിലിയേറ്റഡ് യൂണിയനുകൾ സംസ്ഥാന വ്യാപകമായി പ്രക്ഷോഭം സംഘടിപ്പിച്ചിരുന്നു. ഭരണകക്ഷി യൂണിയനുകൾക്കുപോലും സമരരംഗത്ത് ഇറങ്ങേണ്ടതായിവന്നു. ഒടുവിൽ 06-01-2023-ന് പുറപ്പെടുവിച്ച (സ. ഉ. (കൈ) 06/2023/ധനം) ഉത്തരവനുസരിച്ച്, പെൻഷൻ അപേക്ഷ സമർപ്പിച്ച മാസം/പെൻഷൻ അർഹത നേടുന്ന മാസം മുതൽ പെൻഷൻ ലഭ്യമായിരിക്കും.

## ചെത്തുതൊഴിലാളി പെൻഷൻ

# സേവനകാലയളവ് വർദ്ധിപ്പിക്കാനുള്ള തീരുമാനം പിൻവലിക്കണം

**ആലപ്പുഴ** : 20 വർഷം ജോലിചെയ്താൽ മാത്രമേ പെൻഷൻ ലഭിക്കുകയുള്ളു എന്ന ക്ഷേമ ബോർഡിന്റെ തീരുമാനം സർക്കാർ തള്ളിക്കളയണമെന്നും നിലവിലെ പത്ത് വർഷകാലാവധി തന്നെ ആക്കി പെൻഷൻ നൽകണമെന്നും കേരള പ്രദേശ് ടോഡി & അബ്കാരി മസ്ദൂർ ഫെഡറേഷൻ കേരള സർക്കാരിനോട് ആവശ്യപ്പെട്ടു. ആലപ്പുഴ ബി.എം.എസ്. സഭാഗൃഹത്തിൽ ചേർന്ന യോഗത്തിൽ ഫെഡറേഷൻ പ്രസിഡന്റ് പി.എസ്. ശശി അധ്യക്ഷത വഹിച്ചു. ബി.എം.എസ്. സംസ്ഥാന വൈസ് പ്രസിഡന്റ് എം.പി. ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്തു. ഫെഡറേഷൻ ജനറൽ സെക്രട്ടറി സി. ഗോപകുമാർ, ബി. രാജശേഖരൻ, രവീന്ദ്രൻ, ബി.എം.എസ്. ജില്ലാ സെക്രട്ടറി ബിനീഷ് ബോയ് എന്നിവർ സംസാരിച്ചു.

## ബിപിഎൽ ടെലികോം

# പ്രതിസന്ധി പരിഹരിക്കാൻ സത്വര നടപടികൾ സ്വീകരിക്കണം

**പാലക്കാട്** : പാലക്കാട്ടെ ബി.പി.എൽ. ടെലികോം കമ്പനിയിലെ പ്രതിസന്ധി പരിഹരിക്കാൻ സർക്കാരും തൊഴിൽ വകുപ്പും സത്വര നടപടികൾ സ്വീകരിക്കണമെന്ന് ബി.എം.എസ്. ജില്ലാ സെക്രട്ടറി വി. രാജേഷ് ആവശ്യപ്പെട്ടു. ബി.പി.എൽ. ടെലികോം യൂണിറ്റ് വാർഷിക സമ്മേളനം പാലക്കാട് ബി.എം.എസ്. ജില്ലാ കാര്യാലയത്തിൽ വച്ച് ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ബി.എം.എസ്. ജില്ലാ ജോയിന്റ് സെക്രട്ടറി വി. ശിവദാസ്, യൂണിയൻ ജനറൽ സെക്രട്ടറി പി.ജി. ശശിധരൻ എന്നിവർ പ്രസംഗിച്ചു. പുതിയ ഭാരവാഹികളായി പ്രതിഭ പി. (പ്രസിഡന്റ്), റീന കെ. (വൈസ് പ്രസിഡന്റ്), കെ. രമ്യ (സെക്രട്ടറി), ഗ്രേസി വി.ജെ. (ജോ. സെക്രട്ടറി), നിർമ്മല കെ. (ഖജാൻജി) എന്നിവരെ തെരഞ്ഞെടുത്തു.




**സംസ്ഥാനസർക്കാർ പെട്രോളിനും ഡീസലിനും രണ്ടുരൂപ സെസ് ഏർപ്പെടുത്തിയതിനെതിരെ ബിഎംഎസ് തൃശ്ശൂർ മേഖലയിൽ നടത്തിയ പ്രതിഷേധ പ്രകടനം.**

# പിണറായി സർക്കാർ കെ.എസ്.ആർ.ടി.സി.യുടെ അടിവേരറുക്കുന്നു

## – കെ.എസ്.ടി. എംപ്ലോയീസ് സംഘ്

**കോഴിക്കോട്** – പിണറായി സർക്കാർ കെ.എസ്.ആർ.ടി.സിയെ മുച്ചൂടും നശിപ്പിക്കുകയാണെന്നും ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സിയെ സ്വകാര്യ വല്ക്കരിക്കുകയാണ് കേരളത്തിലെ കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ ലക്ഷ്യമെന്നും കെ.എസ്.ടി. എംപ്ലോയീസ് സംഘ് സംസ്ഥാന ജനറൽ സെക്രട്ടറി എസ്. അജയകുമാർ ആരോപിച്ചു.

ജീവനക്കാരുടെ ശമ്പളവിതരണം അകാരണമായി നീട്ടിക്കൊണ്ടു പോവുകയും അവരുടെ ശമ്പളത്തിൽനിന്നും പിടിക്കുന്ന ഇൻഷൂറൻസ് തുക യഥാസമയം അടയ്ക്കാതെ ജീവനക്കാരുടെ മരണാനുകൂല്യംപോലും നിഷേധിക്കുന്ന കമ്മ്യൂണിസ്റ്റ് സർക്കാരിന് കടുത്ത വെല്ലുവിളിയുയർത്തിക്കൊണ്ട് തൊഴിലാളികളോടൊപ്പം ചേർന്നു നില്ക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. കെ.എസ്.ടി. എംപ്ലോയീസ് സംഘിന്റെ നേതൃത്വത്തിൽ കോഴിക്കോട് ഡിപ്പോയിൽ നടന്ന ജനകീയ സദസ്സ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കോഴിക്കോട് യൂണിറ്റ് സെക്രട്ടറി എ.എസ്. പ്രബീഷ്കുമാർ അധ്യക്ഷത വഹിച്ചു. സംസ്ഥാന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി പ്രദീപ് വി. നായർ, സംസ്ഥാന സെക്രട്ടറിമാരായ എസ്. ഹരീഷ് കുമാർ, കെ. സജിത്ത് കുമാർ, ശ്രീമതി കെ.ആർ. ഇന്ദു, ജില്ലാ പ്രസിഡന്റ് എ. ശശീന്ദ്രൻ, ജില്ലാ സെക്രട്ടറി കെ.കെ. വിനയൻ എന്നിവർ സംസാരിച്ചു.

സി.പി. രാജീവ് സ്വാഗതവും രതീഷ് സി.പി. നന്ദിയും പറഞ്ഞു. കെ.ഇ. സുരേഷ് ബാബു എൻ.പി. സനീഷ് കുമാർ, ജിതേഷ് പി.കെ., എം.പി. ഗിനീഷ്, ജയജിത്ത് കെ.പി. എന്നിവർ നേതൃത്വം നൽകി.



**കെ.എസ്.ടി. എംപ്ലോയീസ് സംഘിന്റെ നേതൃത്വത്തിൽ കോഴിക്കോട് ഡിപ്പോയിൽ നടന്ന ജനകീയ സദസ്സ് സംസ്ഥാന ജനറൽ സെക്രട്ടറി എസ്. അജയകുമാർ ഉദ്ഘാടനം ചെയ്യുന്നു.**



**മുൻ സി.ഐ.ടി.യു അംഗം വർഗീസ് ജോൺ**
**ബി.എം.എസ് സംസ്ഥാന വൈസ് പ്രസിഡന്റ് എം.പി. ചന്ദ്രശേഖരനിൽ നിന്നും**
**ബി.എം.എസ് അംഗത്വം സ്വീകരിക്കുന്നു.**

# ഉപഭോക്തൃവില സൂചിക

കേരളത്തിലെ വിവിധ കേന്ദ്രങ്ങളിലെ 2022 ഒക്ടോബർ,നവംബർ മാസങ്ങളിലെ വില സൂചിക ഔദ്യോഗികമായി പ്രഖ്യാപിച്ച പട്ടികയാണ് ചുവടെ ചേർക്കുന്നത്. Department of economics and statistics Trivandrum Dated 21-01-2022 അടിസ്ഥാനവർഷം 1998 – 99 = 100

പഴയ സീരീസ് അനുസരിച്ച്

| | | ലിങ്കിങ് ഫാക്ടർ | വിലസൂചിക | | വിലസൂചിക | |
|---|---|---|---|---|---|---|
| | | | അടിസ്ഥാനവർഷം: 2011-12=100 | | അടിസ്ഥാനവർഷം: 1998-99=100 | |
| Sl. No. | സെന്റർ | | 2022 ഒക്ടോബർ | 2022 നവംബർ | 2022 ഒക്ടോബർ | 2022 നവംബർ |
| 1. | തിരുവനന്തപുരം | 2.11 | 192 | 191 | 405 | 403 |
| 2. | കൊല്ലം | 2.09 | 187 | 188 | 391 | 393 |
| 3. | പുനലൂർ | 2.10 | 195 | 193 | 410 | 405 |
| 4. | പത്തനംതിട്ട | 2.03 | 205 | 202 | 416 | 410 |
| 5. | ആലപ്പുഴ | 2.05 | 190 | 191 | 390 | 392 |
| 6. | കോട്ടയം | 2.08 | 195 | 196 | 406 | 408 |
| 7. | മുണ്ടക്കയം | 2.17 | 188 | 188 | 408 | 408 |
| 8. | ഇടുക്കി | 1.97 | 194 | 191 | 382 | 376 |
| 9. | എറണാകുളം | 2.03 | 189 | 189 | 384 | 384 |
| 10. | ചാലക്കുടി | 2.00 | 207 | 206 | 414 | 412 |
| 11. | തൃശൂർ | 1.87 | 200 | 199 | 374 | 372 |
| 12. | പാലക്കാട് | 2.09 | 184 | 183 | 385 | 382 |
| 13. | മലപ്പുറം | 2.00 | 186 | 187 | 372 | 374 |
| 14. | കോഴിക്കോട് | 2.02 | 192 | 194 | 388 | 392 |
| 15. | വയനാട് | 1.93 | 189 | 188 | 365 | 363 |
| 16. | കണ്ണൂർ | 2.02 | 195 | 195 | 394 | 394 |
| 17. | കാസർഗോഡ് | 2.05 | 194 | 195 | 398 | 400 |

# ഭാരത പദ്മങ്ങൾ

## ആറ് പദ്മവിഭൂഷൺ, 9 പദ്മഭൂഷൺ, 91 പദ്മശ്രീ

**ഡോ. സി.ഐ. ഐസക്, ഗാന്ധിയൻ വി.പി. അപ്പുക്കുട്ടൻ പൊതുവാൾ, ചെറുവയൽ കെ. രാമൻ, എസ്.ആർ.ഡി. പ്രസാദ് എന്നിവർക്ക് പദ്മശ്രീ.**

## പദ്മശ്രീ ലഭിച്ച മലയാളികൾ



ഡോ. സി.ഐ. ഐസക്,   എസ്.ആർ.ഡി. പ്രസാദ്   ചെറുവയൽ കെ. രാമൻ   ഗാന്ധിയൻ വി.പി. അപ്പുക്കുട്ടൻ പൊതുവാൾ

ന്യൂഡൽഹി: ഒആർഎസ് ഗുരു ഡോ. ദിലീപ് മഹലനോബിസ്, യു.പി. മുൻമുഖ്യമന്ത്രി മുലായം സിങ് യാദവ്, എസ്.എം. കൃഷ്ണ, ശ്രീനിവാസ ഭരതൻ, ബാൽകൃഷ്ണ ദോഷി, സക്കീർ ഹുസൈൻ എന്നിവർക്ക് പദ്മ വിഭൂഷൺ, നാല് മലയാളികളടക്കം 91 പേർക്ക് പദ്മശ്രീ ആദരം, ചരിത്രകാരൻ ഡോ. സി. ഐ. ഐസക്, ഗാന്ധിയൻ വി.പി. അപ്പുക്കുട്ടൻ പൊതുവാൾ, നെൽവിത്തുകളുടെ സംരക്ഷകൻ, ചെറുവയൽ കെ. രാമൻ, കളരിഗുരുക്കൾ എസ്.ആർ.ഡി പ്രസാദ് എന്നിവരാണ് പദ്മശ്രീ നേടി. കേരളത്തിന്റെ അഭിമാനമായത്.

ഡോ. ദിലീപ് മഹലനോബിസ്, യു.പി. മുൻ മുഖ്യമന്ത്രി മുലായം സിങ് യാദവ്, ബാൽകൃഷ്ണ ദോഷി എന്നിവർക്ക് മരണാനന്തര ബഹുമതിയായാണ് പദ്മവിഭൂഷൺ നല്കുന്നത്. നോവലിസ്റ്റ് എസ്.എൽ. ഭൈരപ്പ, ഗായിക വാണി ജയറാം, സുധ മൂർത്തി എന്നിവരുൾപ്പെടെ ഒൻപത് പേർ പദ്മഭൂഷണും അർഹരായി.

സാഹിത്യ-വിദ്യാഭ്യാസ മേഖലയില സംഭാവനയ്ക്കാണ് ഡോ. സി. ഐ. ഐസക്കിന് പുരസ്കാരം. ചരിത്രകാരനും ഐസിഎച്ച്ആർ അംഗവുമാണ് കോട്ടയം തെള്ളകം സ്വദേശിയായ ഡോ. സി.ഐ. ഐസക്, ഭാരതീയ വിചാരകേന്ദ്രം മുൻ വർക്കിങ്ങ് പ്രസിഡന്റും നിലവിൽ സംസ്ഥാന സമിതി അംഗവുമാണ്.

സാമൂഹ്യസേവനപ്രവർത്തന രംഗത്തെ സംഭാവനയ്ക്കാണ് വി. പി. അപ്പുക്കുട്ടൻ പൊതുവാളിന് പുരസ്കാരം. കായികമേഖലയിലെ സംഭാവനകൾക്ക് എസ്.ആർ.ഡി. പ്രസാദിനും കാർഷികമേഖലയിലെ സംഭാവനകൾക്ക് ചെറുവയൽ കെ. രാമനും പദ്മശ്രീ ലഭിച്ചു.

അപൂർവ്വനെൽ വിത്തിനങ്ങളുടെ സംരക്ഷകനാണ് മാനന്തവാടി കമ്മനയിലെ വനവാസി കർഷകൻ ചെറുവയൽ കെ. രാമൻ. മാനന്തവാടിക്കടുത്ത് കമ്മനം ഗ്രാമത്തിലെ ചെറുവയൽ തറവാട്ടിൽ കുറിച്യ കാരണവരാണ് ചെറുവയൽ രാമൻ എന്ന കർഷകൻ. 73 കാരനായ രാമൻ 56-ഓളം നെൽവിത്തുകളുടെ സംരക്ഷകനാണ്. അഞ്ചാംക്ലാസ് വിദ്യാഭ്യാസം മാത്രമുള്ള രാമൻ കാർഷിക സർവകലാശാലയിലെ സെനറ്റ് അംഗമായിരുന്നു.

ഗാന്ധിയനും ഖാദി പ്രചാരകനുമാണ് പയ്യന്നൂർ സ്വദേശിയായ വി.പി. അപ്പുക്കുട്ടൻ പൊതുവാൾ. നൂറാം വയസ്സിലാണ് വി.പി. അപ്പുക്കുട്ടൻ പൊതുവാളിനെതേടി പദ്മശ്രീ എത്തുന്നത്. 1934 ജനുവരി 12ന് പയ്യന്നൂരിൽ ഗാന്ധിജിയെ നേരിൽകണ്ടതാണ് പതിനൊന്നാം വയസ്സിൽ അദ്ദേഹത്തിന്റെ ജീവിതം വഴിതിരിച്ചത്. സ്വാതന്ത്ര്യസമര സേനാനി വി.പി. ശ്രീകണ്ഠപ്പൊതുവാളാണ് വഴികാട്ടി. 1930-ൽ ഉപ്പുസത്യഗ്രഹം നേരിട്ടു കണ്ടു. പിന്നെ സ്വാതന്ത്ര്യസമരത്തോടൊപ്പം കൂടി. വിദ്യാർത്ഥി പ്രസ്ഥാനത്തിൽ പങ്കുചേർന്നു. ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭത്തിൽ അണിചേർനനു. 1957-ൽ കേളപ്പജി സജീവ രാഷ്ട്രീയം ഉപേക്ഷിച്ചപ്പോൾ പൊതുവാളും രാഷ്ട്രീയം വിട്ടു. ഗാന്ധിജീവിതം തുടർന്നു. പൊളിറ്റിക്കൽ സയൻസിൽ എം.എ. ബിരുദം നേടി.

ഭഗവദ്ഗീത: ആത്മവികാസത്തിന്റെ ശാസ്ത്രം, ഗാന്ധിയൻ ദർശനത്തിലെ ആത്മീയത എന്നീ പുസ്തകങ്ങൾ രചിച്ചു. പരേതനായ കരിപ്പത്ത് കമ്മാരപ്പൊതുവാളിന്റെയും വി.പി. സുഭദ്രാമ്മയുടെയും മകനാണ്.

# ലോകവേദികളിൽ ഇന്ത്യയ്ക്ക് ആദരം

## - രാഷ്ട്രപതി



**ന്യൂഡൽഹി:** ലോക വേദിയിൽ നേടിയെടുത്ത ആദരവ് ഇന്ത്യയ്ക്ക് പുതിയ അവസരങ്ങളും ഉത്തരവാദിത്വങ്ങളും നൽകുന്നതായി രാഷ്ട്രപതി ദ്രൗപതി മുർമു. റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് രാഷ്ട്രത്തോട് സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. ഈ വർഷത്തെ ജി 20 അധ്യക്ഷസ്ഥാനം ഇന്ത്യ വഹിക്കുന്നത് ഇതിന് ഉദാഹരണമാണ്. ലോകവേദികളിലെ നമ്മുടെ ഇടപെടലുകളാണ് മാറ്റത്തിന് കാരണം. ജി 20 അധ്യക്ഷസ്ഥാനം കൂടുതൽ സമത്വമുള്ള സുസ്ഥിരമായ ഒരു ലോകക്രമം കെട്ടിപ്പടുക്കാൻ നേതൃത്വം നൽകുന്നതിന് രാജ്യത്തെ സഹായിക്കും. ആഗോള വെല്ലുവിളികൾ ഈ വേദിയിൽ ചർച്ച ചെയ്ത് പരിഹരിക്കാൻ ശ്രമിക്കും. ലോകജനസംഖ്യയുടെ മുന്നിൽ രണ്ടും ജി.ഡി.പിയുടെ 85 ശതമാനവും ജി 20 രാജ്യങ്ങളിലാണ്. സ്വാതന്ത്ര്യം നേടുമ്പോൾ ദരിദ്രവും നിരക്ഷരവുമായ രാഷ്ട്രമായിരുന്ന ഇന്ത്യ ഇന്ന് ലോകവേദിയിൽ മുന്നേറുന്ന ആത്മവിശ്വാസമുള്ള രാഷ്ട്രമായി മാറി. മഹാത്മജിയുടെ സർവോദയ എന്ന ആദർശം സാക്ഷാത്കരിക്കാൻ ഇനിയും ഏറെ ചെയ്യാനുണ്ട്. ഇന്ത്യ അഞ്ചാമത്തെ സാമ്പത്തിക ശക്തിയായത് സർവോദയദൗത്യത്തിൽ നാം കൈവരിച്ച നേട്ടങ്ങളുടെ ഉദാഹരണമാണ്. ആത്മനിർഭർ ഭാരത് വലിയ പ്രതികരണമാണുണ്ടാക്കിയത്. ജനാധിപത്യത്തിന് വഴികാട്ടിയായ ഭരണഘടന അംഗീകരിക്കേണ്ടത് ഓരോ പൗരന്റെയും കടമയാണ്. ഭരണഘടനാ ശില്പി അംബേദ്കറോട് രാഷ്ട്രത്തിന് എന്നും നന്ദിയുണ്ടായിരിക്കും. രാഷ്ട്ര നിർമ്മാണത്തിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം നൽകണം. ചൊവ്വ ദൗത്യസംഘത്തിന് കരുത്ത് പകരുന്നവരിൽ സ്ത്രീകളുമുണ്ട്. നാളത്തെ ഇന്ത്യയെ രൂപപ്പെടുത്തുന്നതിൽ സ്ത്രീകൾ ക്കാണ് വലിയ പങ്ക്. രാജ്യത്തിനുവേണ്ടി എല്ലാം ത്യജിച്ച് അതിർത്തിയിൽ കാവൽനിൽക്കുന്ന സൈനികരെ പ്രത്യേകം അഭിനന്ദിക്കുകയാണ്. രാജ്യത്തെ പ്രാപ്തമാക്കുന്ന കർഷകർ, തൊഴിലാളികൾ, ശാസ്ത്രജ്ഞർ, നാടിന്റെ അംബാസഡർമാരായ പ്രവാസികൾ എന്നിവരെയും അഭിനന്ദിക്കുന്നുവെന്ന് അവർ പറഞ്ഞു. നാടിനുവേണ്ടി ജീവൻ ത്യജിച്ച എല്ലാ സേനകളിലെയും ധീര ഹൃദയരെ താൻ അഭിവാദ്യം ചെയ്യുന്നു - രാഷ്ട്പതി പറഞ്ഞു.